# പഞ്ചായത്ത് രാജ്

പുസ്തകം 55 ◆ ലക്കം 10 | പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം | ജനുവരി 2016




## ഇന്ത്യൻ ജനാധിപത്യം നീണാൾ വാഴട്ടെ





## വിവര വിനിമയ പ്രചാരണ പരിപാടിക്ക് തുടക്കമായി

## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**

മാലിന്യമുക്ത കേരളം



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

ജനുവരി 2016

## ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 അവകാശതുല്യതയും സ്ത്രീയും
ഡോ. എം.കെ. മുനീർ

8 വിവര വിനിമയ പ്രചാരണ പരിപാടി





10 സിവിൽ രജിസ്ട്രേഷൻ സിസ്റ്റം
ഏകദിന ശില്പശാല 2015-2016

11 ഇന്ത്യൻ ജനാധിപത്യം നീണാൾ വാഴട്ടെ
ഡോ. എം.വി. തോമസ്





15 കാർഷിക രംഗത്തെ
തൊഴിൽ സാധ്യതമേഖലകൾ
എം.എ. സുധീർബാബു





19 പെൺകുട്ടികളല്ലേ നമുക്ക് വേണ്ടത്?
ടി. ഷാഹുൽ ഹമീദ്





22 അധികാര വികേന്ദ്രീകരണത്തിന്റെ
രണ്ട് പതിറ്റാണ്ടുകൾ, നേട്ടങ്ങൾ,
പരിമിതികൾ പരിഹാരങ്ങൾ
രശ്മി മോഹൻ

27 വിവാഹ രജിസ്ട്രേഷൻ
സുദേനൻ എസ്.

31 കേരള ലോക്കൽ ഗവൺമെന്റ്
സർവീസ് ഡെലിവറി പ്രോജക്ട്

35 വേങ്ങരഗ്രാമപഞ്ചായത്ത്
മികവിലേക്ക് ചുവട് വെക്കുമ്പോൾ





37 കരകുളം ഗ്രാമപഞ്ചായത്ത് 2014-15ൽ നടപ്പി
ലാക്കിയ നൂതന പദ്ധതികൾ





41 100 പഞ്ചായത്തുകൾ മാർച്ച് 31-ന് മുമ്പ്
സമ്പൂർണ ഇ-സാക്ഷരത നേടും
മന്ത്രി ഡോ. എം.കെ. മുനീർ

# പോർട്ടൽ ഉദ്ഘാടനം ചെയ്തു



പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രിക്കായുള്ള വെബ് പോർട്ടൽ, compassionate-kerala.com മുഖ്യമന്ത്രി ഉമ്മൻചാണ്ടി സെക്രട്ടറിയേറ്റിൽ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ വ്യവസായ – ഐ.ടി. വകുപ്പ് മന്ത്രി പി.കെ.കുഞ്ഞാലിക്കുട്ടി, മന്ത്രി ഡോ.എം.കെ.മുനീർ, സാമൂഹ്യനീതി സ്പെഷ്യൽ സെക്രട്ടറി എ.ഷാജഹാൻ, പഞ്ചായത്ത് ഡയറക്ടർ സി.എ.ലത, സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ.ടി.പി.അഷ്റഫ് തുടങ്ങിയവർ പങ്കെടുത്തു. ഡിജിറ്റൽ സാങ്കേതിക വിദ്യ കൂടുതൽ പ്രയോജനപ്പെടുത്തി കൊണ്ട് ജനങ്ങളുടെ പരാതികളും നിവേദനങ്ങളും നേരിട്ട് പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രിക്ക് ലഭ്യമാക്കുന്ന സംവിധാനമാണിത്. പരാതി ലഭിച്ചാലുടൻ തന്നെ അത് ലഭിച്ചു എന്ന മറുപടി ഒരു പ്രത്യേക നമ്പർ ഉൾപ്പടെ പരാതിക്കാരന്റെ മൊബൈലിലേക്കോ, കമ്പ്യൂട്ടറിലേക്കോ ഇമെയിൽ മുഖേനയോ എസ്.എം.എസ്. ആയോ അയക്കും. പ്രശ്നം പരിഹരിക്കുന്നത്വരെയോ അന്തിമ തീരുമാനം ആകുന്നത് വരെയോ അപ്പപ്പോഴുള്ള സ്ഥിതിയോ പരാതിക്കാരന് നേരിട്ട് പരിശോധിക്കാൻ കഴിയും. ഉൾനാടുകളിൽ താമസിക്കുന്ന സാധാരണക്കാർക്ക് പോലും മൊബൈലിൽ പരാതി എന്റർ ചെയ്യാനും റിമൈൻഡ് ചെയ്യാനും കഴിയും. മൊബൈൽ ആപ്ലിക്കേഷൻ പ്രയോജനപ്പെടുത്താൻ കഴിയുന്ന ആൻഡ്രോയിഡ്, ആപ്പിൾ പ്ലാറ്റ്ഫോമുകളിൽ മൊബൈൽ ആപ് ലഭ്യമായിരിക്കും.



# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 2016 | പുസ്തകം 55 | ലക്കം 10 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

**ജയിംസ് വർഗ്ഗീസ്**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി
തദ്ദേശസ്വയംഭരണവകുപ്പ്

**മിനി ആന്റണി**, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**പി.പി. ജയിംസ്**
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**അജ്മൽ ജെ.**
പബ്ലിസിറ്റി ഓഫീസർ
പഞ്ചായത്ത് വകുപ്പ്

കൺവീനർ

**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

**സി.എ. ലത ഐ.എ.എസ്.**
email: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

**അജ്മൽ ജെ.**
email: prmdp2015@gmail.com
Ph: 0471-2321280
Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.


## എഡിറ്റോറിയൽ

കേരളത്തിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എല്ലാംതന്നെ പുതിയ ജനപ്രതിനിധികളും, അധ്യക്ഷൻമാരും സ്ഥാനമേറ്റ് കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് തന്നെ ഈ പുതുവർഷത്തിൽ നമ്മുടെ ഗ്രാമപഞ്ചായത്തുകളിലാകെ ഒരു നവോന്മേഷം നിറഞ്ഞ് നിൽക്കുന്നു. ഓരോ ഭരണസമിതിയും മുന്നോട്ടുള്ള അഞ്ച് വർഷത്തെപറ്റി ചിന്തിക്കുകയും, ഈ വർഷങ്ങൾക്കുള്ളിൽ തങ്ങളുടെ ഗ്രാമപഞ്ചായത്തുകളിൽ എന്തെല്ലാം സാധ്യമാക്കാം, ഏതെല്ലാം തരത്തിലുള്ള വികസനം സ്വായത്തമാക്കാം എന്നതിനെപ്പറ്റിയൊക്കെ കൂടിയാലോചന നടത്തുകയും ചെയ്യേണ്ട സമയമാണിത്.

അധികാരവികേന്ദ്രീകരണംകൊണ്ട് ലക്ഷ്യമിടുന്നത് ഓരോ പ്രദേശത്തെയും ജനങ്ങളുടെ താത്പര്യങ്ങൾക്കനുസരിച്ചുള്ള, അവരുടെ ആവശ്യങ്ങൾ മനസിലാക്കിയുള്ള വികസന ആസൂത്രണമാണ്. ആസൂത്രണം പ്രദേശവാസികളും കൂടി ഉൾപ്പെട്ടാൽ മാത്രമെ അത് പൂർണ്ണമായി വിജയപഥത്തിലെത്തിക്കുവാൻ സാധിക്കുകയുള്ളൂ എന്ന തിരിച്ചറിവ് നാം ഏവർക്കും ഉണ്ടാകേണ്ടതുണ്ട്.

ഇത്തരത്തിലുള്ള ജനപങ്കാളിത്തം ഉറപ്പ് വരുത്തേണ്ടത് ഗ്രാമസഭകളുടെ മികച്ച നടത്തിപ്പിലൂടെയാണ്. നമ്മുടെ പഞ്ചായത്ത് ഭരണ സംവിധാനത്തിലെ ഏറ്റവും മികച്ച ജനാധിപത്യ സ്ഥാപനം 'ഗ്രാമസഭ'യാണ് എന്നതിൽ തർക്കങ്ങളൊന്നുമില്ല. ഗ്രാമസഭ ശക്തിപ്പെടുത്തുന്നതിലൂടെ ജനാധിപത്യമാണ് ശക്തിപ്പെടുന്നത് എന്ന് നാം മനസ്സിലാക്കണം. കേവലം കോറം തികക്കുന്നതിനും, നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനും വേണ്ടിയല്ലാതെ പ്രത്യക്ഷ ജനാധിപത്യവേദി എന്ന നിലയിൽ ഗ്രാമസഭകളെ നാം കാണണം. ഓരോ പൗരനും അവന്റെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, ആവലാതികളും അവതരിപ്പിക്കുന്നതിനുള്ള വേദികളായി ഗ്രാമസഭകൾ ശക്തിപ്പെടണം. എങ്കിൽ മാത്രമെ നാം വിഭാവനം ചെയ്ത വികേന്ദ്രീകൃത ആസൂത്രണവും ജന കേന്ദ്രീകൃത വികസനവും സാധ്യമാവുകയുള്ളൂ. പുതിയ അധ്യക്ഷന്മാർ എല്ലാംതന്നെ ഈ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തും എന്നകാര്യത്തിൽ നമുക്ക് ഉത്തമ വിശ്വാസമുണ്ട്.

ഇനിയുള്ള കുറച്ച് ദിവസങ്ങൾ ഓരോ പഞ്ചായത്ത് സമിതിക്കും, ജീവനക്കാരനും വളരെ നിർണ്ണായകമാണ്. നിയമസഭാ തിരഞ്ഞെടുപ്പ് പടിവാതിൽക്കൽ എത്തിനിൽക്കുന്ന സമയത്ത് പദ്ധതി നിർവ്വഹണം പൂർത്തീകരിക്കണം എന്നതിനാലാണിത്. തദ്ദേശ തിരഞ്ഞെടുപ്പ് കാരണം മന്ദഗതിയിലായിരുന്ന പദ്ധതി നിർവ്വഹണം ഇപ്പോൾ മെച്ചപ്പെട്ട് വരുന്നുണ്ട്. എന്നാൽ തന്നെയും പദ്ധതി നിർവ്വഹണത്തിനും, 2016-17 പദ്ധതി ആസൂത്രണത്തിനും വേണ്ടി നാം ഏവരും ഉണർന്ന് പ്രവർത്തിക്കേണ്ട സമയമായിരിക്കുന്നു എന്ന് കൂടി ഓർമ്മിപ്പിക്കുന്നു.

**സി.എ. ലത ഐ.എ.എസ്.**
പഞ്ചായത്ത് ഡയറക്ടർ

# അവകാശതുല്യതയും സ്ത്രീയും



ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

സാസാമൂഹ്യനീതി എല്ലാവരുടെയും അവകാശമാണ്. തുല്യത എല്ലാ ഇന്ത്യൻ പൗരന്മാർക്കും ഇന്ത്യൻ ഭരണഘടന ഉറപ്പുനൽകുന്നു. സാമൂഹ്യനീതി ലഭിക്കാതെ വരുന്നത് ഒരേ സമയം അവകാശ നിഷേധവും ഭരണഘടനാ തത്വങ്ങൾക്ക് എതിരുമാകുന്നു. നമ്മുടെ സ്ത്രീകൾക്ക് സമ്പൂർണ്ണമായ സാമൂഹ്യനീതി ലഭിക്കുന്നില്ലെങ്കിൽ അവർക്ക് ഭരണഘടന വിഭാവന ചെയ്ത അവസരങ്ങളും സമത്വവും അനുബന്ധ അവകാശങ്ങളും ലഭിക്കുന്നില്ല എന്ന ഗുരുതരമായ സ്ഥിതി വിശേഷത്തിന് കാരണമാകുന്നു. Social Justice is a social right.

ശക്തമായ വനിതാ പ്രസ്ഥാനങ്ങളും സാമൂഹ്യ പ്രസ്ഥാനങ്ങളും വനിതകളുടെ തുല്യനീതിക്കായി സർവലൗകിക തലത്തിൽ ശബ്ദമുയർത്തുകയുണ്ടായി. ഇതിന്റെ ഫലമായി ഐക്യരാഷ്ട്രസഭാ പ്രഖ്യാപനങ്ങളും നിയമനിർമ്മാണങ്ങളും ഉണ്ടായി. 1979 മുതൽക്കാണ് ഈ വിഷയം അർഹിക്കുന്ന ഗൗരവത്തോടെ അന്താരാഷ്ട്ര വേദികളിൽ ചർച്ചാ വിഷയമായത്. സ്ത്രീകൾക്ക് അവസര തുല്യത കൈവരിക്കുന്നതിലും സമൂഹത്തിൽ തുല്യപദവി ലഭിക്കുന്നതിലും 1979ലെയും 1995ലെയും യു.എൻ. പ്രഖ്യാപന



ങ്ങൾ നിർണ്ണായകമായി. എങ്കിലും സ്ത്രീ ഇന്നും അനവധി അവഗണനകൾക്കും സമത്വനിഷേധത്തിനും വിധേയയാണ്. ശാരീരികമോ ലൈംഗികമോ ആയ അതിക്രമത്തിന് മൂന്നിൽ ഒരു സ്ത്രീ വിധേയയാകുന്നു എന്നാണ് ഇത് സംബന്ധിച്ച റിപ്പോർട്ടുകൾ പറയുന്നത്. സ്ത്രീയുടെ അന്തസ്സ് ഇവിടെ ആക്രമണ വിധേയമാകുന്നു. ലോകത്തെ 730 കോടി ആകെ ജനസംഖ്യയിൽ സ്ത്രീകളുടെ എണ്ണം 363 കോടിയാണ്, പുരുഷന്മാരുടേത് 370 കോടിയും. 363 കോടിയുടെ 33 ശതമാനം എന്നാൽ 120 കോടിയിൽ അധികമാവുന്നു. ഇത്രയും സ്ത്രീകൾ നിശബ്ദ ഇരകളാണ്. ഇന്ത്യൻ ജനസംഖ്യ 130 കോടിയാണ്; ഇതിൽ 48.4% സ്ത്രീകളാണ്. 18 വയസ്സ് തികയും മുമ്പ് വിവാഹിതകളായ 70 കോടി സ്ത്രീകൾ ലോകത്തുണ്ട്. ഇവരിൽത്തന്നെ 25 കോടി പെൺകുട്ടികൾ 15 വയസ്സ് തികയും മുമ്പ് വിവാഹിതകളായവരാണ്. പത്തിൽ ഒരു കുട്ടിയെങ്കിലും നിർബന്ധിത ലൈംഗിക ബന്ധത്തിന് വിധേയയായിട്ടുണ്ട്. മനുഷ്യക്കടത്തിന്റെ ഇരകളിൽ 70% സ്ത്രീകളും കുട്ടികളുമാണ്. ഇപ്പോൾ മറ്റൊരു കുറ്റകൃത്യം കൂടി സ്ത്രീകൾക്കെതിരായി വ്യപകമാവുന്നു. പത്തിൽ ഒന്ന് സ്ത്രീകൾ സൈബർ കുറ്റകൃത്യങ്ങൾക്കിരകളാവുന്നുണ്ട്; പ്രത്യേകിച്ചും 18 – 29 പ്രായക്കാർ. പെൺകുട്ടികൾക്ക് സ്കൂളിൽ പോകുന്നതിനോ വോട്ട് ചെയ്യുന്നതിനോ അവകാശമില്ലാത്ത ചില രാജ്യങ്ങളെങ്കിലും ഇന്നും ലോകത്തുണ്ട് എന്നത് അദ്ഭുതമായി തോന്നാം. ലോകത്ത് 10 കോടി പെൺഭ്രൂണഹത്യകൾ നടന്നിട്ടുണ്ടാവാം എന്ന ഞെട്ടിപ്പിക്കുന്ന ഒരു കണക്ക് അമർത്യാസെൻ പുറത്ത്‌വിട്ടിട്ടുണ്ട്.

കേരളത്തിലെ സ്ത്രീകളുടെ സ്ഥിതി ഏറെ മെച്ചമാണെന്ന് സമ്മതിക്കേണ്ടതായി വരും. എല്ലാം പൂർണ്ണമായി എന്ന് ഇതിന് അർത്ഥമില്ല. 19, 20 ശതകങ്ങളിൽ നമ്മുടെ നാട്ടിൽ അരങ്ങേറിയ സാമൂഹ്യനവോത്ഥാന പ്രസ്ഥാനങ്ങളും തുടർന്നുവന്ന ജനകീയ ഗവൺമെന്റുകൾ നടപ്പാക്കിയ നയങ്ങളും നമ്മുടെ സ്ത്രീകളുടെ സമൂഹത്തിലെ സ്ഥാനം ഉയർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു. കേരളീയ സ്ത്രീകൾ അവരുടെ അവകാശങ്ങളെയും പദവിയെയും കുറിച്ച് ബോധവതികൾ ആണ്. അതുകൊണ്ട് തന്നെ അവർക്കുള്ളത് ചോദിച്ചു വാങ്ങാനുള്ള കരുത്ത് അവർ ആർജ്ജിച്ചിരിക്കുന്നു. ലിംഗസമത്വം എന്നത് നമുക്ക് ഒരു വികസന അജൻഡയാണ്. ഇവിടത്തെ മാതൃ – ശിശു മരണ നിരക്കും സാക്ഷരതയും വികസിത ലോകനിലവാരത്തിലുള്ളതാണ്. 1000 പുരുഷൻമാർക്ക് 1084 സ്ത്രീകൾ എന്നതാണ് ജനസംഖ്യാനുപാതം. ഉന്നതവിദ്യാഭ്യാസ രംഗത്ത 75–80% പെൺകുട്ടികളാണ്. നമ്മുടെ ആൺകുട്ടികൾക്ക് എന്ത് സംഭവിച്ചു എന്ന് അന്വേഷിക്കേണ്ട സ്ഥിതിവിശേഷമാണിത്. എന്നാൽ നമ്മുടെ തൊഴിൽ മേഖലയിൽ സ്ത്രീപങ്കാളിത്തം കേവലം 22% മാത്രമാണ്.

കുടുംബശ്രീ എന്ന സമാനതകളില്ലാത്ത പ്രസ്ഥാനം സ്ത്രീശാക്തീകരണ – ദാരിദ്ര്യ നിർമ്മാർജ്ജന രംഗത്ത് കൈവരിച്ച നേട്ടം ലോകത്തിന് മാതൃകയാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരിൽ 7500 ലധികം അംഗങ്ങൾ കുടുംബശ്രീ വനിതകളാണ്; ആകെയുള്ള അംഗങ്ങളിൽ വനിതാ പ്രതിനിധികൾ 54% ഉണ്ട്. എങ്കിലും നമ്മുടെ നിയമ നിർമ്മാണസഭകൾ, രാഷ്ട്രീയ നേതൃത്വങ്ങൾ, ജുഡിഷ്യറി, മന്ത്രിസഭ എന്നീ വേദികളിൽ സ്ത്രീ സാന്നിദ്ധ്യം തുച്ഛമാണ്. ഈ അവസ്ഥമാറണം. ഈ രംഗത്തെ പുരുഷമേധാവിത്തം മാറി സ്ത്രീ – പുരുഷ സമത്വം വരണം. 25,000 ജനസംഖ്യയുള്ള ഭിന്നലിംഗ വിഭാഗവും മാനുഷിക പരിഗണനയും അന്തസ്സും ലഭിച്ച് മുഖ്യധാരയിൽ എത്തണം. മുതിർന്നവരുടെ ജനസംഖ്യയിലും സ്ത്രീകളാണ് കൂടുതൽ. അവരിൽ 55% വിധവകളാണ്, വാർദ്ധക്യത്തിലെ വിഷമതകൾ ഏറെ നേരിടേണ്ടിവരുന്നവരും സ്ത്രീ സമൂഹമാണ്.


സ്ത്രീമുന്നേറ്റത്തിന് സഹായകമായ പോളിസികൾ ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ജൻഡർ ഇക്വാളിറ്റി ആൻഡ് വിമൻസ് എംപവർമെന്റ്, വയോജനനയം, ചൈൽഡ് പോളിസി, മാതൃകാ അങ്കണവാടികൾ, നിർഭയ പോളിസി ഇവയൊക്കെ സ്ത്രീശാക്തീകരണം ഉദ്ദേശിച്ചുള്ളവയാണ്. കോഴിക്കോട്ടെ ജൻഡർപാർക്ക്, എറണാകുളത്ത് വരാൻ പോകുന്ന ഇന്റർനാഷണൽ വിമൻസ് ട്രേഡ് സെന്റർ, ഷീടാക്സി എന്നിവയൊക്കെ ഈ രംഗത്തെ പരിവർത്തനത്തിന്റെ സൂചകങ്ങളാണ്. ജൻഡർ ബജറ്റിംഗ് കേരള ഗവൺമെന്റ് അംഗീകരിച്ചു കഴിഞ്ഞു.

സാമൂഹ്യനീതി കൈവരിക്കുന്നതിൽ കേരള സ്ത്രീകൾ അവരുടെ ശബ്ദമുയർത്തണം. സ്വന്തം അവകാശം ലഭ്യമാക്കുന്നത് പുരുഷലോകത്തിന്റെ ദയാദാക്ഷിണ്യം കൊണ്ടാവരുത്. സ്ത്രീമുന്നേറ്റത്തിന് മറ്റൊരു ലോകമാതൃകയാവാൻ കേരളത്തിന് കഴിയും; കഴിയണം. ◆





# വിവര വിനിമയ പ്രചാരണ പരിപാടി



തദ്ദേശമിത്രം (കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രൊജക്ട്) നടപ്പാക്കുന്ന വിവര വിനിമയ പ്രചാരണ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം ടാഗോർ തിയറ്ററിൽ 2016 ജനുവരി 5, ചൊവ്വാഴ്ച വൈകിട്ട് നടന്നു. മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം നിർവ്വഹിച്ച ചടങ്ങിൽ പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ അദ്ധ്യക്ഷനായിരുന്നു. ചടങ്ങിന് പഞ്ചായത്ത് ഡയറക്ടർ സി.എ. ലത, ഐ.എ.എസ്. സ്വാഗതവും, KLGSDP ഡയറക്ടർ മിത്ര. റ്റി. ഐ.എ.എസ്. കൃതജ്ഞതയും രേഖപ്പെടുത്തി.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾ വഴിയും മുനിസിപ്പാലിറ്റികൾ വഴിയും ഇന്ന് ധാരാളം ജനോപ





കാരപ്രദമായ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. എന്നാൽ ഭൂരിഭാഗം സാധാരണ ജനങ്ങളും ഇതിനെപ്പറ്റി അജ്ഞരാണ്. വിവരസാങ്കേതിക വിദ്യയുടെ സഹായംകൊണ്ട് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ധാരാളം ഷിഹശില സേവനങ്ങൾ ജനങ്ങൾക്ക് നൽകി വരുന്നുണ്ട്. ജനന, മരണ, വിവാഹ സർട്ടിഫിക്കറ്റുകൾ ഇന്ന് വീട്ടീൽ ഇരുന്ന് തന്നെ ഡൗൺലോഡ് ചെയ്യാവുന്നതാണ്. എന്നാൽ ഇതിനെപ്പറ്റിയെല്ലാം അറിവുള്ളവർ ചുരുക്കമാണ്.

വികേന്ദ്രീകൃത ആസൂത്രണത്തിൽ ഇന്ന് കേരളം ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങൾക്കെന്ന് മാത്രമല്ല ലോകത്തിന് തന്നെ മാതൃകയാണ്. വികേന്ദ്രീകൃത ആസൂത്രണവുമായി ബന്ധപ്പെട്ട് കേരളത്തിന്റേതായി ധാരാളം വ്യത്യസ്ത പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. എന്നാൽ ഇതിനെപ്പറ്റിയെല്ലാം ശരിയായ വിധത്തിലുള്ള അറിവ് പൊതുജനങ്ങൾക്കില്ല. ഈ തിരിച്ചറിവിൽ നിന്നാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഇത്തരത്തിലുള്ള വിവരവിനിമയ പ്രചാരണ പരിപാടിക്ക് രൂപം നൽകിയത്. ഇതിനുവേണ്ടി എൽ.എസ്.ജി.ഡി. പ്രിൻസിപ്പൽ സെക്രട്ടറി ജയിംസ് വർക്ഷീസ്, ഐ.എ.എസ്. നെ ചെയർമാനാക്കി ഒരു സ്റ്റിയറിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രചരണ പരിപടിയുമായി ബന്ധപ്പെട്ട് ധാരാളം പരിപാടികൾ അസൂത്രണം ചെയ്തിട്ടുണ്ട്. വരുംദിവസങ്ങളിൽ ഇതെല്ലാം തന്നെ ജനങ്ങളിലേയ്ക്ക് എത്തിച്ചേരും എന്ന് പ്രതീക്ഷിക്കപ്പെടുന്നു. തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പിലാക്കിവരുന്ന മാതൃകാ പദ്ധതികളുടെ ഡോക്യുമെന്റേഷനും വിവര വിനിമയ പ്രചാരണ പരിപാടിയുടെ ഭാഗമായി ആസൂത്രണം ചെയ്യുന്നുണ്ട്.

ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനമാണ് ജനുവരി 5 ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവ്വഹിച്ചത്. ◆






# സിവിൽ രജിസ്ട്രേഷൻ സിസ്റ്റം ഏകദിന ശില്പശാല 2015-2016

സിവിൽ രജിസ്ട്രേഷൻ സിസ്റ്റത്തിന്റെ സംസ്ഥാനതല ശില്പശാല 2016 ജനുവരി മാസം 8-ാം തീയതി പി.ഡബ്ളിയു.ഡി. റെസ്റ്റ് ഹൗസ് തൈക്കാട് തിരുവനന്തപുരത്ത് വെച്ച് നടന്നു. ഡെപ്യൂട്ടി ചീഫ് രജിസ്ട്രാർ സ്വാഗതം ആശംസിച്ച് ഉദ്ഘാടന സമ്മേളനത്തിൽ ചീഫ് രജിസ്ട്രാർ എസ്.ലത അദ്ധ്യക്ഷയായിരുന്നു. സമ്മേളനം പഞ്ചായത്ത് ഡയറക്ടർ സി.എ.ലത,ഐ.എ.എസ്. ഉദ്ഘാടനം ചെയ്തു. എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് അഡീഷണൽ ഡയറക്ടർ എ.പി.ഹരിലാൽ, സെൻസസ് ഡിപ്പാർട്ട്മെന്റ് അസി. ഡയറക്ടർ കെ.ജ്ഞാന പ്രകാശം



എന്നിവർ പരിപാടിയിൽ പങ്കെടുത്ത് സംസാരിച്ചു.

ഉദ്ഘാടന സമ്മേളനത്തിന് ശേഷം രണ്ട് സെഷനുകളായി ക്ലാസ്സുകൾ നടന്നു. 'ജനന-മരണ സിവിൽ രജിസ്ട്രേഷൻ - ഒരവലോകനം' എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി കെ.പ്രശാന്ത് കുമാർ, സീനിയർ സൂപ്രണ്ട് പഞ്ചായത്ത് ഡയറക്ട്രേറ്റ് ക്ലാസെടുത്തു. രണ്ടാമത്തെ സെഷൻ 'സേവന സിവിൽ രജിസ്ട്രേഷൻ സോഫ്റ്റ് വെയർ ഉപയോഗവും - സംശയങ്ങളും' എന്ന വിഷയത്തെ അടിസ്ഥാനപ്പെടുത്തി മിഷ.എസ്.വി., ഐ.കെ.എം. പ്രൊജക്ട് മാനേജർ സംസാരിച്ചു. ◆



ഡോ. എം.വി. തോമസ്

# ഇന്ത്യൻ ജനാധിപത്യം നീണാൾ വാഴട്ടെ

ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമാണ് ഇന്ത്യ. 1950 ജനുവരി 26ന് പ്രാബല്യത്തിൽ വന്ന ഇന്ത്യൻ ഭരണഘടന ലോകത്ത് നിലവിലുള്ള ഭരണഘടനകളിൽ ഏറ്റവും വലിപ്പം കൂടിയതാണ്. ഈ ഭരണഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട പ്രത്യേകതകളിലൊന്ന് അതിന്റെ ആമുഖമാണ്. അതുപ്രകാരം ഇന്ത്യ ഒരു പരമാധികാര സോഷ്യലിസ്റ്റ് മതേതര ജനാധിപത്യ റിപ്പബ്ലിക്കാണ്. സോഷ്യലിസം, മതേതരത്വം എന്നീ ആശയങ്ങൾ ഭരണഘടനയുടെ ആമുഖത്തിൽ ഉൾക്കൊള്ളിച്ചത് 1976 ൽ 42-ാം ഭേദഗതി മുഖേനയാണ്. ആമുഖത്തിൽ നാളിതുവരെ ഈ ഒരു ഭേദഗതി മാത്രമേ വരുത്തിയിട്ടുള്ളൂ. കരട് ഭരണഘടനാസമിതിയുടെ അധ്യക്ഷൻ അന്ന് നിയമ മന്ത്രിയായിരുന്ന ഡോ. ബി.ആർ. അംബേദ്കർ ആയിരുന്നു. നിയമ നിർമ്മാണ സഭയുടെ ആദ്യ സമ്മേളനം 1946 ഡിസംബർ 9-നാണ് ചേർന്നത്. 1946 ഡിസംബർ 11ന് ഡോ. രാജേന്ദ്രപ്രസാദ് ഈ സഭയുടെ അധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യൻ ഭരണഘടനയ്ക്ക് ഭരണഘടനാസമിതി അന്തിമാംഗീകാരം നൽകിയത് 1949 നവംബർ 26ന് ആയിരുന്നു. ഈ ദിനം ഭരണഘടനാദിനമായി ആചരിക്കുമെന്ന് കേന്ദ്രസർക്കാർ അടുത്തകാലത്ത് പ്രഖ്യാപിച്ചു.

ഇന്ത്യൻ ഭരണഘടനയുടെ 'ഹൃദയവും ആത്മാവും' എന്ന് വിശേഷിപ്പിക്കപ്പെടുന്നത് മൗലികാവകാശങ്ങൾ ആണ്. സമത്വത്തിനുള്ള അവകാശം സ്വാതന്ത്ര്യത്തിനുള്ള അവകാശം, ചൂഷണത്തിനെതിരേ ഉള്ള അവകാശം, മത സ്വാതന്ത്ര്യത്തിനുള്ള അവകാശം, സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ, ഭരണഘടനാപരമായ പ്രതിവിധിക്കുള്ള അവകാശം എന്നിവ മൗലികാവകാശങ്ങളിൽ ഉൾപ്പെടുന്നു. മൗലികാവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ അവ സ്ഥാപിച്ചു കിട്ടുന്നതിനായി പൗരന്മാർക്ക് ഹൈക്കോടതിയെയോ സുപ്രീംകോടതിയെയോ സമീപിക്കാവുന്നതാണ്.

ഭരണഘടനയുടെ നാലാംഭാഗത്ത് ഉൾക്കൊള്ളിച്ചിട്ടുള്ള മാർഗനിർദ്ദേശക തത്ത്വങ്ങൾ രാഷ്ട്രത്തിന് ശരിയായ ദിശാബോധം നൽകുന്നു. എന്നാൽ കോടതികൾ മുഖേന അവ നടപ്പിലാക്കാൻ കഴിയുകയില്ല. രാജ്യത്ത് ആകമാനം ബാധകമായ ഒരു സിവിൽ നിയമ സംഹിത നിർമ്മിക്കുക, ഗോവധം നിരോധിക്കുക, മദ്യനിരോധനം നടപ്പാക്കുക, പട്ടിക ജാതി-പട്ടിക വർഗ്ഗക്കാരുടെയും മറ്റ് പിന്നാക്കവിഭാഗക്കാരുടെയും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താൽപ്പര്യങ്ങളെ സവിശേഷ ശ്രദ്ധയോടുകൂടി പ്രാവർത്തികമാക്കുക,

സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ ജോലിക്ക് തുല്യ വേതനം ലഭ്യമാക്കുക തുടങ്ങി ഒരു ക്ഷേമ രാഷ്ട്രത്തിന് അനിവാര്യമായ അനവധി മാർഗനിർദ്ദേശങ്ങൾ ഇന്ത്യൻ ഭരണം മുമ്പോട്ട് വയ്ക്കുന്നുണ്ട്. അയിത്ത നിർമ്മാർജനം, ബാലവേല നിരോധനം പഞ്ചായത്ത് രാജ്, 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം എന്നിവയ്ക്കുള്ള വ്യവസ്ഥകളും ഭരണഘടനയിലുണ്ട്.

1976 ലെ ഭരണഘടനാ ഭേദഗതി പ്രകാരം പൗരന്മാർക്കും മൗലിക കർത്തവ്യങ്ങൾ എന്ന പുതിയ ഒരുവിഭാഗം ഭരണഘടനയിൽ ചേർക്കുകയുണ്ടായി. മുൻ സോവ്യറ്റ് ഭരണഘടനയിൽ നിന്ന് കടമെടുത്താണ് ഇങ്ങനെ ഒരു വിഭാഗം (IV-എ) ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയത്. ഇന്ത്യയുടെ പരമാധികാരവും ഐക്യവും അഖണ്ഡതയും നില നിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക. നമ്മുടെ സഞ്ചിത സംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക, പൊതുമുതൽ പരിരക്ഷിക്കുകയും ഹിംസ വർജിക്കുകയും ചെയ്യുക, ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനവനങ്ങളെയും ദേശീയ പതാകയെയും ദേശീയ ഗാനത്തെയും ആദരിക്കുകയും ചെയ്യുക തുടങ്ങിയ സുപ്രധാന കർത്തവ്യങ്ങൾ അനുഷ്ഠിക്കുന്നതിനാണ് ഭരണഘടന പൗരന്മാരോട് ആവശ്യപ്പെടുന്നത്.

തിരഞ്ഞെടുക്കപ്പെട്ട രാഷ്ട്രത്തലവനോടു കൂടിയ ഒരു രാഷ്ട്രത്തെയാണ് 'റിപ്പബ്ലിക്' എന്ന് വ്യവഹരിക്കുന്നത്. ലോക്സഭയിലെ ഭൂരിപക്ഷ കക്ഷിയുടെയോ മുന്നണിയുടെയോ നേതാവാണ് പ്രധാനമന്ത്രിയായി പ്രവർത്തിക്കുന്നത്. 1951-52 കാലയളവിലാണ് ഇന്ത്യയിൽ ആദ്യത്തെ പൊതു തിരഞ്ഞെടുപ്പ് നടന്നത്. 1952 ഏപ്രിൽ 17-നാണ് ആദ്യ ലോക സഭ നിലവിൽ വന്നത്. അന്നു മുതലിന്നോളം യഥാവിധി തിരഞ്ഞെടുപ്പുകൾ നടക്കുകയും നിർവിഘ്നം അധികാരക്കൈ മാറ്റങ്ങൾ നടക്കുകയും ചെയ്തിട്ടുണ്ട്. നമ്മുടെ തിരഞ്ഞെടുപ്പു കമ്മീഷന്റെ ഇന്നോളമുള്ള പ്രവർത്തനം കുറ്റമറ്റതും ജനാധിപത്യ സമ്പ്രദായത്തിന് തികച്ചും അനുയോജ്യവുമാണെന്ന് ലോകമെമ്പാടും അംഗീകരിക്കപ്പെട്ടിട്ടുണ്ട്. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഏഷ്യയിലെയും ആഫ്രിക്കയിലെയും തെക്കേ അമേരിക്കയിലെയും ഒട്ടേറെ കോളനി രാഷ്ട്രങ്ങൾ വിദേശാധിപത്യത്തിൽ നിന്ന് വിമുക്തി നേടിയെങ്കിലും അവയിൽ ബഹുഭൂരിപക്ഷവും ഏകാധിപത്യത്തിലേക്കോ പട്ടാള ഭരണത്തിലേക്കോ? വഴുതി വീഴുകയാണുണ്ടായത്. എന്നാൽ മാതൃകാപരമായ തിരഞ്ഞെടുപ്പുകളിലൂടെയും സുഗമമായ അധികാരക്കൈമാറ്റങ്ങളിലൂടെയും ഇന്ത്യ ജനാധിപത്യലോകത്ത് വെന്നിക്കൊടി പാറിക്കുകയാണ്.

നൂറ്റാണ്ടുനീണ്ട വിദേശ ഭരണത്തിന്റെയും ചൂഷണത്തിന്റെയും ഫലമായി ജീവിതത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പോലും നിഷേധിക്കപ്പെട്ട്, ദാരിദ്ര്യത്തിലും നിരക്ഷരതയിലും അകപ്പെട്ട് വലയുന്നവരായിരുന്നു ഭൂരിപക്ഷം ജനങ്ങളും. ഇന്ത്യാ-പാകിസ്ഥാൻ വിഭജനം സൃഷ്ടിച്ച പ്രശ്നങ്ങൾ പോലും നല്ല മനഃസാന്നിധ്യത്തോടെയും മനുഷ്യസ്നേഹത്തോടെയും കൈകാര്യം ചെയ്യാൻ ഇന്ത്യയിലെ പുതിയ ഭരണകൂടത്തിന് കഴിഞ്ഞു. അതോടൊപ്പം വികസന പാതയിലൂടെ ബഹുദൂരം മുന്നേറാനും ഇന്ത്യക്ക് സാധ്യമായി. 1951 ൽ തുടക്കം കുറിച്ച പഞ്ചവത്സര പദ്ധതികൾ ഇന്ത്യയുടെ സർവതോമുഖമായ ആസൂത്രിത പുരോഗതിക്ക് വഴി തെളിച്ചു. ദരിദ്രരാജ്യമെന്ന് മുദ്രകുത്തപ്പെട്ട ഈ രാഷ്ട്രം കുറഞ്ഞ കാലം കൊണ്ടുതന്നെ ഭക്ഷ്യസ്വയം പര്യാപ്തത കൈവരിച്ചു. വ്യാവസായിക രംഗത്ത് ഇന്ത്യയ്ക്കുണ്ടായ പുരോഗതിയും പ്രശംസാർഹമായിരുന്നു. ഇക്കാലത്ത് വൻകിട വ്യവസായങ്ങളും വൻകിട അണക്കെട്ടുകളും



ഉയർന്നുവന്നു. സ്വകാര്യമ്മേഖലയും പൊതുമേഖലയും കൈകോർത്ത് മുന്നേറുന്ന ഒരു മിശ്രിത സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യക്ക് ഓരോ രംഗത്തും വലിയ നേട്ടങ്ങൾ ഉണ്ടാക്കിക്കൊടുത്തത്. ശാസ്ത്ര-സാങ്കേതിക മേഖലകളിൽ ഇന്ത്യ കൈവരിച്ച നേട്ടങ്ങളും എടുത്തുപറയേണ്ടതുണ്ട്. ആണവോർജ വികസനം, ബഹിരാകാശ ഗവേഷണം തുടങ്ങിയ രംഗങ്ങളിൽ ആഗോളതലത്തിൽപ്പോലും സമുന്നത സ്ഥാനമാണ് ഇന്ത്യക്കുള്ളത്. പ്രതിരോധ ശക്തിയിലും ഇന്ത്യ അസൂയാവഹമായ നേട്ടം കൈവരിച്ചു. 1962 ൽ ചൈന ഇന്ത്യയുടെ മേൽ കടന്നാക്രമണം നടത്തിയപ്പോൾ ഇന്ത്യയുടെ നില പരുങ്ങലിലായിരുന്നു. എന്നാൽ 1965 ൽ നടന്ന ഇന്ത്യാ-പാക് യുദ്ധത്തിലും 1971 ൽ നടന്ന ബംഗ്ലാദേശ് യുദ്ധത്തിലും 1999 ൽ നടന്ന കാർഗിൽ യുദ്ധത്തിലും പാകിസ്ഥാനെ പരാജയപ്പെടുത്തുവാൻ സാധ്യമായത് ഇന്ത്യയുടെ യശസ്സുയർത്തി. മൂന്നാം ലോകരാഷ്ട്രങ്ങളുടെ നേതൃത്വം ഏറ്റെടുത്ത ഇന്ത്യ വികസ്വര രാഷ്ട്രങ്ങളുടെ മാർഗദർശിയായി.

സ്വാതന്ത്ര്യലബ്ധിക്കു ശേഷം ഇന്ത്യൻ ബാങ്കിംഗ് മേഖല കൂടുതൽ ബലിഷ്ഠവും സേവനോത്മുഖവുമായിത്തീർന്നു. 1964 ജൂലൈ 19ന് കേന്ദ്രസർക്കാർ 14 പ്രമുഖ സ്വകാര്യ ബാങ്കുകൾ ദേശസാത്ക്കരിച്ചു. 1980 ഏപ്രിൽ 15 ന് ആറ് സ്വകാര്യ ബാങ്കുകൾ കൂടി ദേശസാത്ക്കരണത്തിന് വിധേയമായി. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും അതിന്റെ അനുബന്ധ ബാങ്കുകളും നേരത്തെ തന്നെ സർക്കാരിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിച്ചുകൊണ്ടിരുന്നത്. ഇന്ത്യയിൽ സ്വകാര്യമേഖലയിലും പൊതുമേഖലയിലും പ്രവർത്തിക്കുന്ന എല്ലാ പ്രമുഖ ബാങ്കുകളും റിസർവ് ബാങ്കിന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കണമെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടു. പ്രാദേശികിക ഗ്രാമീണ ബാങ്കുകൾ, സ്വകാര്യമേഖലയിലെ ന്യൂജനറേഷൻ ബാങ്കുകൾ, വിദേശ ബാങ്കുകൾ, സഹകരണ ബാങ്കുകൾ, വിവിധ മേഖലകളിലെ വികസന ബാങ്കുകൾ എന്നിവയും ബാങ്കിംഗ് മേഖലകളിൽ സജീവമായി പ്രവർത്തിച്ചു. കഴിഞ്ഞ ഒരു പതിറ്റാണ്ടിലേറെക്കാലമായി സാമ്പത്തികമാന്ദ്യം ആഗോളതലത്തിൽ ആഞ്ഞടിച്ച് വികസിത രാഷ്ട്രങ്ങളെയും വികസ്വര രാഷ്ട്രങ്ങളെയും അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിലാക്കിയിട്ടും ഇന്ത്യക്ക് സാരമായ പരിക്ക് ഏൽക്കാതെ പിടിച്ചു നിൽക്കാനായത് നമ്മുടെ സുസംഘടിതമായ ബാങ്കിംഗ് പ്രസ്ഥാനത്തിന്റെ കരുത്തുമൂലമാണെന്ന് ലോകരാഷ്ട്രങ്ങൾ വിലയിരുത്തി. ഇൻഷുറൻസ് മേഖലയിലും നമുക്ക് അഭിമാനിക്കാവുന്ന നേട്ടങ്ങളാണ് ഉണ്ടായത്. അധികാര വികേന്ദ്രീകരണത്തിൽ ഇന്ത്യ കൈവരിച്ച നേട്ടമാണ് എടുത്തു പറയേണ്ട മറ്റൊരു കാര്യം. ഗാന്ധിജി വിഭാവനം ചെയ്ത 'ഗ്രാമസ്വരാജ്' പ്രാവർത്തികമാക്കുന്നതിനുവേണ്ടി 1992 ൽ ഭരണഘടനയുടെ 72-ാം ഭേദഗതി പ്രകാരം വ്യവസ്ഥകൾ ഉണ്ടാക്കി. ഗ്രാമതലം, ബ്ലോക്ക്തലം, ജില്ലാതലം എന്നിങ്ങനെ ത്രിതല പഞ്ചായത്ത് സംവിധാനം, ഈ ഓരോ തലത്തിലേക്കും നേരിട്ടുള്ള തിരഞ്ഞെടുപ്പ്, പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കും സ്ത്രീകൾക്കും സംവരണം, ഗ്രാമസഭകളുടെ രൂപവത്ക്കരണം, താഴേത്തട്ടിലുള്ള ആസൂത്രണ പ്രക്രിയ മുതലായ സുപ്രധാന നടപടികൾക്ക് ഭരണഘടനാപരമായി വ്യവസ്ഥ ചെയ്യുന്ന ഈ ഭേദഗതി ഇന്ത്യൻ ജനാധിപത്യത്തെ കൂടുതൽ സാർഥകവും കാര്യക്ഷമവുമാക്കി. പഞ്ചായത്ത്

**അധികാര വികേന്ദ്രീകരണത്തിൽ ഇന്ത്യ കൈവരിച്ച നേട്ടമാണ് എടുത്തു പറയേണ്ട മറ്റൊരു കാര്യം. ഗാന്ധിജി വിഭാവനം ചെയ്ത 'ഗ്രാമസ്വരാജ്' പ്രാവർത്തികമാക്കുന്നതിനുവേണ്ടി 1992 ൽ ഭരണഘടനയുടെ 72-ാം ഭേദഗതി പ്രകാരം വ്യവസ്ഥകൾ ഉണ്ടാക്കി. ഗ്രാമതലം, ബ്ലോക്ക്തലം, ജില്ലാതലം എന്നിങ്ങനെ ത്രിതല പഞ്ചായത്ത് സംവിധാനം, ഈ ഓരോ തലത്തിലേക്കും നേരിട്ടുള്ള തിരഞ്ഞെടുപ്പ്, പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കും സ്ത്രീകൾക്കും സംവരണം, ഗ്രാമസഭകളുടെ രൂപവത്ക്കരണം, താഴേത്തട്ടിലുള്ള ആസൂത്രണ പ്രക്രിയ മുതലായ സുപ്രധാന നടപടികൾക്ക് ഭരണഘടനാപരമായി വ്യവസ്ഥ ചെയ്യുന്ന ഈ ഭേദഗതി ഇന്ത്യൻ ജനാധിപത്യത്തെ കൂടുതൽ സാർഥകവും കാര്യക്ഷമവുമാക്കി.**



**പഞ്ചായത്തുകളിലെപ്പോലെ മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും സ്ത്രീകൾക്കും സംവരണം ഏർപ്പെടുത്തി. രാഷ്ട്രത്തിന്റെ വികസന പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സജീവ പങ്കാളിത്തം നൽകുന്നതിനും വികസനത്തിന്റെ സദ്ഫലങ്ങൾ പ്രാദേശികതലത്തിൽ ലഭ്യമാക്കുന്നതിനും പഞ്ചായത്ത് രാജ് – നഗരപാലികാസംവിധാനങ്ങൾ അവസരമൊരുക്കി.**

രാജ് സ്ഥാപനങ്ങളുടെ കാലാവധി അഞ്ചു വർഷമായി നിജപ്പെടുത്തുന്നതിനും യഥാസമയം തിരഞ്ഞെടുപ്പുകൾ നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനുകൾ രൂപവത്ക്കരിക്കുന്നതിനും 72-ാം ഭരണഘടനാഭേദഗതി ഉപകരിച്ചു. 1993-ലെ 73-ാം ഭരണഘടനാ ഭേദഗതി പ്രകാരം നഗരങ്ങളുടെ പരിപോഷണത്തിനായി നഗരപാലികാനിയമം നടപ്പിലാക്കി. പഞ്ചായത്തുകളിലെപ്പോലെ മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ കോർപ്പറേഷനുകളിലും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും സ്ത്രീകൾക്കും സംവരണം ഏർപ്പെടുത്തി. രാഷ്ട്രത്തിന്റെ വികസന പ്രക്രിയയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സജീവ പങ്കാളിത്തം നൽകുന്നതിനും വികസനത്തിന്റെ സദ്ഫലങ്ങൾ പ്രാദേശികതലത്തിൽ ലഭ്യമാക്കുന്നതിനും പഞ്ചായത്ത് രാജ് – നഗരപാലികാസംവിധാനങ്ങൾ അവസരമൊരുക്കി. ഈ രംഗത്ത് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം ഇതര സംസ്ഥാനങ്ങൾക്കുകൂടി മാതൃകയാകത്തക്കവിധം ഉന്നതനിലവാരം പുലർത്തി. പിന്നീട് നമ്മുടെ ജനാധിപത്യ മുന്നേറ്റത്തിൽ വലിയൊരു കാൽവെയ്പ്പായത് 2004 ലെ വിവരാവകാശ നിയമമാണ്. ഏതൊരു പൗരനും ഭരണപരമായ വിവരങ്ങൾ നിഷ്പ്രയാസം അറിയാനുള്ള നിയമാനുസൃതമായ സംവിധാനം ഉണ്ടായപ്പോൾ ഭരണം കൂടുതൽ സുതാര്യവും ഉത്തരവാദിത്വപരവുമായി.

നമ്മുടെ ജനാധിപത്യം അഭിമാനകരമായ മുന്നേറ്റങ്ങൾ കൈവരിക്കുമ്പോഴും അതിരൂക്ഷമായ പല പ്രശ്നങ്ങളെയും പ്രതിസന്ധികളെയും നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ആഭ്യന്തരവും ബാഹ്യവുമായ തീവ്രവാദ ഭീഷണിയാണ് അവയിൽ ഏറ്റവും പ്രധാനം. നമ്മുടെ അയൽ രാജ്യമായ പാകിസ്ഥാനിൽ ശക്തി പ്രാപിച്ചിട്ടുള്ള ചില തീവ്രവാദ പ്രസ്ഥാനങ്ങൾ കാശ്മീരിലും ഇന്ത്യയിലെ ഇതര ഭാഗങ്ങളിലും ഇടയ്ക്കിടെ നടത്തുന്ന ഭീകരാക്രമണങ്ങളും ബോംബു സ്ഫോടനങ്ങളും നമ്മുടെ സ്വൈരം കെടുത്തുന്നു. ബോംബെയിലെ വൻകിട ഹോട്ടലിലും ഇന്ത്യൻ പാർലമെന്റിലും പത്താൻകോട്ടലിലെ സൈനിക കേന്ദ്രങ്ങളിലും അവർ നടത്തിയ ആക്രമണങ്ങൾ ഇന്താ-പാക് ബന്ധത്തെ ഉലയ്ക്കുന്നവ ആയിരുന്നു. നക്സലൈറ്റ്-മാവോയിസ്റ്റ് തീവ്രവാദികളുടെ അക്രമ പ്രവർത്തനങ്ങളാണ് ആഭ്യന്തര തലത്തിൽ ഏറ്റവും രൂക്ഷവും വ്യാപകവുമായിട്ടുള്ളത്. വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വംശീയ തീവ്രവാദികളും പ്രാദേശികതലത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ആഗോള തലത്തിലുള്ള ഭീകരവാദ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ ഇന്ത്യയിലും പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നു. ഈ സാഹചര്യത്തിൽ തീവ്രവാദ പ്രവർത്തനങ്ങൾ ഇന്ത്യൻ മണ്ണിൽ വച്ചു പൊറുപ്പിക്കാതിരിക്കാൻ ആഭ്യന്തരതലത്തിലും അന്താരാഷ്ട്ര തലത്തിലും ഇന്ത്യ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ജാതി-മത-രാഷ്ട്രീയ വിഭാഗീയതകൾ മൂലം രാജ്യത്ത് അക്രമപ്രവർത്തനങ്ങൾ വർധിച്ചുവരുന്നത് ആശങ്കാജനകമാണ്. ബുദ്ധനും ഗാന്ധിജിക്കും ജന്മം നൽകിയ ഈ ആർഷ ഭാരതത്തിന്റെ മണ്ണിൽ വിഭാഗീയതയുടെയും അസഹിഷ്ണുതയുടെയും പേരിൽ ഒരു തുള്ളി രക്തം പോലും വീഴാൻ പാടില്ലാ എന്നാണ് ഈ രാജ്യത്തെ സ്നേഹിക്കുന്നവർ അഭിലഷിക്കുന്നത്. 'വൈവിധ്യത്തിൽ ഏകത്വം എന്നതാണ് ഭാരതത്തിന്റെ മുദ്രാവാക്യം. അത് ഉച്ചത്തിൽ ഉദ്ഘോഷിച്ചുകൊണ്ട് അക്രമരഹിതമായ മാർഗങ്ങളിലൂടെ മുന്നേറിയാൽ മാത്രമേ കണ്ണിലെ കൃഷ്ണമണിപോലെ ജനാധിപത്യത്തെ കാത്തുസൂക്ഷിക്കുവാൻ നമുക്ക് കഴിയുകയുള്ളൂ.

എല്ലാ തലങ്ങളിലും നടക്കുന്ന അഴിമതിയാണ് നമ്മുടെ ജനാധിപത്യത്തെ നിരർഥകമാക്കുന്ന മറ്റൊരു വിപത്ത്. ജനാധിപത്യത്തെ താങ്ങി നിർത്തുന്ന നാല് വൻ തൂണുകളിലും (ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി, മീഡിയ) അഴിമതി നുഴഞ്ഞുകയറിയിട്ടുള്ളതായി ആരോപണം ഉയർന്നിട്ടുണ്ട്. ഓരോ ദിവസവും ഞെട്ടിക്കുന്ന അഴിമതിക്കഥയാണ് നാം കേൾക്കുന്നത്. അഴിമതി പാടേ ഉന്മൂലനം ചെയ്യാൻ കഴിഞ്ഞാലേ നമ്മുടെ ജനാധിപത്യം വിജയമകുടം ചൂടുകയുള്ളൂ. രാഷ്ട്രീയമായ അതിപ്രസരം മൂലം നമ്മുടെ പാർലമെന്റിന്റെ ഇരു സഭകളും സംസ്ഥാന നിയമസഭകളും കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയാത്തവിധം സ്തംഭിപ്പിക്കുന്നത് സർവസാധാരണമായിരിക്കുന്നു. അതിനാൽ നിയമനിർമ്മാണ സഭകൾക്ക് അവയുടെ പ്രാഥമിക കർത്തവ്യങ്ങൾ നിർവഹിക്കുവാൻ കഴിയാത്ത സ്ഥിതി വിശേഷമാണ് സംജാതമായിരിക്കുന്നത്. ഇത് ജനാധിപത്യത്തിന്റെ അന്തഃസത്തയെത്തന്നെ ചോർത്തിക്കളയുന്ന ഒരു പ്രവണതയാണ്. ജനാധിപത്യത്തിന്റെ നാല് നെടും തൂണുകളും പരസ്പരം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യേണ്ടത് ജനാധിപത്യത്തിന്റെ സുസ്ഥിതിക്കും പരിപോഷണത്തിനും അത്യന്താപേക്ഷിതമാണ്.

നമ്മുടെ ഏറ്റവും വലിയ അഭിമാനം ചിരപുരാതനവും സംസ്കാര സമ്പന്നവുമായ ആർഷഭാരതമെന്ന നമ്മുടെ ജന്മഭൂമിയാണ്. സ്വതന്ത്രഭാരതത്തിന്റെ ഏറ്റവും വലിയ അഭിമാനം നിർവിഘ്നമായ ജനാധിപത്യവുമാണ്. അതിനാൽ ഭാരതം എന്ന ഇന്ത്യയിൽ ജനാധിപത്യം നീണാൾ വാഴട്ടെ എന്ന് നമുക്ക് ആത്മാർത്ഥമായി പ്രാർഥിക്കാം; അതിനായി നമുക്ക് ആശ്രാന്തം പരിശ്രമിക്കാം.

◆

# കാർഷിക രംഗത്തെ തൊഴിൽ സാധ്യതമേഖലകൾ

**എം.എ. സുധീർബാബു**

കാർഷിക മേഖലയിൽ നിരവധി പദ്ധതി സാധ്യതകളുണ്ട്. സ്വയം തൊഴിൽ സംരംഭങ്ങളെന്ന നിലയിലും, ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിലും, കുടുംബശ്രീകൾ, സ്വയം സഹായസംഘങ്ങൾവഴിയും വിവിധ സന്നദ്ധ സംഘടനകൾ വഴിയും ഇത്തരം സംരംഭങ്ങൾ, ഗ്രാമതലത്തിലും, ഡിവിഷൻ തലത്തിലും നടപ്പിലാക്കുക വഴി, മഹാത്മജിയുടെ സ്വപ്നമായ ഗ്രാമസ്വരാജ് നേടാനാവുമെന്നതിൽ തർക്കമില്ല.

കാർഷിക മേഖലക്കു പുറമെ മൃഗസംരക്ഷണ, ക്ഷീരമേഖലയിലും, മത്സ്യമേഖലയിലും നിരവധി സംരംഭങ്ങൾ ആരംഭിക്കാനും ലാഭകരമായി നടപ്പിലാക്കാനും ശ്രമമാവശ്യമാണ്. ശരിയായ ആസൂത്രണം, ശരിയായി നടപ്പിലാക്കൽ എന്നിവ ഉറപ്പാക്കണം. ജൈവനെൽകൃഷി (Organic Paddy Farming) ജൈവ പച്ചക്കറികൃഷി (Organic Vegetable Farming) കൂൺകൃഷി (Mashroom Farming) അലങ്കാരമീൻകൃഷി (Ornamental Fish Farming) വീട്ടുകുളങ്ങളിലേയും, ടാങ്കിലെയും മീൻകൃഷി (Fish Farming / Acquaculture) ചെമ്മീൻകൃഷി, ഞണ്ടുകൃഷി, കല്ലുമ്മക്കായ് കൃഷി, പശുവളർത്തൽ, നായ് വളർത്തൽ, മുയൽ വളർത്തൽ, കാടവളർത്തൽ, അലങ്കാരപക്ഷി വളർത്തൽ, തേനീച്ചവളർത്തൽ, കോഴി-താറാവു വളർത്തൽ, ചെറുതേനീച്ച വളർത്തൽ, നഴ്സറി നിർമ്മാണം, പുഷ്പകൃഷി (ഓർക്കിഡ്, ആന്തൂറിയം, ഇലച്ചെടി, മുല്ലകൃഷി, ബന്തിപ്പൂകൃഷി) ഔഷധ സസ്യകൃഷി, ടിഷ്യൂക്കൾച്ചർ വഴിയുള്ള തൈ ഉത്പാദന രംഗം, പച്ചക്കറിതൈ ഉൽപാദനം, ജൈവ ജീവാണുവള നിർമ്മാണം, കമ്പോസ്റ്റ് നിർമ്മാണം, പഴം -പച്ചക്കറികൃഷി (വാഴകൃഷി-നേന്ത്രവാഴകൃഷി, മറ്റിനം വാഴകൃഷി, കദളിവാഴകൃഷി, ഇലവാഴകൃഷി, അലങ്കാരവാഴകൃഷി) പച്ചക്കറി വിത്തുൽപാദനം, ചകിരിച്ചോറ് കമ്പോസ്റ്റുനിർമ്മാണം, ഭക്ഷ്യസംസ്കരണം (അച്ചാർ നിർമ്മാണം, ജാം, ജെല്ലി, സ്ക്വാഷ് നിർമ്മാണം, കൊണ്ടാട്ടം) ക്ഷീര സംസ്ക്കരണം, മാംസ സംസ്കരണം, മത്സ്യസംസ്കരണം, നാളികേരമേഖലയിലെ സംസ്കരണം, കരകൗശല വസ്തുനിർമ്മാണം (നാളികേരാധിഷ്ഠിതം), ഗൃഹവൈദ്യക്കൂട്ടുകൾ (ഔഷധകൃഷിയെ അടിസ്ഥാനമാക്കി വനിതകൾക്കായി ചെയ്യാവുന്ന സംരംഭങ്ങൾ) വിവിധ പാഴ്‌വസ്തുക്കളുടെ പുനരുപയോഗ പ്രോജക്ടുകൾ, ഹൈടെക്ക്കൃഷി (പോളിഹൗസ്, ഹരിതഗൃഹം), കൃത്യതാകൃഷി, അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ്) ടെറസ്സിലെയും ചട്ടിയിലേയും കൃഷി, കമുക് കൃഷിയുള്ള ഗ്രാമങ്ങളിൽ പാളയുടെ പാത്രനിർമ്മാണം, മുള





**ചില റസിഡൻസ് അസോസിയേഷനിൽ മട്ടുപ്പാവിലെ പച്ചക്കറി കൃഷി വിജയകരമായിക്കാണുന്നു. ഇതേപോലെ ഓരോ റസിഡൻസ് അസോസിയേഷനിലുള്ള വീട്ടുകാർക്ക് ആവശ്യമായ പഴം പച്ചക്കറിയുടെ ആവശ്യകത, ഇപ്പോഴുള്ള ലഭ്യത എന്നിവ സർവ്വെ വഴി തിരിച്ചറിയുവാനും ആവശ്യമുള്ള പഴം പച്ചക്കറികൾ പുതിയതായി കൃഷി ചെയ്യുവാനോ മറ്റിടങ്ങളിൽ നിന്ന് എത്തിക്കുവാനോ ഉള്ള സമീപനം ആവശ്യമാണ്. ഒരു പ്രദേശത്തെ എല്ലാ റസിഡൻസ് അസോസിയേഷനുകളുമായിചേർന്ന് ഇത്തരം കൃഷി വികസന സമീപനം ആരംഭിക്കണം.**

യുടെ ഉത്പന്ന നിർമ്മാണരംഗം, പുഷ്പകൃഷി അടിസ്ഥാനമാക്കിയുള്ള ബൊക്കെ നിർമ്മാണം, മാല നിർമ്മാണം എന്നിങ്ങനെ നിരവധി തൊഴിൽ സംരംഭങ്ങൾ ഓരോ പ്രദേശങ്ങളിലുമുണ്ട്. ഇവയെ ശരിയായി തിരിച്ചറിഞ്ഞ് വിദഗ്ധ ഉപദേശപ്രകാരം പ്രോജക്ട് ഉണ്ടാക്കി സാധ്യതാപഠനം നടത്തി നടപ്പിലാക്കണം. ഔഷധ സസ്യകൃഷിയിൽ വിപണി ഉറപ്പാക്കാതെ കൃഷി സംരംഭം വിജയിക്കുകയില്ല. ഗ്രാമതലത്തിൽ ഔഷധ സസ്യകൃഷി ചെയ്യുന്നവർ ഗ്രൂപ്പായി പ്രവർത്തിച്ച് മരുന്നുവാങ്ങുന്ന കമ്പനിക്കാരുമായി കരാറുണ്ടാക്കി സ്ഥിരമായി വിപണനസാധ്യതകൾ കണ്ടെത്തണം. കാർഷിക മേഖലയിലെ മിക്ക തൊഴിൽ സംരംഭങ്ങളും പരാജയപ്പെടുന്നതിന് കാരണം. കൃത്യമായി ആസൂത്രണം ചെയ്യാതെ പ്രൊജക്ടിന്റെ സാധ്യത ശരിയായി വിലയിരുത്താതെ നടപ്പിലാക്കുന്നതുകൊണ്ടാണ്. ഇതിനുപുറമെ വിപണനം വളരെ തലവേദനയാണ്. ഇതിന് ആദ്യം വിപണിയുടെ സാധ്യതാ പഠനവും സ്ഥിരമായിവ്യത്യസ്ഥ ഉൽപ്പന്നങ്ങൾ നൽകുന്നതിനും ശ്രമിക്കണം.

ഒരു ഗ്രാമപ്രദേശത്തോ ടൗണിലോ ആവശ്യമായി വരുന്ന പഴം പച്ചക്കറിയുടെ ഒരു കണക്കുണ്ടായിരിക്കണം ഇത് വാർഡ് അടിസ്ഥാനമാക്കിയോ, ഡിവിഷൻ അടിസ്ഥാനമാക്കിയോ വീടുകൾ കയറിയിറങ്ങിയുള്ള സർവ്വെ വഴി മനസ്സിലാക്കണം. അതായത് ഒരു വാർഡിലെ എല്ലാ വീടുകളിലും ഒരു മാസം എത്രപ്രാവശ്യം പഴം പച്ചക്കറി ഉൽപ്പന്നങ്ങൾ പുറത്തുനിന്ന് എത്രകണക്കിന് വാങ്ങുന്നു? ഇതിന് എത്രരൂപയോളം ചെലവാകുന്നു? ഇത്തരം ഒരു കണക്ക് ആദ്യമേ ശേഖരിക്കണം. ഇത് അടിസ്ഥാനമാക്കി ആവശ്യമുള്ള വിവിധ പച്ചക്കറികളുടെ തരംതിരിവും മനസ്സിലാക്കണം. അതായത് എത്രകിലോ പയർ, വെണ്ട, തക്കാളി, മുളക് എന്നിവയാണ് ഓരോ കുടുംബവും ഓരോ മാസം വാങ്ങിക്കുന്നത് എന്നറിഞ്ഞാൽ ഏത് പച്ചക്കറിയാണ് ഒരു വാർഡിൽ ഏറ്റവും കൂടുതൽ വാങ്ങിക്കുന്നത് എന്ന് തിരിച്ചറിയാം ഇതല്ലാതെ ഓരോ വാർഡിലും ലഭ്യമായ കാർഷിക വിളകളുടെ കണക്ക്, പച്ചക്കറികളുടെ ലഭ്യത എന്നിവയും ശേഖരിക്കണം. ഒരു വാർഡിലെ വീട്ടുപറമ്പിൽ ശീമച്ചക്ക (കടച്ചക്ക) ഉള്ളവർ മറ്റുള്ളവർക്ക് കൈമാറ്റം ചെയ്യപ്പെടേണ്ടതാണ്. ഇതേപോലെ കറിവേപ്പില, മുരിങ്ങഇല, കായ, ഇടിച്ചക്ക, ചക്ക, മാങ്ങ, വാളൻപുളി, വിവിധ നാരങ്ങകൾ എന്നിവമറ്റു ഭാഗങ്ങളിലേയ്ക്ക് ആവശ്യക്കാർക്ക് നൽകുവാൻ ശ്രമം ആവശ്യമാണ്. ഇതിനായി ഒരു കാർഷിക വിഭവലഭ്യത രജിസ്റ്റർ (Crop Produce Abailability Register) എല്ലാ വാർഡിലും ഉണ്ടാകുന്നത് ഗുണം

ചെയ്യും. ഇതിന് കുടുംബശ്രീക്കാർ, സ്വയം സഹായ സംഘങ്ങൾ, വി.എ ഫ്.പി.സി.കെ. ഗ്രൂപ്പുകൾ, കാർഷിക ക്ലബ്ബുകൾ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്താം. ഓരോ വാർ ഡിലുമുള്ള സന്നദ്ധ സംഘടനകൾ യൂത്ത് ക്ലബ്ബുകൾ വിവിധ കാർഷിക സംഘങ്ങൾ എന്നിവയുടെ സേവന വും സർവ്വെക്കും രജിസ്റ്റർ നിർമ്മാ ണത്തിനും വിനിയോഗിക്കാവുന്ന താണ്. ചില പ്രദേശങ്ങളിൽ ചക്ക ധാരാളമായി ലഭിക്കുന്ന സീസൺ ഏതെന്ന് വ്യക്തമാക്കുന്ന രജി സ്റ്റർ ഉണ്ടായാൽ ചക്ക വിപണനം എളുപ്പമാക്കാം. ചില റസിഡൻസ് അസോസിയേഷനിൽ മട്ടുപ്പാവിലെ പച്ചക്കറി കൃഷി വിജയകരമായിക്കാ ണുന്നു. ഇതേപോലെ ഓരോ റസി ഡൻസ് അസോസിയേഷനിലുള്ള വീട്ടുകാർക്ക് ആവശ്യമായ പഴം പച്ചക്കറിയുടെ ആവശ്യകത, ഇപ്പോ ഴുള്ള ലഭ്യത എന്നിവ സർവ്വെ വഴി തിരിച്ചറിയുവാനും ആവശ്യമുള്ള പഴം പച്ചക്കറികൾ പുതിയതായി കൃ ഷി ചെയ്യുവാനോ മറ്റിടങ്ങളിൽ നിന്ന് എത്തിക്കുവാനോ ഉള്ള സമീപനം ആവശ്യമാണ്. ഒരു പ്രദേശത്തെ എല്ലാ റസിഡൻസ് അസോസിയേഷ നുകളുമായിചേർന്ന് ഇത്തരം കൃഷി വികസന സമീപനം ആരംഭിക്ക ണം. ചില ഇടങ്ങളിൽ ഇത് വലിയ വിജയമായതിനാൽ ഫേസ്ബുക്ക്, മൊബൈൽഫോൺ, ഇന്റർനെറ്റ് വഴിയുള്ള കൃഷി കൂട്ടായ്മകളും ഇന്ന് നമ്മുടെ നാട്ടിൽ വ്യാപകമാ യി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തു തലത്തിലോ, നഗരസഭാ കോർപ്പ റേഷൻ തലത്തിലോ കാർഷിക വി കസന പദ്ധതികൾ ആവിഷ്കരിക്കു മ്പോൾ ഇക്കാര്യങ്ങൾ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമപഞ്ചായ ത്തുകൾ, അല്ലെങ്കിൽ മറ്റു തദ്ദേശ സ്ഥാപനങ്ങൾ, കൃഷി ഭവനുകൾ, മൃഗസംരക്ഷണ വകുപ്പ്, മണ്ണുപര്യ വേക്ഷണ മണ്ണു സംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, സർവ്വീസ് സഹകരണ ബാങ്കുകൾ, വാണിജ്യ ബാങ്കുകൾ, നബാർഡ് പോലുള്ള സ്ഥാപനങ്ങൾ, കാർഷിക സർവ്വക ലാശാലയുടെ കീഴിലുള്ള സ്ഥാപ നങ്ങൾ, കൃഷി വിജ്ഞാന കേന്ദ്ര ങ്ങൾ, വെറ്ററിനറി സർവ്വകാലാശാല, ഫോറസ്ട്രി കോളേജ്, മറ്റു സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണംവഴി പദ്ധതികൾ നടപ്പിലാക്കണം. ഒരു മാതൃകാ പ്രൊജക്ടിന് ശരിയായ 1. ആമുഖം, 2. ലക്ഷ്യം, 3. ഗുണഭോ ക്താക്കൾ, 4. പ്രധാന പ്രവർത്തനങ്ങൾ 5. ധനകാര്യ വിശകലനം (മൂലധന ചെലവ്, പ്രവർത്തന മൂലധനം) 6. നേട്ടങ്ങൾ, 7 അവലോകനം എന്നീ ഘട കങ്ങൾ ഉണ്ടായിരിക്കണം. ഉദാഹരണമായി കൂൺ കൃഷിയുടെ പ്രൊജക് ടാണെന്നിരിക്കട്ടെ, ഇതിനുള്ള നിലവിലെ ആ പ്രദേശത്തെ സാധ്യതകൾ എന്തൊക്കെയാണ്? നിലവിലുള്ള പരിമിതികൾ എന്തൊക്കെയാണ്? എന്നിവ ആദ്യം മനസ്സിലാക്കണം. ഒരു ഗ്രാമപഞ്ചായത്തിൽ നിറയെ നേന്ത്രവാഴകൃഷി ഉണ്ടെന്നിരിക്കട്ടെ അവിടെ നിന്ന് ലഭിക്കുന്ന വാഴത്തടകൾ, റബ്ബർ തടിയുടെ പൊടി, വൈക്കോൽ, കരിമ്പിൻചണ്ടി ഇവയെല്ലാം ഫലപ്രദമായി കൂൺകൃഷി മാധ്യമമായി ഉപയോഗിക്കാം. ഇതാണ് ഈ പ്രൊജക്ടിന്റെ സാധ്യതകൾ. എന്നാൽ ശാസ്ത്രീയമായിട്ടുള്ള സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്, പരിശീലന ലഭ്യതയില്ലായ്മ, നല്ല കൂൺവിത്തിന്റെ ലഭ്യതയില്ലായ്മ, കൂണി ന്റെ വിപണനത്തിന്റെ സാധ്യത സംബന്ധിച്ച് വിവരമില്ലായ്മ, വിപന ചങ്ങ ലയുടെ അസന്തുലിതാവസ്ഥ എന്നിവ കൂൺകൃഷിയുടെ പരിമിതികളാണ്. മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് വളരെ കാര്യക്ഷമമായതും ഫലപ്രദമായതുമായ പരിഹാര മാർഗങ്ങൾ തേടണം. നെൽകൃഷിയുള്ള പാലക്കാട്, തൃശ്ശൂർ കോൾ നിലങ്ങൾക്ക് സമീപമുള്ള പ്രദേശങ്ങൾ, ആലപ്പുഴ എന്നിവിടങ്ങളിൽ നെല്ലും മീനും, നെല്ലും താറാവും, എന്നിവയ്ക്ക് പുറമെ വൈക്കോൽ അടിസ്ഥാനമാ

**ഒരു ഗ്രാമപഞ്ചായത്തിൽ നിറയെ നേന്ത്രവാഴകൃഷി ഉണ്ടെന്നിരിക്കട്ടെ അവിടെ നിന്ന് ലഭിക്കുന്ന വാഴത്തടകൾ, റബ്ബർ തടിയുടെ പൊടി, വൈക്കോൽ, കരിമ്പിൻചണ്ടി ഇവയെല്ലാം ഫലപ്രദമായി കൂൺകൃഷി മാധ്യമമായി ഉപയോഗിക്കാം. ഇതാണ് ഈ പ്രൊജക്ടിന്റെ സാധ്യതകൾ. എന്നാൽ ശാസ്ത്രീയമായിട്ടുള്ള സാങ്കേതിക പരിജ്ഞാനത്തിന്റെ കു റവ്, പരിശീലന ലഭ്യതയില്ലായ്മ, നല്ല കൂൺവിത്തിന്റെ ലഭ്യതയില്ലായ്മ, കൂണിന്റെ വിപണനത്തിന്റെ സാധ്യത സംബന്ധിച്ച് വിവരമില്ലായ്മ, വിപന ചങ്ങലയുടെ അസന്തുലിതാവസ്ഥ എന്നിവ കൂൺകൃഷിയുടെ പരിമിതികളാണ്.**





**മണ്ണുപര്യവേക്ഷണ അടിസ്ഥാനത്തിൽ വിവിധ പഞ്ചായത്തുകളിലെ വിശദമായ മണ്ണുപര്യവേക്ഷണ റിപ്പോർട്ടുകൾ ലഭ്യമാണ്. ഇത് അടിസ്ഥാനമാക്കി മണ്ണിന്റെ പരിപാലനം സമഗ്രമായി സംസ്ഥാന തലത്തിൽ തന്നെ എല്ലാ ഇടങ്ങളിലും നടപ്പിലാക്കാനും അതിലൂടെ കാർഷികോത്പാദനം ഇപ്പോൾ ഉള്ളതിനേക്കാൾ ഇരട്ടിയാക്കാനും സാധിക്കും.**

ക്കിയുള്ള കൂൺകൃഷിയും പ്രചരിപ്പിക്കാവുന്നതാണ്. പ്രൊജക്ടുകളുടെ രൂപീകരണം സംബന്ധിച്ച് വരുന്ന ലേഖനങ്ങളിൽ പരാമർശിക്കുന്നതാണ്. ഓരോ ഡിവിഷനിലും വാർഡിലും, കാർഷിക സ്വയം പര്യാപ്തത ഉറപ്പാക്കാൻ മണ്ണിന്റെ ഗുണമേന്മ പരിശോധിക്കാൻ പ്രൊജക്ടുകൾ നടപ്പിലാക്കാവുന്നതാണ്. മണ്ണിന്റെ സമഗ്രമായ വിശകലനത്തിനുശേഷം മണ്ണാരോഗ്യ കാർഡുകൾ നൽകുന്നതുവഴി കാർഷികോത്പാദനത്തിൽ കുതിച്ചുചാട്ടം ഉണ്ടാക്കാം. ഇതിനായി സംസ്ഥാന മണ്ണു പര്യവേക്ഷണ സംരക്ഷണ വകുപ്പ്, കൃഷിവകുപ്പ്, കേരള കാർഷിക സർവ്വകലാശാല എന്നിവയുടെ സേവനങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം. മണ്ണുപര്യവേക്ഷണ അടിസ്ഥാനത്തിൽ വിവിധ പഞ്ചായത്തുകളിലെ വിശദമായ മണ്ണുപര്യവേക്ഷണ റിപ്പോർട്ടുകൾ ലഭ്യമാണ്. ഇത് അടിസ്ഥാനമാക്കി മണ്ണിന്റെ പരിപാലനം സമഗ്രമായി സംസ്ഥാന തലത്തിൽ തന്നെ എല്ലാ ഇടങ്ങളിലും നടപ്പിലാക്കാനും അതിലൂടെ കാർഷികോത്പാദനം ഇപ്പോൾ ഉള്ളതിനേക്കാൾ ഇരട്ടിയാക്കാനും സാധിക്കും. കാർഷിക മേഖലയുടെ സമഗ്രമായ ആസൂത്രണത്തിന് ഓരോ പ്രദേശങ്ങളിലേയും മണ്ണിന്റെ ഗുണം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ ആവശ്യമാണ്. ഇതിന് ഏറെ സഹായകരമാണ് സോയിൽ സർവ്വെ റിപ്പോർട്ടുകൾ. സംസ്ഥാനത്തെ ബെഞ്ചുമാർക്ക് മണ്ണിനങ്ങളെ സമഗ്രമായി പ്രതിപാദിച്ചിട്ടുള്ള ഒരു റഫറൻസ് പുസ്തകം സോയിൽ സർവ്വെ വിഭാഗം നൽകിവരുന്നുണ്ട്. ഇന്ത്യയിലെ തന്നെ പ്രഥമവും, ലോകത്തിലെ തന്നെ വലിയതുമായി ഒരു സോയിൽ മ്യൂസിയം തിരുവനന്തപുരത്ത് പാറോട്ടുകോണത്ത് മണ്ണുപര്യവേക്ഷണ സംരക്ഷണവകുപ്പിനുകീഴിൽ പ്രവർത്തിച്ചു വരുന്നു. ഈ മണ്ണു പ്രദർശനശാല ഗവേഷകർ ജനപ്രതിനിധികൾ, തദ്ദേശസ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, കർഷകർ, വിദ്യാർത്ഥികൾ എന്നിവർ നിർബന്ധമായും സന്ദർശിക്കേണ്ടതും നമ്മുടെ മണ്ണിനെ മനസ്സിലാക്കിയുള്ള കാർഷിക വികസനം സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാൻ ശ്രമിക്കേണ്ടതുമാണ്. മണ്ണുപരിശോധന നിർബന്ധമാക്കിയുള്ള കാർഷികോൽപാദനം വഴി മാത്രമേ നമ്മുടെ നാട്ടിലെ കൃഷിഭൂമിയുടെ ഉൽപ്പാദന ക്ഷമതകൂട്ടാനും, ഭക്ഷ്യസുരക്ഷ സംരക്ഷിക്കാനും ഇനി സാധിക്കുകയുള്ളൂ എന്ന് ഈ വൈകിയ വേളയിൽ എല്ലാവരും തിരിച്ചറിയേണ്ടതാണ്. 2016 അന്താരാഷ്ട്ര പയർവർക്ഷവിളകളുടെ വർഷമായി ആചരിക്കുന്നതിനാൽ ഇക്കാര്യം പ്രത്യേകം പ്രാധാന്യമർഹിക്കുന്നു.

*എം.എ. സുധീർബാബു, പട്ടാമ്പി*
*(കേരളത്തിലെ പ്രശസ്ത കൃഷിമാധ്യമ വിദഗ്ധനാണ്. 23 വർഷത്തെ കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനത്തിന് ന്യൂദൽഹിയിലെ ബി.ഡി.എസ്.എ.യുടെ 2015ലെ ഡോ. അംബേദ്കർ എക്സലൻസി സർവ്വീസ് നാഷണൽ അവാർഡ് അടക്കം നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ഇപ്പോൾ തൃശ്ശൂരിൽ മണ്ണു പര്യവേക്ഷണ ഓഫീസറാണ്.)*

◆



# പെൺകുട്ടികളല്ലേ നമുക്ക് വേണ്ടത്?

## ജനുവരി 24

### പെൺകുട്ടികൾക്കുവേണ്ടിയുള്ള ദേശീയ ദിനം

**ടി. ഷാഹുൽ ഹമീദ്**

കുട്ടികൾ രാജ്യത്തിന്റെ വരദാനമാണ്. ഭാവിഭാഗധേയം നിശ്ചയിക്കുന്നത് അവരാണ്. എന്നാൽ പെൺകുട്ടികളിലെ സവിശേഷമായ ഗുണവിശേഷങ്ങളും കുടുംബത്തോടുള്ള കരുതലും അമൂല്യ സമ്പത്താണ്. പെൺകുട്ടികൾക്ക് മാത്രമായി ഒരുദിനം നാം എല്ലാവർഷവും ജനുവരി 24–ാം തീയതി 2008 മുതൽ ആഘോഷിക്കുന്നു. എത്രപേർക്ക് ഇതറിയാം? ആൺകുട്ടികൾ ആസ്തികളായും പെൺകുട്ടികൾ ബാധ്യതയായും സമൂഹം കണക്കാക്കിയിരുന്ന ആ കാലം പൊയ്പോയി. ഇപ്പോൾ പെൺകുട്ടികളെ നല്ലരീതിയിൽ വളർത്തേണ്ടതിന്റെയും സംരക്ഷിക്കേണ്ടതിന്റെയും നല്ല പാഠങ്ങൾ പഠിപ്പിക്കേണ്ടതിന്റെയും പ്രാധാന്യം ഏവരും ഉൾക്കൊണ്ടിരിക്കുന്നു. അന്തർദേശീയ രംഗത്ത് ഐക്യരാഷ്ട്രസഭയുടെ ആഭിമുഖ്യത്തിൽ 2012 മുതൽ ഒക്ടോബർ 11 ന് പെൺകുട്ടികളുടെ ദിനമായി കൊണ്ടാടുന്നുണ്ട്.

പെൺകുട്ടികൾ അസമത്വം നേരിടുന്ന മേഖലകൾ അനവധിയുണ്ട്. വിദ്യാഭ്യാസം, പോഷകാഹാരം, നിയമപരമായി ലഭിക്കേണ്ട അവകാശങ്ങൾ, ആരോഗ്യ ശുശ്രൂഷ, പരിപാലനം, സംരക്ഷണം, അംഗീകാരം, ശൈശവ വിവാഹം, ഭ്രൂണഹത്യ തുടങ്ങിയവ ഉദാഹരണം; പെൺകുട്ടികൾക്ക് എല്ലാ തുണയും അവസരങ്ങളും തുല്യമായി ഒരുക്കി കൊടുക്കുന്നതിന് പൊതുവായ അവ


ജനുവരി 2016 ◂ പഞ്ചായത്ത് രാജ് ▸ 19

ബോധം ഉണ്ടാക്കുക എന്നത് ആധുനിക സമൂഹത്തിന്റെ കടമയാണ്, ഇതിനായി ഇന്ത്യയിൽ ഒരു ദേശീയ മിഷൻ പ്രവർത്തിക്കുന്നുണ്ട്. പെൺകുട്ടികളുടെ സർവ്വതോന്മുഖമായ പുരോഗതിക്കും അവരുടെ വളർച്ചക്കും വികാസത്തിനും വിഘാതമായി നിൽക്കുന്ന എല്ലാ ഘടകങ്ങളെയും സാമൂഹ്യാധിഷ്ഠിത സമീപനം സ്വീകരിച്ച് ഇല്ലാതാക്കുകയും അവരിൽ അഭിമാനബോധവും, പെൺകുട്ടികൾ ഒരു സമ്പത്താണെന്ന അവബോധം രക്ഷിതാക്കളിൽ ദൃഢീകരിക്കുവാനുള്ള പ്രവർത്തനമാണ് മിഷൻ നടത്തുന്നത്. കൂടാതെ തീരുമാനം എടുക്കുവാനുള്ള അവരുടെ അവകാശം പൂർണ്ണമായും സംരക്ഷിച്ച് സമൂഹത്തിലെ സ്ഥാനം ഉയർത്തുന്നതിലൂടെ സാമൂഹ്യവിവേചനം ഇല്ലാതാക്കി സുരക്ഷിതത്വം ഉറപ്പുവരുത്താൻ കഴിയും. ആൺകുട്ടികൾക്ക് ലഭിക്കുന്ന പരിഗണനയും പരിലാളനവും പെൺകുട്ടികൾക്കും ലഭ്യമാവണം. പ്രത്യേക സഹാനുഭൂതിയോ, സഹായമോ ഇല്ലാതെ സ്വന്തം കാലിൽ നിൽക്കുവാൻ അവരെ പ്രാപ്തരാക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമാണ്.

ദേശീയതലത്തിൽ സ്ത്രീ സാക്ഷരത 53.87% മാണ് മൂന്നിൽ ഒന്ന് പെൺകുട്ടികളും പോഷകാഹാരകുറവ് അനുഭവിക്കുന്നു. വിളർച്ച സ്ത്രീകളുടെ കൂടപ്പിറപ്പാണ്, രോഗങ്ങൾ മുൻകൂട്ടി മനസിലാക്കാനുള്ള അവസരമില്ലായ്മയും ദാരിദ്ര്യവും ഏറ്റവും കൂടുതൽ ബാധിക്കുന്നത് പെൺകുട്ടികളെയാണ്. 14 വയസ്സ് വരെ സാർവ്വത്രികമായ വിദ്യാഭ്യാസം സൗജന്യമാണെങ്കിലും കേരളമൊഴിച്ചുള്ള സംസ്ഥാനങ്ങളിൽ പെൺകുട്ടികൾക്ക് വിദ്യാഭ്യാസം പൂർണ്ണ അർത്ഥത്തിൽ ലഭിക്കുന്നില്ല. സ്കൂളിൽ പോകാത്ത കുട്ടികളിൽ 60%വും പെൺകുട്ടികളാണ് കേന്ദ്രമാനവ വിഭവശേഷി മന്ത്രാലയത്തിന്റെ കണക്ക് പ്രകാരം പന്ത്രണ്ടാം ക്ലാസിൽ എത്തുന്നതിന് മുമ്പ് 61.5% പെൺകുട്ടികളും കൊഴിഞ്ഞുപോകുന്നു. ഭ്രൂണാവസ്ഥയിൽ നശിപ്പിക്കപ്പെടുന്ന പെൺകുട്ടികളെ സംബന്ധിച്ച് അമർത്യസെൻ തന്നെ ആശങ്ക പങ്കുവയ്ക്കുന്നുണ്ട്. ലോകത്ത് 100 മില്യൺ പെൺകുട്ടികൾ ബാലവേല ചെയ്യുന്നു അവരിൽ 50% കുട്ടികളും അതിദുർഘടമായ സാഹചര്യത്തിലാണ് ജോലിചെയ്യുന്നത് എന്ന് അന്താരാഷ്ട്ര തൊഴിൽ സംഘടന വ്യക്തമാക്കുകയുണ്ടായി. 1980 വരെ ലൈംഗിക തൊഴിലിലേയ്ക്ക് പല കാരണങ്ങൾ കൊണ്ട് വഴുതിപോകുന്ന പെൺകുട്ടികളുടെ പ്രായം 14 വയസ്സ് മുതൽ 16 വയസ്സ് വരെയായിരുന്നെങ്കിൽ ഇന്ന് ഇന്ത്യയിൽ ഇത് 10 വയസ്സ് മുതൽ 14 വയസ്സ് വരെയായി കുറഞ്ഞിരിക്കുന്നു, ഐക്യരാഷ്ട്ര സഭയുടെ കണക്ക് പ്രകാരം ലോകത്തെ മൂന്നിൽ ഒന്ന് പെൺകുട്ടികളും അവരുടെ വളർച്ചയുടെ പ്രയാണത്തിനിടയിൽ ശാരീരികമായും, ലൈംഗികമായും ചൂഷണം ചെയ്യപ്പെടുന്നു. കുടുംബ ബന്ധമുള്ളവരിൽ നിന്ന് പ്രയാസം അനുഭവിക്കുന്ന പെൺകുട്ടികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നു. പഠനസമയത്ത് അദ്ധ്യാപകരിൽ നിന്നും പെൺകുട്ടികൾക്ക് അസുഖകരമായ അനുഭവങ്ങൾ നേരിടേണ്ടിവരുന്നു.



ജനന ലിംഗാനുപാതത്തിൽ പെൺകുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നത് വലിയ ഭീഷണിയായി നിൽക്കുന്നു പെൺകുട്ടികളുടെ സംഖ്യയിൽ 11% ഇടിവ് ഏഷ്യൻ രാജ്യങ്ങളിൽ അനുഭവപ്പെടുന്നു. 1962 ൽ ഇന്ത്യയിൽ 100 പെൺകുട്ടികൾക്ക് 102.2 ആൺകുട്ടികളായ സ്ഥാനത്ത് 2011 ലെ സെൻസസ്സ് പ്രകാരം 100 പെൺകുട്ടികൾക്ക് 109.9 ആൺകുട്ടികളാണ്. ഹരിയാനയിൽ 119.7, പഞ്ചാബിൽ 117.6, ഉത്തരാഖണ്ഡിൽ 114.2, മഹാരാഷ്ട്ര 114.2, ഗുജറാത്തിൽ 113.7, കേരളത്തിൽ 102.2. ആണ്.

52.48% സ്ത്രീകൾ ഉള്ള കേരളത്തിൽ പെൺകുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നത് യുനസ്കോ അടക്കമുള്ള അന്താരാഷ്ട്ര സംഘടനകൾ സസൂക്ഷ്മം നിരീക്ഷിക്കുന്നുണ്ട്. 2011 ലെ സെൻസസ്സ് പ്രകാരം കേരളത്തിൽ 6 വയസ്സ് വരെയുള്ള കുട്ടികളുടെ സംഖ്യയിൽ 16.95% ആൺകുട്ടികളും 16.26% പെൺകുട്ടികളുമാണ്, 1000 പുരുഷന്മാർക്ക് 1084 സ്ത്രീകൾ ഉള്ള സംസ്ഥാനത്ത് മലപ്പുറം ഒഴികെ മറ്റ് എല്ലാ ജില്ലകളിലും പെൺകുട്ടികളുടെ എണ്ണം കുറയുന്നു. മലപ്പുറത്ത് 4.08% പെൺകുട്ടികളുടെ എണ്ണം വർദ്ധിക്കുമ്പോൾ പത്തനംതിട്ടയിൽ 23.76% നെഗറ്റീവ് വളർച്ചയാണ് കാണിക്കുന്നത്. 6 വയസ്സ് വരെയുള്ള കുട്ടികളുടെ കണക്ക് പരിശോധിച്ചാൽ 1000 ആൺകുട്ടികൾക്ക് 964 പെൺകുട്ടികളാണ് കേരളത്തിൽ ഉള്ളത്. പത്തനംതിട്ടയിൽ ഇത് 976, തൃശ്ശൂരിൽ 950 ആണെന്ന് അറിയുമ്പോഴാണ് പെൺകുട്ടികളുടെ ജനനം

**പെൺകുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും വളർച്ചക്കും വേണ്ടി നിയമനിർമ്മാണങ്ങൾ ഉണ്ടായിട്ടും അതൊന്നും വേണ്ടത്ര ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. 1974 ൽ കുട്ടികൾക്ക് വേണ്ടി മാത്രം ഒരു നയം രാജ്യം ഉണ്ടാക്കി 2005 ൽ ദേശീയ തലത്തിൽ കുട്ടികൾക്കായി ഒരു പ്രവർത്തനപരിപാടി ആസൂത്രണം ചെയ്തു. ഭ്രൂണാവസ്ഥയിൽ ലിംഗപരിശോധന സംബന്ധിച്ചുള്ള കർശന നിയമം ഉണ്ടാക്കി**

തടസ്സപ്പെടുന്നു എന്ന യാഥാർത്ഥ്യം നമുക്ക് മനസ്സിലാകുന്നത്; സമൂഹ മനസ്സാക്ഷി ഉണരേണ്ടതായ ഒരു സാമൂഹ്യപ്രശ്നമാണ് പെൺകുട്ടികളുടെ സംഖ്യയിലെ കുറവ്.

ഭ്രൂണാവസ്ഥയിൽ നിന്ന് തന്നെ പെൺകുട്ടികൾ വിവേചനം നേരിടുന്നു. പെണ്ണാണെങ്കിൽ എങ്ങനെയെങ്കിലും ഭ്രൂണാവസ്ഥയിൽ തന്നെ നിഷ്കാസനം ചെയ്യുന്ന പ്രവണത കൂടിവരുന്നു; വിവിധ നിയമങ്ങൾ രാജ്യത്തുണ്ടെങ്കിലും ഭ്രൂണഹത്യ നടത്തുന്നത് ഫലപ്രദമായി തടയാൻ നമുക്ക് സാധിക്കുന്നില്ല. ജീവിതാരംഭത്തിൽ തന്നെ അതിർ വരമ്പുകളും വേർതിരിവുകളും നടപടിചട്ടങ്ങളും പെൺകുട്ടികളെ ആൺകുട്ടികളിൽ നിന്ന് വേർതിരിക്കുന്നു. വിവേചനം പെൺകുഞ്ഞിന് നഷ്ടപ്പെടുത്തുന്നത് ജീവിതവിജയം നേടാനുള്ള അവസരമാണ് പ്രതിവർഷം ഒരു ലക്ഷം പെൺ ഭ്രൂണങ്ങൾ ഇന്ത്യയിൽ ഇല്ലാതാക്കുന്നു. 1971 ൽ മെഡിക്കൽ ടെർമ്മിനേഷൻ ഓഫ് പ്രഗ്നൻസി എന്ന നിയമം ഉണ്ടായി എങ്കിലും 1994 ൽ പ്രീനാറ്റൽ ഡയഗ്നോസ്റ്റിക് ടെക്നിക്സ് നിയമപ്രകാരം ഭ്രൂണാവസ്ഥയിൽ ലിംഗപരിശോധന നിയമവിരുദ്ധമാക്കിയിരുന്നു. 2004 ൽ ഈ നിയമത്തിന് ഭേദഗതി വന്നെങ്കിലും, ഇന്ത്യയിൽ കഴിഞ്ഞ ഒരു ദശകത്തിനിടയിൽ 106000 ഭ്രൂണഹത്യ മാത്രമേ തടയാൻ സാധിച്ചിട്ടുള്ളൂ. ഭ്രൂണാവസ്ഥയിലുള്ള ലിംഗപരിശോധന നിയമവിരുദ്ധമാണെങ്കിലും ക്ലിനിക്കുകളിൽ ഇത് രഹസ്യമായി നടക്കുന്നുവെന്നത് യാഥാർത്ഥ്യമാണ്. മുംബൈ ഹൈക്കോടതിയുടെ ഈയടുത്തുള്ള വിധിന്യായത്തിൽ ജനനത്തിന് മുമ്പുള്ള ലിംഗനിർണ്ണയം അത് പെണ്ണാണോ എന്ന് പരിശോധിച്ച് ഇല്ലാതാക്കുന്നതിനാണെങ്കിൽ അത് ഭരണഘടന നൽകുന്ന സ്ത്രീ സ്വാതന്ത്ര്യത്തിനെതിരെയുള്ള കടന്നുകയറ്റമാണ് എന്ന് പ്രസ്താവിച്ചിട്ടുണ്ട്.

പെൺകുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും വളർച്ചക്കും വേണ്ടി നിയമനിർമ്മാണങ്ങൾ ഉണ്ടായിട്ടും അതൊന്നും വേണ്ടത്ര ഫലപ്രദമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല. 1974 ൽ കുട്ടികൾക്ക് വേണ്ടി മാത്രം ഒരു നയം രാജ്യം ഉണ്ടാക്കി 2005 ൽ ദേശീയ തലത്തിൽ കുട്ടികൾക്കായി ഒരു പ്രവർത്തനപരിപാടി ആസൂത്രണം ചെയ്തു. ഭ്രൂണാവസ്ഥയിൽ ലിംഗപരിശോധന സംബന്ധിച്ചുള്ള കർശന നിയമം ഉണ്ടാക്കി, അസാൻമാർഗിക പ്രവർത്തനങ്ങൾക്കായി കുട്ടികളെ കടത്തികൊണ്ട് പോകുന്നതിനെതിരെ 1986 ൽ മറ്റൊരു നിയമം ഉണ്ടാക്കി, 2000 ത്തിലെ ജുവനൈൽ ജസ്റ്റിസ് നിയമം, ഇന്ത്യൻ പീനൽ കോഡിലെ കുട്ടികളെ സംബന്ധിച്ചുള്ള വകുപ്പുകൾ, 2009-ലെ ഗാർഹീക പീഡന നിയമം, 2006-ലെ ശൈശവ വിവാഹം സംബന്ധിച്ച നിയമം, 2006-ലെ സ്ത്രീധന നിരോധന നിയമം എന്നിവ പെൺകുട്ടികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നവയാണ്. ഫലപ്രദമായി നിയമങ്ങളെ ഉപയോഗിച്ചും സമൂഹ്യ ഇടപെടലുകളിലൂടെയും പെൺ കുഞ്ഞുങ്ങൾക്ക് എതിരെയുള്ള പ്രവർത്തനങ്ങൾ തടയാൻ സമൂഹ മനസ്സാക്ഷി ഈ ദിനം ആചരിക്കുമ്പോൾ എങ്കിലും ഉണരേണ്ടതായിട്ടുണ്ട്.


പെൺകുട്ടികളുടെ ഉന്നമനത്തിനായി ഒട്ടേറെ പദ്ധതികൾ രാജ്യത്ത് ഉണ്ടായിട്ടുണ്ട്. 2008-ലെ ധനലക്ഷ്മി പദ്ധതി 2014-ലെ സുകന്യാസമൃദ്ധി, ബേട്ടിബച്ചാവോ, ബേട്ടിപഠാവോ യോജന, സേവ് ദി ഗേൾ ചൈൽഡ് ക്യാംപെയ്ൻ, കേന്ദ്ര വിദ്യാഭ്യാസ നിയമം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തിരഞ്ഞെടുപ്പിൽ ഏർപ്പെടുത്തിയ സ്ത്രീകൾക്കുള്ള മൂന്നിൽ ഒന്ന് സംവരണം, ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്, സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു കൊണ്ടുള്ള ദാരിദ്ര്യ നിർമ്മാർജ്ജന വരുമാനദായക പ്രവർത്തനങ്ങൾ, ഇന്ദിരാഗാന്ധി ബാലികാ സുരക്ഷാ യോജന, കേരള സർക്കാരിന്റെ നിർഭയ പദ്ധതി, കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള സ്നേഹിത ജെൻഡർ ഹെൽപ്പ് ഡെസ്ക് സംവിധാനം ഇവയൊക്കെ പെൺകുട്ടികൾക്ക് സുരക്ഷിത ജീവിത സൗകര്യം സൃഷ്ടിക്കാനുദ്ദേശിച്ചുള്ളവയാണ്. പെൺകുട്ടികൾക്ക് വേണ്ടിയുള്ള പല പദ്ധതികളും പൂർണ അർത്ഥത്തിൽ പ്രായോഗികമായിട്ടുണ്ടോയെന്ന് ആത്മപരിശോധന നടത്താൻ ഈ ദിനം നമുക്ക് പ്രയോജനപ്പെടുത്താം.

2000 ഏപ്രിൽ മുതൽ ഐക്യ രാഷ്ട്രസഭയുടെ നേതൃത്വത്തിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി പ്രത്യേക ക്യാമ്പയിൻ ആരംഭിച്ചത് കൂടുതൽ പ്രതീക്ഷകൾ നൽകുന്നു Because I am a Girl ക്യാമ്പയിൻ വേൾഡ് എഡ്യൂക്കേഷൻഫോറം ആരംഭിച്ചതും, 'രാജ്യത്തിന്റെ ഭാവി നമ്മുടെ പെൺകുട്ടികൾ' എന്ന മുദ്രവാക്യം ഇന്ത്യ ഉയർത്തിപ്പിടിക്കുന്നതും സാമൂഹ്യ പ്രതിബദ്ധതയുള്ള നടൻ ആമിർഖാന്റെ നേതൃത്വത്തിലുള്ള 'Daughtes are precious' എന്ന പരിപാടിയും, ഇന്ത്യയിലെ പെൺകുട്ടികളുടെ അന്തസ്സും അഭിമാനവും പ്രോജ്ജ്വലിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ്.

എല്ലാ മതങ്ങളും സ്ത്രീകളെ ബഹുമാനിക്കുന്നു ആദരിക്കുന്നു. ബഹുസ്വര സംസ്കാരങ്ങളും സംസ്കൃതിയുമുള്ള ഇന്ത്യയിൽ 1991-ൽ 1000 ആൺകുട്ടികൾക്ക് 945 പെൺകുട്ടികളായിരുന്ന സ്ഥാനത്ത് 2011-ൽ അത് 918 ആയി കുറഞ്ഞു എന്നത് ആശങ്ക ഉണർത്തുന്ന ജനസംഖ്യാ പ്രശ്നമാണ്. ഇത് പരിഹാരം കാണേണ്ട സാമൂഹ്യ പ്രശ്നമാണ്. ◆

# അധികാര വികേന്ദ്രീകരണത്തിന്റെ രണ്ട് പതിറ്റാണ്ടുകൾ, നേട്ടങ്ങൾ, പരിമിതികൾ പരിഹാരങ്ങൾ

▶ **രശ്മി മോഹൻ**



**കേരളത്തിൽ**

അധികാര വികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ ഇതര സംസ്ഥാനങ്ങളെപ്പോലെ കേരളത്തിനും ചില പഴമകളൊക്കെ അവകാശപ്പെടാനുണ്ട്. വളരെ മുൻപ് തന്നെ, ഭരണ സൗകര്യത്തിനായി, രാജ്യത്തെ തറ, കഴകം, ഗ്രാമം, ദേശം, നാട് തുടങ്ങിയ ഘടകങ്ങളായി വേർതിരിച്ച് അവയുടെ ഭരണം പ്രാദേശിക ശക്തികളെ ഏൽപ്പിക്കുന്ന സമ്പ്രദായം ഇവിടെ പ്രചരിച്ചിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിരിക്കുന്നു. ഇതിനു പുറമേ സൈനികാവശ്യങ്ങൾക്കായും ചില പ്രാദേശിക ഘടകങ്ങൾ പ്രവർത്തിച്ചിരുന്നു. നൂറ്റുവർ, അഞ്ഞൂറ്റുവർപപ, അറുനൂറ്റുവർ തുടങ്ങിയവയെ ഈ ഗണത്തിൽപ്പെടുത്താം. 20 ശതകത്തിന്റെ തുടക്കത്തിൽ മറ്റു ചില നീക്കങ്ങളും ഈ ദിശയിൽ നടക്കുകയുണ്ടായി. 1914ൽ കൊച്ചിയിൽ നിലവിൽ വന്ന കൊച്ചി പഞ്ചായത്ത് ആക്ട്, 1925ലെ തിരുവിതാംകൂർ വില്ലേജ് പഞ്ചായത്ത് ആക്ട്, 1884ലെ മദ്രാസ് ലോക്കൽ ബോഡീസ് ആക്ട് പ്രകാരം മലബാറിൽ നിലവിൽവന്ന പഞ്ചായത്ത് യൂണിയനുകൾ, 1920ലെ മദ്രാസ് വില്ലേജ് ആക്ട് പ്രകാരം നിലവിൽ വന്ന മലബാർ ഡിസ്ട്രിക്ട് ബോർഡുകൾ, 1950ലെ തിരുകൊച്ചി പഞ്ചായത്ത് ആക്ട് തുടങ്ങിയവ ഇത്തരുണത്തിൽ പരാമർശമർഹിക്കുന്നു.

കേരളപിറവിക്കുശേഷം അധികാരം വികേന്ദ്രീകരിച്ച് ജില്ലാതലത്തിലും അതിനു താഴെയുള്ള ജനായത്ത ഘടകങ്ങൾക്കും നൽകാൻ പലവുരു ശ്രമിക്കുകയുണ്ടായി. 1957 ആഗസ്റ്റ് 15ന് നിയമിക്കപ്പെട്ട ഭരണപരിഷ്കാരകമ്മിറ്റിയും അതിന്റെ ശിപാർശകളുടെ

അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട കേരളാ പഞ്ചായത്ത് ബില്ലും (1958, ഡിസംബർ 9) കേരള ജില്ലാ സമിതി ബില്ലും (1959 ഏപ്രിൽ 16); 1960ലെ കേരള പഞ്ചായത്ത് ആക്ടും, കേരളാ മുനിസിപ്പാലിറ്റീസ് ആക്ടും, 1961ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻസ് ആക്ടും, 1964ലെ കേരള പഞ്ചായത്ത് യൂണിയൻ കൌൺസിൽ ജില്ലാ പരിഷത്ത് ബില്ലും; 1967ലെ കേരള പഞ്ചായത്ത് രാജ് ബില്ലും; 1980ലെ ജില്ലാഭരണ നിയമവും 1988ലെ വി. രാമചന്ദ്രൻ കമ്മിറ്റിയും 1990ൽ നിലവിൽവന്ന ജില്ലാ കൌൺസിലുകളും ഈ ദിശയിലെ സുപ്രധാന നീക്കങ്ങളാണ്. പക്ഷേ, ഇതര സംസ്ഥാനങ്ങളെപ്പോലെ കേരളത്തിലും പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾക്ക് ശക്തിപകർന്നത് 73, 74 ഭരണഘടനാ ഭേദഗതികളാണ്. ഇതിന്റെ അടിസ്ഥാനത്തിൽ 1994ൽ കേരള പഞ്ചായത്ത് രാജ് ആക്ടും കേരള മുനിസിപ്പാലിറ്റീസ് ആക്ടും പാസ്സാക്കുകയും ഒരു ത്രിതല പഞ്ചായത്ത് രാജ് സംവിധാനം നിലവിൽ വരുകയും ചെയ്തു. നഗരപ്രദേശങ്ങളിൽ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും സജീവമായി.

എന്നാൽ അധികാരവികേന്ദ്രീകരണത്തിന്റെ കാര്യത്തിൽ കേരളം നൽകിയ ഏറ്റവും വലിയ സംഭാവന വികേന്ദ്രീകൃതാസൂത്രണം അഥവാ ജനകീയാസൂത്രണമായിരുന്നു (1999). ഒരു പക്ഷേ കേരളം കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും ഗണനീയമായൊരു ജനാധിപത്യവികസന പരീക്ഷണമായിരുന്നു ഇതിലൂടെ ഉരുത്തിരിഞ്ഞുവന്നത്. സംസ്ഥാനത്തിന്റെ മൊത്തം പദ്ധതി തുകയുടെ 30-40 ശതമാനം പ്രാദേശിക ഭരണസ്ഥാപനങ്ങൾക്ക് വീതിച്ച് നൽകുകയും അത് വിനിയോഗിക്കുന്നതിന് വിശദമായ മാർഗരേഖകൾ തയ്യാറാക്കുകയും ജനങ്ങളെ പ്രാദേശിക ഭരണത്തിലെന്നതുപോലെ നാടിന്റെ വികസനത്തിലും പങ്കാളികളാക്കുകയും ചെയ്ത ഒന്നായിരുന്നു ജനകീയാസൂത്രണം. സ്വാഭാവികമായും അതിന് പല പോരായ്മകളുടെയും നടുവിലും സംസ്ഥാനത്തിന്റെ വികസനത്തിലും വികേന്ദ്രീകരണത്തിലും അർഥവത്തായ സംഭാവനകൾ നൽകാനായി.

ഗ്രാമസഭകൾ പഞ്ചായത്തീരാജ് നിയമത്തിൽ ഏറെ നിർണായകമാണ്. അതിന് ഒട്ടേറെ അധികാരങ്ങളുണ്ട്. ഗ്രാമസഭയുടെ നിർദേശങ്ങൾ ലംഘിക്കുവാൻ പഞ്ചായത്ത് ഭരണസമിതക്കധികാരമില്ല. ആർക്കും പിരിച്ചുവിടാൻ കഴിയാത്ത ഭരണഘടനാ സ്ഥാപനമാണ് ഗ്രാമസഭയെന്നു നിയമം പറയുന്നു. ഒരു ഗ്രാമസഭക്കു കീഴിലെ പ്രദേശത്ത് ഖനനം നടത്തുന്നതോ മലിനീകരണം നടത്തുന്നതോ തടയാൻ അവർക്കു കഴിയും. ഗുണഭോക്താക്കളായ വ്യക്തികളെയോ കുടുംബങ്ങളെയോ തെരഞ്ഞെടുക്കാൻ ഗ്രാമസഭക്കാണധികാരം. ചുരുക്കത്തിൽ ഒരു വാർഡിലെ ജീവിതം സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്ന ഗ്രാമസഭയിൽ ഇടപെടാൻ ഓരോ പൗരനും അവകാശമുണ്ട്. പദ്ധതി നിർവഹണത്തിലും ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ നിരവധി ചട്ടങ്ങളുണ്ട്. എല്ലാ നിർവഹണങ്ങളും ഗുണഭോക്തൃ സമിതികൾ വഴി നടത്തണമെന്നാണ് നിയമം വിഭാവനം ചെയ്തവർ ഉദ്ദേശിച്ചിരുന്നത്. ഇതുവഴി നിർമാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും കാലതാമസം ഒഴിവാക്കാനും അഴിമതി തടയാനും കഴിയുമെന്നാണ് കരുതിയിരുന്നത്. തീർത്തും സുതാര്യമായ പ്രവർത്തനങ്ങൾക്കു വേണ്ടി നിർമാണ പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരങ്ങൾ അതതു പ്രദേശത്ത് സ്ഥാപിച്ച ബോർഡുകളിൽ വിശദമായി എഴുതണം അതിനുപയോഗിക്കുന്ന സാമഗ്രികളുടെയും തൊഴിലിന്റെയും കണക്കുകളും മറ്റും. ഗുണനിലവാരം ഇടക്കിടെയും ഒടുവിലും പരിശോധിക്കാൻ വിദഗ്ധ സമിതികൾക്കു മാത്രമല്ല ഏതു പൗരനും അവകാശമുണ്ട്.

വനിത, പട്ടിക ഘടക പദ്ധതികളുടെ നിർവഹണത്തിനും വ്യക്തമായ ചട്ടങ്ങളുണ്ട്. അവ ഓരോ പദ്ധതിയിലും (വർഷത്തിലും) നിർവഹിച്ചുവോ എന്ന് പരിശോധിക്കാനും അതു പൂർണമായില്ലെങ്കിൽ അതിന്റെ തുക കൂടി അടുത്ത വർഷത്തേക്ക് മാറ്റിവെക്കാനും വ്യവസ്ഥയുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ ജില്ലാ ആശുപത്രി വരെ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലാണ്. ഇവക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കലാണ് സ്ഥാപനങ്ങളുടെ പ്രധാന കടമ. നിരന്തര ചെലവുകൾ അതത് വകുപ്പുകൾ (ആരോഗ്യം, കൃഷി മുതലായവ) വഹിക്കും. വിദ്യാഭ്യാസ മേഖലയിലും ഇതു തന്നെയാണവസ്ഥ. സാമൂഹിക ക്ഷേമ പദ്ധതികൾ നടപ്പിലാക്കാൻ പഞ്ചായത്തുകൾക്കാണധികാരം. നഗര(ഖര) മാലിന്യ സംസ്കരണം തദ്ദേശ സ്ഥാപനങ്ങളുടെ പ്രധാന കടമകളിലൊന്നാണ്. ചെറുകിട വെള്ളപദ്ധതികൾ നടപ്പിലാക്കാൻ സ്ഥാപനങ്ങൾക്കധികാരമുണ്ട്. ഇവിടെയും തുടർച്ചെലവുകൾ വഹിക്കാൻ ഇവർക്ക് കഴിയില്ല. റോഡുകൾ, തെരുവ് വിളക്കുകൾ, ഭവന നിർമാണം, ശുചിത്വം, അംഗൻവാടി തുടങ്ങിയ ശിശുക്ഷേമ പദ്ധതികൾ






മുതലായവയെല്ലാം തദ്ദേശ സ്ഥാപനങ്ങളുടെ ചുമതലയിലാണ്.

ഒറ്റ നോട്ടത്തിൽ തീർത്തും കുറ്റമറ്റതും ജനകീയവുമായ ഒരു സംവിധാനമാണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത്. പാർലമെന്റ്, നിയമസഭ മുതലായവകളിൽനിന്ന് വ്യത്യസ്തമായി കേവലം കക്ഷിമുന്നണി ബന്ധത്തിന്റെ അടിസ്ഥാനത്തിലല്ല തദ്ദേശ സഭകൾ പ്രവർത്തിക്കേണ്ടത്. അവിടെ ഭരണ പ്രതിപക്ഷങ്ങളില്ല. സ്റ്റാന്റിംഗ് കമ്മിറ്റികളാണ് ഭരണം നടത്തുന്നത്. എല്ലാ അംഗങ്ങളും ഏതെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അംഗങ്ങളാകുന്നു.

**പ്രയോജനങ്ങൾ**

അധികാരവികേന്ദ്രീകരണം കൊണ്ടുള്ള പ്രയോജനങ്ങൾ നിരവധിയാണ്. ജനങ്ങളെ ഭരണകാര്യങ്ങളിൽ സഹകരിപ്പിക്കുകയും അവർക്ക് പങ്കാളിത്തം നല്കുകയും ചെയ്യുന്നതിലൂടെ ജനതാത്പര്യം മുൻനിർത്തി പല നല്ല കാര്യങ്ങളും നടപ്പിലാക്കുന്നതിന് കഴിയുന്നു. വിവിധ പ്രദേശങ്ങളിലെ വ്യത്യസ്ത സാഹചര്യങ്ങൾ കണക്കിലെടുത്ത് ജനഹിതാനുസരണം ഭരണം നടത്തുവാനും വികേന്ദ്രീകരണം ആവശ്യമാണ്. ജനങ്ങൾക്ക് രാഷ്ട്രീയ കാര്യങ്ങളിൽ പരിശീലനം നേടുവാനും പങ്കെടുക്കുവാനും വികേന്ദ്രീകരണം മൂലം അവസരം ലഭിക്കുന്നു. സാങ്കേതികവും ശാസ്ത്രീയവുമായ അറിവ് പ്രത്യേകിച്ച് ഭരണനിർവഹണപരമായ വിവിധ തുറകളിലേക്കു വ്യാപിപ്പിക്കുവാനും വികേന്ദ്രീകരണം സഹായിക്കുന്നുണ്ട്. ഭരണത്തിൽ വേണ്ടത്ര അയവു (Flexibiltiy) വരുത്തുവാനും ഇതുപകരിക്കുന്നു.

- പ്രാദേശികാസൂത്രണത്തേയും അതിലൂടെയുളള ജനകീയ പങ്കാളിത്തത്തേയും അധികാര വികേന്ദ്രീകരണത്തിനുള്ള ഉപാധിയാക്കി മാറ്റാൻ കഴിഞ്ഞു.
- ജനകീയ പങ്കാളിത്തം യാഥാർത്ഥ്യമാക്കുന്നതിനും എല്ലാ വിഭാഗം ജനങ്ങൾക്കും വികസനാസൂത്രണത്തിൽ ഇടപെടുന്നതിനും സഹായകമായ പങ്കാളിത്ത വേദികളും സംഘടനാ സംവിധാനങ്ങളും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞു.
- ഭരണഘടനാ നിയമത്തിന്റെയും സംസ്ഥാന പഞ്ചായത്ത്നഗരപാലികാ നിയമത്തിന്റെയും അന്തസത്തയ്ക്കനുസൃതമായി പ്രവർത്തിക്കാൻ കഴിയുന്ന പ്രാദേശിക ഭരണ സംവിധാനങ്ങളെ സൃഷ്ടിക്കാൻ കഴിഞ്ഞു.
- പ്രാദേശിക ഭരണ സ്ഥാപനങ്ങളെ ജനാധിപത്യപരമായി പ്രവർത്തിക്കുന്നതിന് സഹായകമായ വികസന ഭരണ സംസ്കാരം രൂപപ്പെടുത്താൻ കഴിഞ്ഞു.
- പ്രാദേശിക സാമ്പത്തിക വികസനത്തനിനും കേരളത്തിന്റെ പൊതുവായ സാമൂഹ്യസാമ്പത്തിക വികസനത്തിനും സഹായകമായ വിധത്തിൽ വികസന നയങ്ങൾക്ക് രൂപം നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേ പ്രാപ്തമാക്കാൻ കഴിഞ്ഞു.
- പാവപ്പെട്ട ജനങ്ങളുടെ ജീവിത ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും മാനവ വികസനത്തിനും സഹായമാകും വിധം വർദ്ധിച്ച പൊതുനിക്ഷേപം ആരോഗ്യവിദ്യാഭ്യാസ ശിശു വികസന മേഖലകളിൽ ഉറപ്പാക്കാൻ കഴിഞ്ഞു.
- സ്ത്രീകളേയും സാമൂഹ്യമായി പിന്നോക്കം നൽകുന്ന ജനവിഭാഗങ്ങളെയും വികസന ഭരണത്തിലും പൊതു ജീവിത മണ്ഡലങ്ങളിലും ഇടപെടുന്നതിനും വികസന നയരൂപീകരണത്തിൽ സ്വാധീനം ചെലുത്തുന്നതിനും പ്രാപ്തമാക്കാൻ കഴിഞ്ഞു.
- സാധാരണ ജനങ്ങൾക്ക് മെച്ചപ്പെട്ട അടിസ്ഥാന ജീവിത സൌകര്യങ്ങൾ



**കേന്ദ്രതലത്തിൽ കെട്ടിക്കിടക്കേണ്ടിവരുന്ന ഫയലുകളുടെ എണ്ണം ഗണ്യമായി കുറയ്ക്കാനും തീരുമാനങ്ങൾ എടുക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കാനും വികേന്ദ്രീകരണത്തിലൂടെ സാധിക്കുന്നു. ജനങ്ങളെ ഭരണകാര്യങ്ങളിൽ സഹകരിപ്പിക്കുകയും അവർക്ക് പങ്കാളിത്തം നല്കുകയും ചെയ്യുന്നതിലൂടെ ജനതാത്പര്യം മുൻനിർത്തി പല നല്ല കാര്യങ്ങളും നടപ്പിലാക്കുന്നതിന് കഴിയുന്നു.**

ഉദാ. പാർപ്പിടം, കുടിവെള്ളം, ശുചിത്വസംവിധാനങ്ങൾ, ഗതാഗത സൗകര്യങ്ങൾ എന്നിവ പ്രാപ്യമാക്കുന്നിന് കഴിഞ്ഞു.

- പ്രാദേശിക ഭരണ സംവിധാനങ്ങളോട് ജനങ്ങൾക്കുള്ള വിശ്വാസ്യതയും മതിപ്പും വർദ്ധിപ്പിക്കാൻ കഴിഞ്ഞു
- ജനങ്ങളോട് ഉത്തരവാദിത്വപ്പെട്ട് പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥ സംവിധാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൃഷ്ടിക്കുന്നിനും കൂടുതൽ ജനസൗഹൃദപരമായ വികസന ഭരണ സംസ്കാരം വളർത്തുന്നതിനും കഴിഞ്ഞു.

കേരളത്തിൽ അധികാര വികേന്ദ്രീകരണപ്രക്രിയ വളരെ ഫലപ്രദമാണെങ്കിലും ചില സാങ്കേതിക പ്രശ്നങ്ങൾ ഇതിന്റെ പൂർണ്ണ അർത്ഥത്തിലുള്ള നടത്തിപ്പിന് വിഘാതമായതായി നമുക്ക് മനസ്സിലാക്കാവുന്നതാണ്. ഒട്ടനവധി അധികാരങ്ങളും സമ്പത്തും ഒറ്റയടിക്ക് കൈമാറ്റം ചെയ്തപ്പോൾ അതു കൈകാര്യം ചെയ്യാൻ വേണ്ട ശേഷി താഴെത്തട്ടിലുള്ളവർക്ക് ഉണ്ടായിരുന്നില്ല. സർക്കാറിന്റെ വിവിധ വകുപ്പുകളുടെ ഓഫീസുകൾ (കൃഷി, മൃഗസംരക്ഷണം, സാമൂഹിക ക്ഷേമം മുതലായവ) പഞ്ചായത്തുകൾക്കു കീഴിലാക്കിയെങ്കിലും ഇവരുടെ സ്റ്റാഫിന്റെ ഭരണപരമായ നിയന്ത്രണം അതത് വകുപ്പുകൾക്കുതന്നെയായിരുന്നു (കൃഷി ഓഫീസർ കൃഷി വകുപ്പിനോടും സ്കൂളിലെ അധ്യാപകർ വിദ്യാഭ്യാസ വകുപ്പിനോടും പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഡോക്ടറും മറ്റും ആരോഗ്യ വകുപ്പിനോടുമെല്ലാം ബന്ധപ്പെട്ടാണ് പ്രവർത്തിച്ചത്). മുമ്പൊരിക്കലും പഞ്ചായത്തുകൾ കൈകാര്യം ചെയ്തിട്ടില്ലാത്തവിധം സാങ്കേതിക സങ്കീർണതയുള്ള പ്രവർത്തനങ്ങൾ നടത്താൻ വേണ്ട എഞ്ചിനീയറിംഗ് വിഭാഗവും ഉണ്ടായിരുന്നില്ല. പൊതുമരാമത്ത് തുടങ്ങിയ വകപ്പുകളിലെ എഞ്ചിനീയർമാരെ തന്നെ ഇതിനായി ആശ്രയിക്കേണ്ടിവന്നു. ഫലത്തിൽ വികസന പദ്ധതികൾ നടപ്പിലാക്കുന്നത് പഞ്ചായത്താണെങ്കിലും അതിന്റെ ചിട്ടവട്ടങ്ങൾ പൂർണമായും സർക്കാർ വകുപ്പുകളുടേതുതന്നെയായിരുന്നു. ഇവർക്കുമേൽ പഞ്ചായത്തുകൾക്ക് കാര്യമായ നിയന്ത്രണവുമില്ലായിരുന്നു. ഇവയെല്ലാം ആദ്യകാലത്ത് പദ്ധതി നിർവഹണത്തെ ബാധിച്ചിരുന്നു.

ഒന്നരപതിറ്റാണ്ടിന്റെ അനുഭവങ്ങളുമായാണ് കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ നാലാം തലമുറയിൽപ്പെട്ട ജനപ്രതിനിധികളെ വരവേറ്റിരിക്കുന്നത് 2015 ഒക്ടോബർ മാസം നടന്ന തെരഞ്ഞെടുപ്പിലൂടെ പുതിയൊരു നിര ജനപ്രതിനിധികൾ അധികാരമേറ്റിരിക്കുന്നു. അതിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ് എന്നത് ഏറെ സവിശേഷത അർഹിക്കുന്നു. രാഷ്ട്രീയ അധികാര സ്ഥാനങ്ങളിൽ നിന്നും സാമൂഹ്യജീവിത മണ്ഡലത്തിൽ നിന്നും അകറ്റി നിർത്തുകയും വികസന നേട്ടങ്ങൾ അർഹമായ അളവിൽ ലഭിക്കാതിരിക്കുകയും ചെയ്ത വലിയൊരു വിഭാഗം ജനങ്ങൾക്ക് വികസന ഭരണത്തിന്റെ നേതൃത്വത്തിലേക്ക് കടന്നു വരുന്നതിനുള്ള വലിയൊരവസരം അധികാര വികേന്ദ്രീകരണം സൃഷ്ടിക്കുന്നു. കേരളം ഒരിക്കൽ കൂടി സ്ത്രീശാക്തീകരണത്തിനും സ്ത്രീനീതിയിലധിഷ്ഠിതമായ വികസന ഭരണത്തിനും ഇതിലൂടെ മാതൃകയാവുകയാണ്. കാര്യപ്രാപ്തിയും ഭരണനൈപുണ്യവുമുള്ള പുതിയൊരു നിര വനിതാ ജനപ്രതിനിധികൾക്ക് രാഷ്ട്രീയ നേതൃത്വത്തിലേക്ക് ഉയരുന്നതിനുള്ള അവസരം കൂടിയാണിത്. ഇന്ത്യൻ ജനാധിപത്യത്തിന് തന്നെ പുതിയ പാഠങ്ങൾ സംഭാവന ചെയ്യാൻ പ്രാദേശിക ഭരണ നേതൃത്വത്തിലൂടെ സ്ത്രീകൾക്ക് കഴിയുമെന്നുറപ്പാണ്. അധികാര വികേന്ദ്രീകരണം കൂടുതൽ ഫലപ്രദമാക്കി മാറ്റുന്നതിലൂടെയും കാര്യക്ഷമമായും ജനക്ഷേമകരമായും പ്രവർത്തിക്കുന്ന പ്രാദേശിക ഭരണ സ്ഥാപനങ്ങൾ സൃഷ്ടിച്ചുകൊണ്ടും മാത്രമേ പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ.

പ്രാദേശിക ഭരണ സ്ഥാപനങ്ങളെ കൂടുതൽ ജനാധിപത്യപരമായി പരിവർത്തനപ്പെടുത്തുക എന്നതാണ് അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനുള്ള മുഖ്യമായ ഉപാധി. ജനങ്ങളെ വികസന ഭരണത്തിൽ സാധ്യമായ എല്ലാ മേഖലകളിലും പങ്കാളികളാക്കുകയും ചടുലമായ ഇടപെടലിനുള്ള ശേഷിയിലേക്ക് ജനങ്ങളെ ഉയർത്തുകയും വേണം. പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് ക്രിയാത്മകമായ പിന്തുണ നൽകുന്ന സിവിൽ സമൂഹത്തെ സൃഷ്ടിക്കുക എന്നതും ഏറെ സുപ്രധാനമാണ്. ജനങ്ങളിലുള്ള വിശ്വാസ്യത പ്രാദേശിക ഭരണാധികാരികളും പ്രാദേശിക ഭരണാധികാരികളിലുള്ള വിശ്വാസ്യത ജനങ്ങളിലും ഉണ്ടാകുമ്പോഴാണ് ഭരണാധികാരികളും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുന്നത്. ജനങ്ങളും പ്രാദേശിക ഭരണ സംവിധാനവും തമ്മിലുള്ള സർഗ്ഗാത്മകമായ ഇത്തരമൊരു ബന്ധമാണ് അധികാര വികേന്ദ്രീ



കരണത്തിന്റെ വിജയവും. പുതിയ ജനപ്രതിനിധികൾ ഏറെ ശ്രദ്ധിക്കേണ്ടതും പ്രാദേശിക ജനാധിപത്യത്തിന്റെ അടിത്തറ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ വിപുലപ്പെടുത്തുന്നതിനുമായിരിക്കണം.

അധികാരവികേന്ദ്രീകരണം വളരെ പ്രധാനപ്പെട്ട ഒരു രാഷ്ട്രീയ പ്രക്രിയയാണ്. അതുകൊണ്ടുതന്നെ അതിന്റെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും, ഭാവി പരിപാടികൾ രൂപപ്പെടുത്തുന്നതിനും വേണ്ട ചർച്ചകൾ ആദ്യം നടക്കേണ്ടത് രാഷ്ട്രീയതലത്തിൽ തന്നെയാണ്. ജനപങ്കാളിത്തവും, സുതാര്യതയും ഉറപ്പാക്കുന്നതിന് സാമൂഹികരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ആത്മാർത്ഥമായ നിലപാടുകൾ അനിവാര്യമാണ്. പ്രാദേശിക ഭരണ സംവിധാനത്തിന്റെ സ്ഥാപനവൽക്കരണം ചിട്ടപ്പെടുത്തുന്നതിലും, ജനകീയ പ്രസ്ഥാനങ്ങളുടെ പങ്ക് വളരെ വലുതാണ്.

അധികാര വികേന്ദ്രീകരണത്തിന്റെ ജീവനാണ് ഭരണ പ്രക്രിയയിലെ ജനപങ്കാളിത്തം. ഇത് ഉറപ്പുവരുത്തുന്നതിനുള്ള പ്രധാന വേദിയാണ് ഗ്രാമസഭകളും വാർഡ് സഭകളും. അവയ്ക്ക് ഇന്നുള്ള അധികാരങ്ങളും ഉത്തരവാദിത്തങ്ങളും മറ്റു സംസ്ഥാനങ്ങളുടേതുമായി താരതമ്യപ്പെടുത്തുമ്പോൾ വളരെ മെച്ചമാണെങ്കിലും കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ അവയെ ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്. നൽകിയ അധികാരങ്ങളുമായി ബന്ധപ്പെട്ട് പ്രാദേശിക നിയമനിർമാണമടക്കമുള്ള അധികാരങ്ങൾ ഗ്രാമസഭയ്ക്ക് നൽകാവുന്നതാണ് (ബൈലോകളുണ്ടാക്കാൻ ഇപ്പോൾതന്നെ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അധികാരമുണ്ടെന്ന് ഓർക്കുക). വ്യക്തിഗത ഗുണഭോക്താക്കൾക്കുപരിയായി എല്ലാ പൗരന്മാരും പങ്കെടുക്കുന്ന വേദിയായി ഗ്രാമസഭ മാറണമെങ്കിൽ സാമൂഹ്യതാൽപ്പര്യത്തിന്റെ അടിസ്ഥാനത്തിലുള്ള അജണ്ടകൾക്കും ചർച്ചകൾക്കും കൂടുതൽ ഊന്നൽ നൽകിയേ പറ്റൂ.

വളരെയേറെ സമയം അപഹരിക്കുന്നതും അതിസങ്കീർണവുമാണ് നമ്മുടെ ആസൂത്രണ പ്രക്രിയ. ഇത് കഴിയുന്നത്ര ലളിതമാക്കാൻ സാധിക്കണം. പദ്ധതി ആസൂത്രണ



ചട്ടങ്ങൾ എത്രയും വേഗത്തിൽ തയ്യാറാക്കുകയും വേണം. സാമ്പത്തികവർഷാരംഭത്തിനു മുമ്പ് വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം വാങ്ങിക്കുക എന്നത് ബഡ്ജറ്റ് രൂപീകരണം പോലെതന്നെ നിയമപരമായി നിർബന്ധ വ്യവസ്ഥയാക്കണം. മാസ്റ്റർ പ്ലാനും പഞ്ചവൽസരപദ്ധതിയും തയ്യാറാക്കുന്നതും നിർബന്ധ വ്യവസ്ഥയാകണം. ആസൂത്രണത്തിൽ പ്രൊഫഷണലിസം വർധിപ്പിച്ചേ പറ്റൂ. ഇത് നടക്കണമെങ്കിൽ ഇന്നത്തെ വർക്കിങ്ങ് ഗ്രൂപ്പ് സംവിധാനം ഇനിയും ശക്തിപ്പെടുത്തേണ്ടതുണ്ട്. സാങ്കേതിക ഉപദേശക സമിതി(TAG)കൾക്ക് പ്രോജക്റ്റ്/പദ്ധതി പരിശോധനയ്ക്ക് കൂടുതൽ സമയം ലഭിക്കേണ്ടതുണ്ട്. വിദഗ്ധന്മാരുടെ സേവനം ഇന്നത്തെക്കാൾ കൂടുതൽ ലഭ്യമായാലേ പദ്ധതി പരിശോധനയും അംഗീകാരവും ഫലപ്രദമാകൂ. കാലമിത്രയായിട്ടും ആവശ്യാധിഷ്ഠിത ആസൂത്രണത്തിന്റെ സങ്കേതങ്ങളിൽ നിന്ന് നാം ഒട്ടും മുന്നോട്ടു പോയിട്ടില്ല. വിഭവാധിഷ്ഠിത ആസൂത്രണം (Resource Based Planning), സ്ഥലീയാസൂത്രണം (Spatial Planning)എന്നീ സങ്കേതങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് നമ്മുടെ ആസൂത്രണ രീതിയെ പുതുക്കി പണിയുന്നതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു.

ആസൂത്രണത്തിലും, നിർവഹണത്തിലും, മോണിട്ടറിങ്ങിലും എല്ലാം ജനപങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ് നമ്മുടെ അധികാരവികേന്ദ്രീകരണത്തിലെ ഒരു പ്രത്യേകത. ഇതിന് വേണ്ടി ജനകീയ തലത്തിലുള്ള മോണിട്ടറിങ്ങ്, സോഷ്യൽഓഡിറ്റ് പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി നടത്തേണ്ടതാണ്.

പെർഫോമൻസ് ഓഡിറ്റുകളെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതും ആവശ്യമാണ്. പെർഫോമൻസ് ഓഡിറ്റിലെ നിർദേശങ്ങൾ നടപ്പാക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും നടപ്പാക്കിയില്ലെങ്കിൽ ശിക്ഷണ നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ജനാധിപത്യത്തിന്റെ ശക്തിയാണ് അധികാരവികേന്ദ്രീകരണം. അതിൽ വികസനത്തിന്റെ ശക്തി ശിലപാകുന്നതും ഗ്രാമസഭകളിലാണ്. അധികാരവികേന്ദ്രീകരണത്തിന്റെ പ്രായോഗികമേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ഉത്തരവാദിത്തബോധമുള്ള ഒരു പൗരൻ എന്ന നിലയിൽ ഗ്രാമസഭകളിൽ പങ്കെടുക്കാനുള്ള മനസ് ഓരോ പൗരനും കാണിക്കണം. ജനാധിപത്യത്തിന്റെ ശക്തിയും അടിത്തറയും ഇതു മാത്രമാണ്. ഗ്രാമസഭകളുടെ പ്രവർത്തനം കാര്യക്ഷമമാക്കി മാറ്റി അധികാരവികേന്ദ്രീകരണത്തിന്റെ യഥാർഥ്യശക്തികളായി നമുക്ക് മാറാം. ജനാധിപത്യം വിജയിക്കട്ടെ. കേരളവും. ◆

*തലപ്പലം ഗ്രാമ പഞ്ചായത്തിൽ അക്കൗണ്ടന്റാണ് ലേഖിക*



സുദേനൻ എസ്. ഭാഗം 3

# വിവാഹ രജിസ്ട്രേഷൻ

കഴിഞ്ഞ ലക്കങ്ങളിൽ ജനന-മരണ രജിസ്ട്രേഷനുകളെപ്പറ്റിയാണ് ചർച്ച ചെയ്തത്. ഒരു വ്യക്തിയുടെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട സംഭവമായ വിവാഹ രജിസ്ട്രേഷനെപ്പറ്റിയാണ് ഈ ലക്കം.

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവ് നമ്പർ (2006(1) K-LT791) പ്രകാരമാണ് എല്ലാ മത വിഭാഗങ്ങളുടേയും വിവാഹങ്ങൾ നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്ന 2008ലെ കേരള വിവാഹ രജിസ്ട്രേഷൻ(പൊതു) ചട്ടങ്ങൾ 29.02.2008ൽ കേരളം പ്രാബല്യത്തിൽ വരുത്തിയത്.

2008ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ 423-ാം നമ്പരായി സാധാരണ ഗസറ്റായി 29.02.2008 ൽ വിജ്ഞാപനം ചെയ്തതോടുകൂടി പ്രാബല്യത്തിൽ വന്നു. എന്നാൽ ഈ ചട്ടപ്രകാരം രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത വിവാഹങ്ങൾ ചുവടെ ചേർത്തിരിക്കുന്നവയാണ്.

(1) 1954ലെ പ്രത്യേക വിവാഹ നിയമം.
(2) 1872ലെ കൃസ്ത്യൻ വിവാഹനിയമം-പള്ളിയിൽ ക്രമപ്രകാരം നടത്തിയിട്ടുള്ള വിവാഹങ്ങൾ.
(3) 1095ലെ കൊച്ചി ക്രിസ്ത്യൻ സിവിൽ വിവാഹ നിയമം.

ശരിയത്ത് നിയമ പ്രകാരമുള്ള മുസ്ലീം വിവാഹങ്ങൾ 2008ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ പ്രകാരം രജിസ്ട്രാക്കണം.

ജാതിമതഭേതമന്യേ ഏത് സാഹചര്യത്തിലും എല്ലാവർക്കും ആശ്രയ യോഗ്യമായ ഒരു പൊതു നിയമമാണ്. 1954ലെ പ്രത്യേക വിവാഹ നിയമം.1969ലെ വിദേശ വിവാഹ നിയമവും പ്രത്യേക വിവാഹ നിയമമാണ്.

2008ലെ കേരള വിവാഹ രജിസ്ട്രേഷൻ (പൊതു) ചട്ടങ്ങൾ വന്നതിനു ശേഷവും-ഇഷ്ടമുള്ളവർക്ക് ഹിന്ദു വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാം.

സർക്കാറിന്റെ 21.05.2009ലെ 3186/C2/09 നിയമം നമ്പർ സർക്കുലറിലൂടെ 1955ലെ ഹിന്ദുവിവാഹ ആക്ടും അതിൻ കീഴിലുള്ള ചട്ടങ്ങൾ പ്രകാരവും രജിസ്റ്റർ ചെയ്യുന്നതിനനുസരണമായിട്ടുള്ളതിനാലും ഹിന്ദു വിവാഹങ്ങൾ ഹിന്ദുവിവാഹ ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് തന്നെ രജിസ്റ്റർ ചെയ്യണമെന്ന് നിഷ്കരഷിക്കുന്നത് ചട്ടങ്ങൾക്ക് അനുസൃതമല്ല. അതിനാൽ സംസ്ഥാനത്ത് ഹിന്ദു വിവാഹ ആക്ട് പ്രകാരം നടക്കുന്ന വിവാഹങ്ങളെ സംബന്ധിച്ച് 2008ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ(പൊതു) ചട്ടങ്ങൾ അനുസരിച്ചുള്ള മെമ്മോറാണ്ടം സമർപ്പിക്കുന്ന സംഗതിയിൽ പ്രസ്തുത ചട്ടങ്ങൾ അനുസരിച്ചു തന്നെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് വ്യക്തമാക്കുന്നുണ്ട്.

## മിശ്ര വിവാഹ രജിസ്ട്രേഷൻ – വ്യത്യസ്ത മതവിഭാഗങ്ങളിൽപ്പെട്ടവർ തമ്മിലുള്ള വിവാഹ രജിസ്ട്രേഷൻ നിർദേശങ്ങൾ.

സർക്കാറിന്റെ 28.02.2011 ലെ 63882/ആർസി3/2010 തസ്വഭവ നമ്പർ സർക്കുലർ പ്രകാരം വ്യത്യസ്ത മതവിഭാഗത്തിലുള്ളവർ തമ്മിലുള്ള വിവാഹം രജിസ്റ്റർ ചെയ്യേണ്ടത്.1954 ലെ സ്പെഷ്യൽ മാര്യേജ് ആക്ടിൻ കീഴിലാണ്. അപ്രകാരമുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യുന്നത് നിയമാനുസൃതമല്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.



വിദേശികളും ഇന്ത്യൻ പൗരനും തമ്മിലുള്ള വിവാഹം-വിവാഹിതരാകേണ്ട കക്ഷികളിൽ ഒരാളെങ്കിലും ഇന്ത്യൻ പൗരനാണെങ്കിൽ അവരുടെ വിവാഹം വിദേശത്ത് വച്ച് 1969ലെ വിദേശ വിവാഹ നിയമപ്രകാരം കേന്ദ്രസർക്കാരിനാൽ നിയമിതരായ വിവാഹ ഉദ്യോഗസ്ഥൻമാർ മുമ്പാകെ നടത്താവുന്നതാണ്. വിദേശത്തുള്ള ഇന്ത്യക്കാർക്കും, ഇന്ത്യയിലുള്ള ഇന്ത്യക്കാർക്കും വിദേശികളുമായി ഇന്ത്യയിൽ വച്ച് വിവാഹിതരാകുവാൻ വിദേശ രാഷ്ട്രങ്ങളുടെ നയതന്ത്ര കാര്യാലയങ്ങളിൽ സൗകര്യം ലഭ്യമല്ല.

വിവാഹ കരാറുകൾക്ക് നിയമസാധുതയില്ല:- ഒരു വിവാഹ കരാർ രജിസ്റ്റർ ചെയ്യുന്നത് കൊണ്ട് മാത്രം കക്ഷികൾ ഭാര്യഭർത്താക്കൻമാർ ആകുന്നതല്ലായെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 01.04.1992ൽ 1992(1)K-LT 729 നമ്പരായി പ്രഖ്യാപ്പിച്ച വിധി ന്യായത്തിൽ കാണുന്നു. എന്നാൽ ദമ്പതികളെപ്പോലെ വളരെക്കാലം ഒന്നിച്ചു ജീവിക്കുന്നവർ വിവാഹിതരാണെന്ന് അനുമാനിക്കാവുന്നതാണെന്നും കോടതി വിധികൾ നിലവിലുണ്ട്.

### പൊതു വിവാഹ രജിസ്ട്രേഷൻ നിബന്ധനകൾ

2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ നിലവിൽവന്ന 29.02.2008 മുതൽ നടക്കുന്ന എല്ലാ വിവാഹങ്ങളും നിർബ്ബന്ധമായും കക്ഷികളുടെ മതഭേദമെന്യെ വിവാഹം നടന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ വിവാഹം നടന്ന തീയതി മുതൽ 45 ദിവസങ്ങൾക്കകം ചട്ടപ്രകാരമുള്ള ഫാറം

**വിവാഹ രജിസ്ട്രേഷനായി മെമ്മോറാണ്ടത്തോടൊപ്പം വിവാഹത്തിലെ കക്ഷികളുടെ ജനനതീയതി തെളിയിക്കുന്നതിനുള്ള അംഗീകൃത രേഖകളും വിവാഹം നടന്നതിനുള്ള തെളിവും സമർപ്പിക്കേണ്ടതാണ്. രണ്ടാം വിവാഹമാണെങ്കിൽ പങ്കാളിയുടെ ആദ്യവിവാഹം വേർപെട്ടതിന്റെ തെളിവിനായി പങ്കാളിയുടെ മരണ സർട്ടിഫിക്കറ്റ്/വിവാഹമോചനം അനുവദിച്ച കോടതി ഉത്തരവ് സമർപ്പിക്കേണ്ടതാണ്.**

നമ്പർ 1-ൽ രണ്ട് സെറ്റ് മെമ്മോറാണ്ടം സമർപ്പിക്കേണ്ടതാണ്.

ചട്ടങ്ങൾ നിലവിൽ വന്നതിനു മുമ്പു നടന്ന വിവാഹങ്ങളും ആവശ്യമെങ്കിൽ രജിസ്ട്രാർ ജനറലിന്റെ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) അനുമതിയോടെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

27.06.2013 വരെ നടന്ന എല്ലാ വിവാഹങ്ങളും പ്രായ പരിധി പരിഗണിക്കാതെ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് 27.06.2013ലെ 41832/ആർ.ഡി.3/2013/തസ്വഭവ നമ്പർ സർക്കാർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതിനാൽ ആയത് പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ്.

ഭാര്യാഭർത്താക്കൻമാരിൽ ഒരാൾ മരണപ്പെട്ടുപോയ സംഗതിയിൽ ജീവിച്ചിരിക്കുന്നയാൾ വിവാഹത്തിന് സാക്ഷ്യം വഹിച്ച രണ്ടാളുകളുടെ ഒപ്പോടുകൂടിയ മെമ്മോറാണ്ടം, വിവാഹം നടന്നതിനുള്ള തെളിവും പങ്കാളിയുടെ മരണ സർട്ടിഫിക്കറ്റും സഹിതം ഹാജരാക്കുന്ന പക്ഷം വിവാഹം രജിസ്റ്റർ ചെയ്യാവുന്നതാണ്.

വിവാഹ രജിസ്ട്രേഷനായി മെമ്മോറാണ്ടത്തോടൊപ്പം വിവാഹത്തിലെ കക്ഷികളുടെ ജനനതീയതി തെളിയിക്കുന്നതിനുള്ള അംഗീകൃത രേഖകളും വിവാഹം നടന്നതിനുള്ള തെളിവും സമർപ്പിക്കേണ്ടതാണ്. രണ്ടാം വിവാഹമാണെങ്കിൽ പങ്കാളിയുടെ ആദ്യവിവാഹം വേർപെട്ടതിന്റെ തെളിവിനായി പങ്കാളിയുടെ മരണ സർട്ടിഫിക്കറ്റ്/വിവാഹമോചനം അനുവദിച്ച കോടതി ഉത്തരവ് സമർപ്പിക്കേണ്ടതാണ്. ഇസ്ലാം മതാചാരപ്രകാരമുള്ള വിവാഹങ്ങൾക്ക്, മുഹമ്മദൻ നിയമം അനുശാസിക്കുന്ന നിബന്ധനകൾ പാലിച്ച വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. മുസ്ലിം വിവാഹങ്ങളുടെ മോചനം സംബന്ധിച്ച് മുഹമ്മദൻ നിയമം അനുശാസിക്കുന്ന ഏതെങ്കിലും വിധത്തിൽ ഭർത്താവ് ഭാര്യയെ മൊഴി ചൊല്ലി എന്നു കാണിക്കുന്ന ജമാ-അത്തിൽ നിന്നുള്ള കത്തോ ഭർത്താവും ഭാര്യയും തമ്മിൽ പരസ്പര ധാരണയിലുണ്ടായ കരാറിന്റെ അടിസ്ഥാനത്തിൽ നേടുന്ന വിവാഹ മോചന രേഖയുടെ പകർപ്പോ അല്ലെങ്കിൽ കോടതിയിൽ നിന്നുള്ള വിവാഹ മോചന ഉത്തരവോ ഹാജരാക്കിയാൽ മതിയാകുന്നതാണ്.

വിവാഹം നടന്നതിനുള്ള തെളിവായി മതാചാര പ്രകാരമുള്ള വിവാഹങ്ങൾക്ക് മതാധികാരസ്ഥാനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പ് മാത്രമെ സ്വീകരിക്കാവൂ എന്ന് സർക്കാരിന്റെ സഉ(അച്ച

ടിച്ചത്) നം 2/2015/നിയമം എന്ന വിജ്ഞാപനത്തിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്. കൂടാതെ ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരം നടന്ന വിവാഹങ്ങൾക്ക് വിവാഹ ഓഫീസർ നൽകുന്ന സാക്ഷ്യപത്രവും തെളിവായി സ്വീകരിക്കേണ്ടതാണ്.

ജനനതീയതി തെളിയിക്കുന്നതിന് സ്കൂൾരേഖ, ഡ്രൈവിംഗ് ലൈസൻസ്, പാസ്പോർട്ട്, ജനന സർട്ടിഫിക്കറ്റ്, ആധാർ അല്ലെങ്കിൽ സർക്കാർ നൽകിയ ജനനതീയതി കാണിക്കുന്ന മറ്റു രേഖകൾ എന്നിവ സ്വീകരിക്കാവുന്നതാണ്.

ഫോറം 1-ൽ ഉള്ള മെമ്മോറാണ്ടവും രജിസ്ട്രേഷൻ ഫീസും ലഭിച്ചാൽ നേരിട്ടോ, തപാൽ മുഖേനയോ ലഭിക്കുന്നവ ഡാറ്റാ എൻട്രി നടത്തേണ്ടതും ഓൺലൈനായി ലഭിക്കുന്നവ ഡൗൺലോഡ് ചെയ്യേണ്ടതുമാണ്. മെമ്മോറാണ്ടത്തിന്റെ പ്രിന്റൗട്ട് അപേക്ഷകർക്ക് പരിശോധനയ്ക്കായി നൽകി ഒപ്പിട്ടുവാങ്ങേണ്ടതും ആവശ്യമെങ്കിൽ തിരുത്തൽ വരുത്തിയ ശേഷം ഫോറം നമ്പർ 3-ൽ രജിസ്റ്ററിന്റെ പ്രിന്റൗട്ട് എടുക്കേണ്ടതുമാണ്.

വിവാഹത്തിലെ കക്ഷികൾ രജിസ്ട്രാർ മുമ്പാകെ നേരിട്ട് ഹാജരായി വിവാഹ രജിസ്റ്ററിൽ നിർദ്ദിഷ്ട സ്ഥാനത്ത് ഒപ്പുവയ്ക്കേണ്ടതാണ്. എന്നാൽ ഇരുകക്ഷികളും ഒരേ സമയം തന്നെ ഹാജരാകണമെന്ന് നിർബ്ബന്ധമില്ല. ഇപ്രകാരം കക്ഷികൾ ഒപ്പുവച്ച ശേഷം തദ്ദേശ രജിസ്ട്രാർ അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ രജിസ്ട്രേഷൻ നടത്തിയതായി കണക്കാക്കുകയുള്ളു. എന്നാൽ വിവാഹ രജിസ്റ്ററിൽ സാക്ഷികൾ ഒപ്പു വയ്ക്കേണ്ടതില്ല.

### 45 ദിവസങ്ങൾക്കുശേഷമുള്ള രജിസ്ട്രേഷൻ

വിവാഹ തീയതി മുതൽ 45 ദിവസത്തിനുശേഷം അഞ്ചു വർഷം വരെ മെമ്മോറാണ്ടം സമർപ്പിക്കുന്ന കേസുകളിൽ 100 രൂപ പിഴ ഈടാക്കി പ്രാദേശിക രജിസ്ട്രാർക്കു തന്നെ രജിസ്ട്രേഷൻ നടത്താവുന്നതാണ്.

ഇപ്രകാരം രജിസ്ട്രേഷൻ നടത്തുന്നതിന് മെമ്മോറാണ്ടത്തോടൊപ്പം വിവാഹം നടന്നത് തെളിയിക്കുന്ന മതാധികാര സ്ഥാനത്ത് നിന്ന് ലഭി



**വിവാഹത്തിലെ കക്ഷികൾ രജിസ്ട്രാർ മുമ്പാകെ നേരിട്ട് ഹാജരായി വിവാഹ രജിസ്റ്ററിൽ നിർദ്ദിഷ്ട സ്ഥാനത്ത് ഒപ്പുവയ്ക്കേണ്ടതാണ്. എന്നാൽ ഇരുകക്ഷികളും ഒരേ സമയം തന്നെ ഹാജരാകണമെന്ന് നിർബ്ബന്ധമില്ല.**

ക്കുന്ന സാക്ഷ്യപത്രവും സാധാരണ രജിസ്ട്രേഷനാവശ്യമായ മറ്റു രേഖകളും സമർപ്പിക്കേണ്ടതാണ്.

### 5 വർഷം കഴിഞ്ഞുള്ള രജിസ്ട്രേഷൻ

വിവാഹ തീയതി മുതൽ 5 വർഷം കഴിഞ്ഞ് മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുള്ള വിവാഹങ്ങൾ രജിസ്ട്രാർ ജനറലിന്റെ അനുമതിയോടെ 250 രൂപ പിഴ ഈടാക്കി രജിസ്റ്റർ ചെയ്യാവുന്നതാണ്.

വിവാഹം നടന്ന് 5 വർഷത്തിനു ശേഷം സമർപ്പിക്കുന്ന മെമ്മോറാണ്ടം അനുമതിക്കായി രജിസ്ട്രാർ ജനറലിന് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) അയക്കുമ്പോൾ ആവശ്യമായ രേഖകൾക്കു പുറമേ വിവാഹം നടന്നതു സംബന്ധിച്ച് രജിസ്ട്രാറുടെ അന്വേഷണ റിപ്പോർട്ടും വ്യക്തമായ ശുപാർശയും സമർപ്പിക്കേണ്ടതാണ്.

പേര്, വയസ്, തീയതി മുതലായ സാരവത്തായ വിശദാംശങ്ങളിലെ തിരുത്തലുകളും റദ്ദാക്കലുകളും രജിസ്ടാർ ജനറലിന്റെ (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) അനുമതിയോടെയും മറ്റുള്ള വിവരങ്ങളിലെ തിരുത്തലുകൾ രജിസ്ട്രാർക്ക് സ്വന്തം നിലയ്ക്കും നടത്താവുന്നതാണ്.

ക്ലെറിക്കൽ പിശക് ഒഴികെയുള്ള തിരുത്തലുകൾക്ക് നൂറു രൂപ ഫീസ് ഈടാക്കേണ്ടതാണ്.

പൊതുവിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച ഫീസ്/പിഴ നിരക്കുകൾ ചുവടെ ചേർക്കുന്നു. ◆

| ക്രമ നം. | ഇനം | ഫീസ് |
|---|---|---|
| 1 | വിവാഹ രജിസ്ട്രേഷൻ | |
| | (1) ബി.പി.എൽ/എസ്.സി./എസ്.റ്റി വിഭാഗത്തിൽ പ്പെട്ടവർക്ക് | 10/- |
| | (2) പൊതുവിഭാഗക്കാർക്ക് | 100/- |
| 2 | 45 ദിവസങ്ങൾക്കുശേഷം അഞ്ചു വർഷം വരെയുള്ള വിവാഹ രജിസ്ട്രേഷനുള്ള പിഴ (ഇനം 1-ലെ ഫീസിനു പുറമേ) | 100/- |
| 3 | 5 വർഷത്തിനുശേഷമുള്ള വിവാഹ രജിസ്ട്രേഷനുള്ള പിഴ (ഇനം 1-ലെ ഫീസിനു പുറമേ) | 250/- |
| 4 | ക്ലെറിക്കൽ പിശക് ഒഴികെയുള്ള തിരുത്തലുകൾക്ക് | 100/- |
| 5 | വിവാഹ രജിസ്ട്രേഷന്റെ തെളിവായി നൽകുന്ന വിവാഹ സാക്ഷ്യപത്രം | 20/- |
| 6 | വിവാഹ സാക്ഷ്യപത്രം (ചട്ടം 14 പ്രകാരം) | 25/- |



ഇൻഡോ– ബ്രിട്ടീഷ് എക്സലൻസ് അവാർഡും കേരളത്തിലെ മികച്ച മന്ത്രിയ്ക്കുള്ള യു.കെ ബിസിനസ്സ് ഫോറം അവാർഡും നേടിയ ബഹു. മന്ത്രിക്ക് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. പി.റ്റി മാത്യൂ ഉപഹാരം നല്കി ആദരിച്ചു.

# മാണിക്കൽ ഗ്രാമപഞ്ചായത്ത്



അമേരിക്കയിലെ ഇയോവ സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ വിദ്യാർത്ഥി സംഘം മാണിക്കൽ ഗ്രാമപഞ്ചായത്ത് സന്ദർശിച്ചു. പ്രൊഫ. ജെറി ആന്റണിയുടെ നേതൃത്വത്തിലുള്ള പത്തംഗ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളാണ് യൂണിവേഴ്സിറ്റിയുടെ 'ഇന്ത്യാ വിന്ററിം പ്രോഗ്രാം 2015–16' ന്റെ ഭാഗമായുള്ള കേരള സന്ദർശനത്തിനിടയിൽ മാണിക്കൽ ഗ്രാമപഞ്ചായത്ത് സന്ദർശിച്ചത്. ജനകീയാസൂത്രണ പദ്ധതിയിലൂടെ അടിസ്ഥാന വികസനത്തിൽ കേരളം കൈവരിച്ച നേട്ടങ്ങൾ നേരിൽ കണ്ടു പഠിക്കുകയെന്ന ലക്ഷ്യത്തോടെ 11 ദിവസത്തെ കേരള പര്യടനമാണ് വിദ്യാർത്ഥി സംഘത്തിന്റെ ലക്ഷ്യം. അധികാര വികേന്ദ്രീകരണത്തിലൂടെ നൂതന പദ്ധതികൾ സംസ്ഥാനത്ത് ഏറ്റവും മികച്ച രീതിയിൽ നടപ്പിലാക്കിയ തദ്ദേശഭരണ സ്ഥാപനമെന്ന നിലയിലാണ് തങ്ങൾ മാണിക്കൽ ഗ്രാമപഞ്ചായത്ത് സന്ദർശിക്കാൻ തീരുമാനിച്ചതെന്ന് പ്രൊഫ. ജെറി ആന്റണി പറഞ്ഞു. പഞ്ചായത്ത് പ്രസിഡന്റ് എസ്.സുജാതയുടെ നേതൃത്വത്തിൽ അംഗങ്ങളും ഉദ്യോഗസ്ഥരും ചേർന്ന് സംഘത്തെ സ്വീകരിച്ചു. വൈസ് പ്രസിഡന്റ് കെ.ജയൻ, മെമ്പർമാരായ ജലജ, ദേവകി, അഡ്വ. രാധാകൃഷ്ണൻ, ഓമന, വിജയകുമാർ, ലതിക, സദാശിവൻ

നായർ, പള്ളിക്കൽ നസീർ, മഹീന്ദ്രൻ, ലേഖകുമാരി, സഹീറത്ത് ബീവി, ശരണ്യ, അനില, സുധർമ്മിണി, സെക്രട്ടറി എം.പി. പ്രമോദ് തുടങ്ങിയവരുമായി വിദ്യാർത്ഥിസംഘം ആശയവിനിമയം നടത്തി.

തദ്ദേശ മിത്രം
കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്ട്

# കേരള ലോക്കൽ ഗവൺമെന്റ് സർവീസ് ഡെലിവറി പ്രോജക്ട്



അധികാര വികേന്ദ്രീകരണ പ്രക്രിയയിലൂടെ ഭരണഘടന വിഭാവനം ചെയ്യുന്ന രീതിയിലുള്ള പഞ്ചായത്തിരാജ് സംവിധാനം നടപ്പാക്കുന്നതിൽ കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിക്കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിരാജ് സ്ഥാപനങ്ങളെ കൂടുതൽ കരുത്തുറ്റവയും ജനാഭിമുഖ്യമുള്ളവയുമാക്കി മാറ്റുന്നതിന് ഈ രംഗത്ത് അവശേഷിക്കുന്ന ന്യൂനതകളും വെല്ലുവിളികളും പരിഹരിച്ച് വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമാക്കേണ്ടതുണ്ട്. ഇതു പ്രകാരം വേൾഡ് ബാങ്ക് സഹായത്തോടെ കേരള സർക്കാർ രൂപം കൊടുത്തിരിക്കുന്ന പദ്ധതിയാണ് കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ട് (കെ.എൽ.ജി.എസ്.ഡി.പി.).

### ഉദ്ദേശ്യ ലക്ഷ്യം

ജനങ്ങൾക്ക് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും അടിസ്ഥാനപരമായ ഭരണ നിർവഹണം ഫലപ്രദമായും സുസ്ഥിരമായും നടപ്പാക്കുന്നതിനും വേണ്ടി കേരളത്തിലെ തദ്ദേശഭരണ സംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുകയും ശക്തിപ്പെടുത്തുകയുമാണ് പ്രോജക്ടിന്റെ ലക്ഷ്യം.

### ഗുണഭോക്താക്കൾ

കേരളത്തിലെ 941 ഗ്രാമ പഞ്ചായത്തുകളും 87 മുനിസിപ്പാലിറ്റികളുമായിരിക്കും പ്രോജക്ടിന്റെ ഗുണഭോക്താക്കൾ.

### പ്രോജക്ട് അടങ്കൽ

1195.8 കോടി രൂപയാണ് (260 മില്ല്യൺ യു.എസ്. ഡോളർ) പ്രോജക്ട് അടങ്കൽ. ഇതിൽ സംസ്ഥാന സർക്കാർ വിഹിതം 276 കോടി രൂപയാണ് (60 മില്ല്യൺ യു.എസ്. ഡോളർ).

2011-12, 2012-13, 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിലായി






ആകെ 1012.36 കോടി രൂപയാണ് പെർഫോമൻസ് ഗ്രാന്റായി വിതരണം ചെയ്തത്.

**പ്രോജക്റ്റ് കാലാവധി**

2011 മുതൽ 2015 വരെയായിരുന്നു പദ്ധതി കാലാവധി. ഇപ്പോഴത് 2017 ജൂൺ വരെ നീട്ടിയിട്ടുണ്ട്.

**പ്രോജക്റ്റ് ഘടകങ്ങൾ**

1. ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വികസന പദ്ധതികൾ നടപ്പാക്കാൻ നിലവിലുള്ള ഗ്രാന്റിന് പുറമെ നൽകുന്ന പെർഫോമൻസ് ഗ്രാന്റ്.
2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സേവന പ്രദാനം മെച്ചപ്പെടുത്തുന്നതിനുള്ള കാര്യശേഷി വികസനം.
3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന സ്ഥിതി വിവരക്കണക്കുകളും പദ്ധതി നടത്തിപ്പിനെക്കുറിച്ചുള്ള വിശദാംശങ്ങളും സുഗമമായി ലഭ്യമാക്കുക വഴി തദ്ദേശ സ്വയംഭരണ സംവിധാനം മോണിറ്റർ ചെയ്യുന്നതിനുള്ള സംസ്ഥാന സർക്കാർ സംവിധാനം ശക്തിപ്പെടുത്തൽ.
4. പ്രോജക്റ്റ് മാനേജ്മെന്റ്.

**1. ഫെർഫോമൻസ് ഗ്രാന്റ് (Rs 1097.56 cr)**

കേരളത്തിലെ 978 ഗ്രാമ പഞ്ചായത്തുകൾക്കും 60 മുനിസിപ്പാലിറ്റികൾക്കും വാർഷികമായി, പ്രവർത്തന മികവ് ആധാരമാക്കിയുള്ള ഫെർഫോമൻസ് ഗ്രാന്റ് ലഭിക്കുന്നതാണ്. അവയുടെ പദ്ധതി നിർവഹണത്തിലെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂലധന ആസ്തികൾ സൃഷ്ടിക്കുന്നതിനും പരിപാലിക്കുന്നതിനുമുള്ള അധികരിച്ച അളവിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനായി പെർഫോമൻസ് ഗ്രാന്റ് ചെലവഴിക്കാവു ന്നതാണ്. ഇപ്രകാരം ലഭിക്കുന്ന ഉപാധിരഹിത ഗ്രാന്റ് ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലി റ്റികൾക്കും അവയുടെ സേവന പ്രദാന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ഉപയോഗിക്കാ വുന്നതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ചെലവുകൾക്കുള്ള ബജറ്റ് വിഹിതം കണക്കാക്കുന്നതിന് നിലവിൽ സംസ്ഥാന ധനകാര്യ കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ തന്നെയാണ് പെർഫോമൻസ് ഗ്രാന്റ് വിഹിതം തീരുമാനിക്കാ നുമുപയോഗിക്കുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുളള സംസ്ഥാന ധനകാര്യ കമ്മീഷൻ വിഹിതത്തിനു പുറമേയാണ് പെർഫോമൻസ് ഗ്രാന്റ് വിഹിതം.

രണ്ടു ഘട്ടങ്ങളിലായാണ് പെർഫോമൻസ് ഗ്രാന്റ് ലഭിക്കുക. സംസ്ഥാന ബജറ്റിനൊപ്പം പെർഫോമൻസ് ഗ്രാന്റ് വിഹിതവും ഉൾപ്പെടുത്തുന്നതാണ്. പഞ്ചായത്തി രാജ് നിയമത്തിലെ വ്യവസ്ഥകൾ തന്നെയാണ് പെർഫോമൻസ് ഗ്രാന്റ് ലഭിക്കുന്നതിനും പാലിക്കേണ്ടത്.

2013-14, 2014-15 വർഷങ്ങളിൽ പെർഫോമൻസ് ഗ്രാന്റ് അനുവദിച്ചത് വ്യക്തമായ വാർഷിക പ്രവർത്തന വിലയിരുത്തൽ നടത്തിയ ശേഷമാണ്. ഈ സംവിധാനത്തിന്റെ ഭാഗമായി മുൻവർഷങ്ങളിലെ പ്രസ്തുത ഗ്രാന്റ് വിനിയോഗത്തിന്റെ താഴെക്കൊടുത്തിരിക്കുന്ന ഘടകങ്ങളായിരിക്കും വിലയിരുത്തപ്പെട്ടത്.

1. പുതിയ സാമ്പത്തിക വർഷത്തെ ബജറ്റ് കൗൺസിൽ അംഗീകരിക്കുകയും ഒരു പകർപ്പ് തദ്ദേശ ഭരണ വകുപ്പിന് മാർച്ച് 31-ന് മുമ്പായി ലഭ്യമാക്കുകയും വേണം.
2. മുൻ വർഷത്തെ വാർഷിക പദ്ധതി ഭരണ സമിതിയും ജില്ലാ ആസൂത്രണ സമിതിയും അംഗീകരിച്ചതിന്റെ ഒരു പകർപ്പ് തദ്ദേശ സ്വയംഭരണ വകുപ്പിന് സമർപ്പിക്കണം
3. മുൻ വർഷം ഗ്രാന്റ് ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പെർഫോമൻസ് ഗ്രാന്റിന്റെ കുറഞ്ഞത് 80 ശതമാനമെങ്കിലും ചെലവാക്കിയിരിക്കണം.
4. പെർഫോമൻസ് ഗ്രാന്റുപയോഗിച്ച് സൃഷ്ടിക്കപ്പെടുന്ന ഭൗതിക ആസ്തികൾ പരിശോധിക്കണം.
5. മുൻ വർഷത്തെ വിലയിരുത്തലിൽ ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ വിശേഷണങ്ങളില്ലാത്ത ഓഡിറ്റ്





സർട്ടിഫിക്കറ്റ് ഉണ്ടാവണം.

6. വിലയിരുത്തലിന് തൊട്ടു മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ മുഖ്യമായ സാമ്പത്തിക പരിപാലന ദൗർബല്യങ്ങളെപ്പറ്റിയുള്ള പരാമർശങ്ങൾ ഉണ്ടാകരുത്.
7. വാർഷിക ബജറ്റിനെയും പദ്ധതിയെയും കുറിച്ച് ഒരു പൊതു രേഖ തയ്യാറാക്കി വിതരണം ചെയ്യൽ
8. പെർഫോമൻസ് ഗ്രാന്റ് ഉപയോഗിച്ച് നടപ്പാക്കാനുദ്ദേശിക്കുന്ന ഉപ പദ്ധതികൾക്ക് ഏതെങ്കിലും പ്രതികൂലമായ പാരിസ്ഥിതിക, സാമൂഹിക ആഘാതങ്ങളുണ്ടോ എന്ന് തിരിച്ചറിയാൻ പാരിസ്ഥിതിക-സാമൂഹിക സംശോധന നടത്തേണ്ടതാണ്. ഇതിനായി ഒരു പാരിസ്ഥിതിക-സാമൂഹിക ചട്ടക്കൂട് (ഇ.എസ്.എം.എഫ്) വിഭാവനം ചെയ്ത് പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ഭൂമി ബലം പ്രയോഗിച്ച് ഏറ്റെടുക്കൽ, ബാലവേല എന്നിവ തടയുക, തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ, തീരദേശ പരിപാലന നിയമം, മറ്റ് നിയന്ത്രണചട്ടങ്ങൾ എന്നിവ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയാണ് ഇ.എസ്.എം.എഫ് ലക്ഷ്യമിടുന്നത്.
9. സാധനം വാങ്ങലിനും പ്രവൃത്തി കരാറുകൾ നൽകുന്നതിനുമുള്ള ചട്ടങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടുകളിൽ നിന്നും വർഷാവസാനം ചെലവഴിക്കാത്ത ബാക്കി തുക അടുത്ത സാമ്പത്തികവർഷത്തേക്ക് 'ക്യാരി ഓവർ' ചെയ്യപ്പെടും. ഇപ്രകാരമുള്ള ബാക്കി തുക സംസ്ഥാന സഞ്ചിത നിധിയിലേക്ക് തിരികെയെടുക്കാനാവില്ല. എന്നാൽ പദ്ധതിയുടെ കാലാവധി തീരുമ്പോൾ ബാക്കി വരുന്ന തുക തിരിച്ചടക്കേണ്ടി വരും.

### 2. കാര്യശേഷി വികസനം (Rs 51.52 crore)

ഗ്രാമ പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും പ്രവർത്തനം മെച്ചപ്പെടുത്തു ന്നതിനായി നിലവിലുള്ള സംവിധാനങ്ങളും മനുഷ്യ വിഭവശേഷിയും മെച്ചപ്പെടുത്തുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വികസിപ്പിക്കുന്നതിനുമുള്ള ഉപാധികൾ പകരുകയാണ് കാര്യശേഷി വികസനം ലക്ഷ്യം വെയ്ക്കുന്നത്.

ഒരു ബ്ലോക്കിന്റെ കീഴിൽ വരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായം നൽകുന്നതിനായി ഒരു ബ്ലോക്കിന് ഒരു എഞ്ചിനീയർ ഉണ്ടായിരിക്കും. പ്രോജക്ടിന്റെ ധനസഹായം ലഭിക്കുന്ന പദ്ധതികളുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ) തയ്യാറാക്കുന്നതിനും നടത്തിപ്പിന്റെ മേൽനോട്ടത്തിനുമുള്ള സാങ്കേതിക സഹായം ഈ എഞ്ചിനീയർമാർ നൽകുന്നതാണ്.

### കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ ('കില')

താഴെപ്പറയുന്നവ തയ്യാറാക്കുന്നതിനുള്ള സഹായം നൽകുന്നതാണ്.

1. ബജറ്റ്, പ്ലാൻ, ഫിനാൻസ്, അസറ്റ് മാനേജ്മെന്റ്, പബ്ലിക് വർക്ക്സ് & മെയിന്റനൻസ് മാന്വലുകൾ, പബ്ലിക് റിപ്പോർട്ട് എന്നിവ തയ്യാറാക്കുക

   ഭരണഘടനാപരമായ ഓഡിറ്റിംഗ് മാന്വൽ, ഓഫീസ് മാനേജ്മെന്റ് മാന്വൽ, കൈമാറ്റം ചെയ്യപ്പെട്ട സ്ഥാപനങ്ങളുടെ മാനേജ്മെന്റിനായുള്ള മാന്വൽ എന്നിവ തയ്യാറാക്കുക

മൊഡ്യൂളുകൾ വികസിപ്പിക്കുക

2. ഇ.എസ്.എം.എഫ്, സമാഹരണ പ്രക്രിയ തുടങ്ങിയവയുടെ പശ്ചാത്തലത്തിൽ നിലവിലുള്ള ഹെൽപ്പ് ഡെസ്കിനെ ശക്തിപ്പെടുത്തുക

### കില/ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് (എസ്.ഐ.ആർ.ഡി.)

- പി.ആർ.എ., സോഷ്യൽ ഓഡിറ്റുകൾ, ഇ,എസ്.എം.എഫ്., വിശദമായ പദ്ധതി രേഖ എന്നിവയുടെ ടൂൾകിറ്റ് തയ്യാറാക്കുന്നതിനുള്ള സഹായം നല്കുക.

**ഐ.കെ.എം.:**

- ഇ-ഗവേണൻസ് സംവിധാനങ്ങ





ളും അക്കൗണ്ടിംഗ് സംവിധാനവും നടപ്പാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കാനുള്ള ഐ.കെ.എമ്മിന്റെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് പ്രോജക്ട് സഹായിക്കും

- നിലവിലുള്ള വിവരങ്ങളുടെ ഡാറ്റാ എൻട്രി നടത്തുന്നതിനായി ഓരോ ബ്ലോക്കിനും ഓരോ അക്കൗണ്ടന്റ്-കം-ഐ.ടി. സ്പെഷ്യലിസ്റ്റിനെ ഐ.കെ.എം. വഴി താൽക്കാലികമായി നിയമിക്കുന്നതിന് പ്രോജക്ട് സഹായിക്കും

### 3. തദ്ദേശ സ്വയംഭരണ സംവിധാനത്തിന്റെ സംസ്ഥാന സർക്കാർ തലത്തിലുള്ള മോണിറ്ററിംഗ് ശക്തിപ്പെടുത്തൽ (Rs 15.44 crore)

**വിവരശേഖരം:** ഗ്രാമ പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും എല്ലാ പ്രാഥമിക വിവരങ്ങളും അടങ്ങിയ ഒരു വിവരശേഖരത്തിന് പ്രോജക്ട് രൂപം കൊടുക്കുന്നതാണ് (ഉദാ: ജനസംഖ്യ, ഉപജീവന വ്യവസ്ഥ, തൊഴിൽ, വിദ്യാഭ്യാസം, ജലവിതരണം, ശുചിത്വം, ബജറ്റ് ചെലവ്, ഭൗതിക ആസ്തികൾ). 2001-2010 സെൻസസുകൾ, അഡ്മിനിസ്ട്രേറ്റീവ് രേഖകൾ, സംസ്ഥാന ഓഡിറ്റുകൾ, വിവിധ വകുപ്പുകൾ എന്നിവയിൽ നിന്നുമാണ് വിവരങ്ങൾ ശേഖരി ക്കുക. വെബ് അധിഷ്ഠിതമായ ഈ വിവരശേഖരം പൊതുജനങ്ങൾക്ക് ലഭ്യമായിരിക്കും. ഈ സംവിധാനം പരിപാലിക്കുന്നതിനുള്ള ഉത്തരവാദിത്വം ഡീസെൻട്രലൈസേഷൻ അനാലിസിസ് സെല്ലിനാണ്(ഡി.എ.സി). ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിലാണ് ഡി.എ.സി. സ്ഥാപിച്ചിട്ടുള്ളത്.

**സർവേ:** തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന സേവനങ്ങളെക്കുറിച്ച് പൗരൻമാരുടെ സംതൃപ്തിയെക്കുറിച്ചും ഒരു സർവേ നടത്തുന്നതാണ്. പുറമേ നിന്നുള്ള ഒരു സ്ഥാപനത്തിനായിരിക്കും സർവേ നടത്താനുള്ള ചുമതല നൽകേണ്ടത്.

**പ്രോജക്ട് വിലയിരുത്തൽ:** ഒന്നാം ഘടകമായ പെർഫോമൻസ് ഗ്രാന്റ് ഉപയോഗിച്ചുള്ള വികസന പ്രവർത്തനങ്ങളുടേയും രണ്ടാംഘടകമായ കാര്യശേഷി വികസനത്തിന്റേയും ഗുണനിലവാരം വിലയിരുത്തുന്നതിനായി രണ്ട് സർവ്വേകൾ നടത്തുന്നതാണ്. പെർഫോമൻസ് ഗ്രാന്റ് ഉപയോഗിക്കുക വഴി പൊതുജനങ്ങൾക്ക് ലഭ്യമായ മെച്ചപ്പെട്ട പൊതുസേവനങ്ങൾ, സേവനങ്ങളുടെ വ്യാപ്തി, സാങ്കേതിക ഗുണനിലവാരം, പ്രവർത്തന-പരിപാലന സംവിധാനം, സുരക്ഷാ സംവിധാനം തുടങ്ങിയവ വിലയിരുത്തപ്പെടും.

**ഡീസെൻട്രലൈസേഷൻ അനാലിസിസ് സെൽ (ഡി.എ.സി):** ഡി.എ.സി താഴെപ്പറയുന്ന ചുമതലകൾ നിർവഹിക്കുന്നതാണ്:

1. ഗ്രാമ പഞ്ചായത്തുകളേയും മുനിസിപ്പാലിറ്റികളേയും സംബന്ധിക്കുന്ന വിവര ശേഖരം ഉണ്ടാക്കുക.
2. വാർഷിക സാമ്പത്തിക റിപ്പോർട്ടും നയപരമായ വിഷയങ്ങൾ സംബന്ധിച്ച പഠനങ്ങളും തയ്യാറാക്കുക; തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തികവും സ്ഥാപനപരവുമായ വിഷയങ്ങളെക്കുറിച്ച് സംസ്ഥാന സർക്കാരിനും സംസ്ഥാന ധനകാര്യ കമ്മീഷനും ആവശ്യമായ നയപരമായ വിശകലനങ്ങൾ നൽകുക.

### 4. പ്രോജക്ട് മാനേജ്മെന്റും നിർവഹണവും (Rs 31.28 crore)

പദ്ധതിയുടെ മൊത്തത്തിലുള്ള ഏകോപനം, നിർവഹണം, മോണിറ്ററിംഗ്, വിലയിരുത്തൽ എന്നിവയ്ക്കായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ സഹായമാണ് ഈ ഘടകം വഴി ലഭ്യമാക്കുന്നത്.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിൽ സ്ഥാപിച്ചിട്ടുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് പദ്ധതിയുടെ ദൈനംദിന നിർവഹണത്തിനും ഏകോപനത്തിനും ഉള്ള ഉത്തരവാദിത്ത മാണുള്ളത്. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നടത്തിപ്പിനു വേണ്ട ദൈനംദിന തീരുമാനങ്ങളെടുക്കാൻ സഹായിക്കേണ്ടതും പി.എം.യു. ആയിരിക്കും. ◆




# വേങ്ങരഗ്രാമപഞ്ചായത്ത് മികവിലേക്ക് ചുവട് വെക്കുമ്പോൾ

ജനങ്ങളുടെ ആവശ്യങ്ങൾ പ്രാദേശിക സാധ്യതകൾക്കനുസരിച്ച് നിറവേറ്റികൊടുക്കുകയാണ് പ്രാദേശിക ഭരണ സംവിധാനത്തിന്റ ഉദ്ദേശ്യം. പരമ്പരാഗതവും വികസനപരവും സേവനപരവുമായ നിരവധി ചുമതലകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽപെടുന്നു. ഇവയെകൃത്യമായി നിർണ്ണയിച്ചും നിർവ്വഹിച്ചും ജനങ്ങളുടെആവശ്യങ്ങൾ അവരിൽ നിന്നു തന്നെരൂപപ്പെടുത്തുന്നതിനുവേണ്ടി വേങ്ങര ഗ്രാമപഞ്ചായത്ത് 20152020 കാലഘട്ടത്തിൽ 'എന്റ ഗ്രാമം സുന്ദരഗ്രാമം'; എന്ന് നാമകരണം ചെയ്ത് വിവിധ മേഖലകളിൽ നടപ്പാക്കാനുദ്ദേശിച്ചുള്ള പദ്ധതികൾക്ക് രൂപം നൽകുന്നതിനുവേണ്ടി പ്രസിഡന്റിന്റ ജനസമ്പർക്കപരിപാടി ഗ്രാമപഞ്ചായത്തിന്റ 23 വാർഡുകളിലും പുരോഗമിക്കുന്നു. ജനങ്ങളുടെ പ്രശ്നങ്ങളായ ആരോഗ്യം, വിദ്യഭ്യാസം, കൃഷി, ശുചിത്വം, അടിസ്ഥാന സൗകര്യങ്ങൾ, പരിസ്ഥിതി, കുടിവെള്ളം, സ്ത്രീ ശാക്തീകരണം, കുട്ടികൾ, മുതിർന്നവർ, ഭിന്നശേഷിയുള്ളവർ, യുവാക്കൾ തുടങ്ങി ശാസ്ത്രീയ മാലിന്യ സംസ്ക്കരണം ഗ്രാമപഞ്ചായത്തിന്റ സൗന്ദര്യവൽക്കരണം വരെ ജനസമ്പർക്ക പരിപാടിയിൽ വിഷയമായി വരുന്നു. വേങ്ങര പഞ്ചായത്തിന്റ തനിമക്കും സംസ്ക്കാരത്തിനും മുഖ്യ പരിഗണന നൽകി 20152020 കാലഘട്ടത്തിൽപദ്ധതികൾ മുഴുവനും സർക്കാർ സ്വകാര്യ പൊതുജന പങ്കാളിത്തത്തോടെ നടപ്പാക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്. ഇതിന്റ ആദ്യ ചുവട് വെപ്പ് വേങ്ങര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ ശ്രീ.വി.കെ.കുഞ്ഞാലൻകുട്ടിയുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കി. 'സുഗമ യാത്ര' എന്ന് നാമകരണം ചെയ്ത പദ്ധതി വേങ്ങര ഗ്രാമപഞ്ചായത്തിലെ ഒന്നു മുതൽ പ്ലസ്ടു തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സ്വകാര്യ ബസ്സിൽ സൗജന്യ യാത്രാ പദ്ധതി നടപ്പാക്കി കഴിഞ്ഞു. ഒരു പക്ഷെ ഇന്ത്യയിൽ ആദ്യമായിട്ടാകും ഒരു ഗ്രാമപഞ്ചായത്ത് ഇങ്ങനെയൊരു പദ്ധതി നടപ്പാക്കുന്നത്. മലപ്പുറം റീജനൽ ട്രാൻസ്പോർട്ട് അതോറിറ്റിയും തൃശൂർ ഗവ: എഞ്ചിനീയറിംഗ് കോളേജിലെ ബിസിനസ്സ് ഇൻക്യുബേറ്റർ വിംഗും വേങ്ങര ഗ്രാമപഞ്ചായത്തും സംയുക്തമായി നടപ്പാക്കിയ ഈ പദ്ധതി ഇതിനോടകം വ്യാപകമായ പ്രശംസക്കും പൊതുജന ശ്രദ്ധ പിടിച്ചു പറ്റാനും കഴിഞ്ഞു. പ്രതിവർഷം ആറു ലക്ഷം രൂപ ചെലവു പ്രതീക്ഷിക്കുന്ന ഈ പദ്ധതി വേങ്ങരയിലെ ജനങ്ങൾ ഇതിനോടകം ഏറ്റെടുത്ത് കഴിഞ്ഞു. വേങ്ങര ഗ്രാമപഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും R F I D (Radio Freequency Identification Divers) കാർഡ് വിതരണം ചെയ്യുകയും പ്രൈവറ്റ് ബസ്സികളിലും സ്കൂളുകളിലും സ്ഥാപിച്ചിട്ടുള്ള ഡിവേർസിൽ സ്വൈപ്പ് ചെയ്താൽ പഞ്ചായത്തിന്റ കമ്പ്യൂട്ടറിലേക്കും രക്ഷിതാക്കളുടെ സ്മാർട്ട് ഫോണിലേക്കും ഉടൻ സന്ദേശമെത്തും വിദ്യാർത്ഥി ബസ്സിലും കൃത്യസമയത്ത് സ്കൂളിലും എത്തിയെന്ന് രക്ഷിതാക്കൾക്ക് ഈ സംവിധാനത്തിലൂടെ അറിയാൻ കഴിയും. പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന്റ ആവശ്യകതയും വിദ്യാർത്ഥികളുടെ സാമൂഹ്യ ബന്ധങ്ങൾ ഊഷ്മളമാക്കാനും ഈ പദ്ധതി കൊണ്ട് സാധിക്കും. കുട്ടികളും മുതിർന്നവരും സ്വന്തം വാഹനത്തിൽ മാത്രം യാത്ര ചെയ്യുമ്പോൾ അവിടെ ഒരു വ്യക്തിത്വ വികാസത്തി







നുള്ള അവസരം നിഷേധിക്കപ്പെടുന്നു. ശരിയായ രാഷ്ട്ര നിർമ്മാണം എന്നു പറയുന്നത് വ്യക്തിത്വ വികസനത്തിലൂടെയാണ് സാധ്യമാകുന്നത് . ഒത്തൊരുമിച്ചുള്ള യാത്ര വ്യക്തിവികാസത്തിന് വളരെയധികം സഹായകമാകും. ബസ്സ് യാത്ര ജനങ്ങൾക്കും സ്കൂൾ വിദ്യാർത്ഥികൾക്കും ഒരു നല്ല സാമൂഹിക അവബോധം സൃഷ്ടിക്കാൻ അവസരമൊരുക്കും. വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം ഡ്രൈവർമാരുടെ എണ്ണം കുറക്കുകയെന്നുള്ളതാണ്. വിദ്യാർത്ഥികളിൽ വർദ്ധിച്ചുവരുന്ന മോട്ടോർസൈക്കിൾ സംസ്കാരം നമ്മുടെ നിരത്തുകളെ കുരുതിക്കളമായി മാറ്റിയിരിക്കുന്നു. വികസിത രാജ്യങ്ങളിൽ കുട്ടികളെ ബസ്സിൽ യാത്ര ചെയ്യാൻ പ്രേരിപ്പിക്കുന്നു.

ഒരു ഗ്രാമപഞ്ചായത്ത് ആദ്യമായി പൊതുഗതാഗത സംവിധാനത്തെ പ്രോത്സാഹിപ്പിക്കുന്ന മാതൃകാപരമായ നടപടി ഏറ്റെടുത്ത് നടപ്പിൽ വരുത്തി കഴിഞ്ഞു. എത്ര വിദ്യാർത്ഥികൾ ഉണ്ടെങ്കിലും അതിനനുസരിച്ച് ബസ്സ് സൗകര്യം ഒരുക്കാനാണ് പഞ്ചായത്ത് തീരുമാനം. പൊതുഗതാഗത സംവിധാനം കാര്യക്ഷമമായാൽ യാത്രയുടെ കാര്യത്തിൽ ജനങ്ങൾക്ക് സാമ്പത്തിക അച്ചടക്കം പാലിക്കാനുള്ള അവസരം വേങ്ങര ഗ്രാമപഞ്ചായത്ത് സൃഷ്ടിക്കുന്നു. ദിവസക്കൂലിക്കാർ ഒരു ദിവസം 100 രൂപയാണ് അവരുടെ ബൈക്കിന്റ പെട്രോളിനും മെയിന്റനൻസിനുമായി ചെലവഴിക്കുന്നത്. മലയാളി യുവത്വം പ്രഥമ പരിഗണന നൽകുന്നത് സ്വന്തമായി ബൈക്ക് നേടുകയെന്നതിനാണ്. പലപ്പോഴും നല്ല യാത്രാ സൗകര്യം ഇല്ലാത്തതാണ് വിദ്യാർത്ഥികൾ രക്ഷിതാക്കളോട് ബൈക്ക് ആവശ്യപ്പെടാൻ കാരണമായി പറയാറുള്ളത്. ബസ്സ് സൗകര്യം വർദ്ധിക്കുകയും സൗജന്യ നിരക്കിൽ യാത്ര ചെയ്യുകയുമാകുമ്പോൾ വിദ്യാർത്ഥികളുടെ ബൈക്ക് എന്ന ആവശ്യത്തെ രക്ഷിതാക്കൾക്ക് തിരസ്ക്കരിക്കാൻ അവസരം ലഭിക്കുന്നു. ജനങ്ങളാഗ്രഹിക്കുന്ന തരത്തിലുള്ള ഒരു പൊതുഗതാഗത സംവിധാനമാണ് വേങ്ങരയിൽ നടപ്പാക്കിയത്. കുട്ടികളുടെ വിദ്യാഭ്യാസം (Right Education) നടപ്പാക്കിയ സാഹചര്യത്തിൽ വിദ്യാർത്ഥികൾക്കുള്ള (Right Mobility) കേരളത്തിലാദ്യമായി വേങ്ങര ഗ്രാമപഞ്ചായത്ത് നടപ്പിൽ വരുത്തി. ഈ കുറിപ്പെഴുതുന്ന സമയത്ത് സർക്കാർ ഈ പദ്ധതി സംസ്ഥാനടിസ്ഥാനത്തിൽ നടപ്പാക്കാൻ ആലോചിക്കുന്നതായി വാർത്ത ശ്രദ്ധയിൽപ്പെട്ടു. വേങ്ങര ഗ്രാമപഞ്ചായത്ത് 20152020 കാലഘട്ടത്തിൽ വികസനത്തിന്റ മുഴുവൻ മേഖലയിലും വിപ്ലവം സൃഷ്ടിച്ച് കേരളത്തിലെ മാതൃകാ പഞ്ചായത്തായി ഉയർത്തുന്ന പ്രവർത്തനങ്ങൾക്ക് ശ്രീ.വി.കെ. കുഞ്ഞാലികുട്ടിയുടെ നേതൃത്വത്തിൽ വരും നാളുകൾ സാക്ഷ്യം വഹിക്കും തീർച്ച. ◆

*പറങ്ങോടത്ത് അബ്ദുൽഅസീസ്*
*ചെയർമാൻ*
*'എന്റ ഗ്രാമം സുന്ദരഗ്രാമം പദ്ധതി'*



# കരകുളം ഗ്രാമപഞ്ചായത്ത്

## 2014 – 15ൽ നടപ്പിലാക്കിയ നൂതന പദ്ധതികൾ

കരകുളം ഗ്രാമപഞ്ചായത്ത് തുടർച്ചയായി 3 തവണ ജില്ലയിലെ മികച്ച പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി നേടിയിട്ടുള്ളതാണ്. കരകുളം ഗ്രാമപഞ്ചായത്ത് മററു പഞ്ചായത്തുകൾക്ക് മാതൃയാകുംവിധമുള്ള നൂതന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. 26.5 സ്ക്വയർ കി. മീ. വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുകയും 23 വാർഡുകളായി തിരിച്ചിട്ടുള്ളതുമായ തിരുവനന്തപുരം നഗരസഭയോട് ചേർന്നു കിടക്കുന്ന ഗ്രാമപഞ്ചായത്താണ് കരകുളം ഗ്രാമപഞ്ചായത്ത്. നിർമ്മൽ പുരസ്കാരവും നേടിയിട്ടുണ്ട്.

പഞ്ചായത്ത് ഏറ്റെടുക്കുന്ന വിവിധ പദ്ധതികൾ അതാത് സ്റ്റാന്റിംഗ് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്തതിന് ശേഷമാണ് നിർവ്വഹണത്തിലേയ്ക്ക് കടക്കുന്നത്. പഞ്ചായത്തിന്റെ വികസനത്തിനാധാരമായി ഊന്നിപ്പറയാൻ കഴിയുന്ന കാര്യം മറ്റ്പഞ്ചായത്തുകളിൽ ഇല്ലാത്ത നൂതന പദ്ധതികൾ നടപ്പിലാക്കുന്നു എന്നുള്ളതാണ്.

കരകുളം ഗ്രാമപഞ്ചായത്തിൽ 2014–15 സാമ്പത്തിക വർഷത്തിൽ വികസനഫണ്ട് ജനറൽ വിഭാഗത്തിൽ ലഭിച്ച 23674000 രൂപയിൽ 17466501 രൂപയും 13–ാം ധനകാര്യ കമ്മീഷനിൽ 15153748 രൂപയിൽ12559225 രൂപയും ചെലവഴിക്കപ്പെട്ടു. വികസനഫണ്ട് 100 ശതമാനവും ചെലവഴിക്കാൻ പഞ്ചായത്തിന് സാധിക്കുമായിരുന്നു. എന്നാൽ 2013–14 ൽ 100% നികുതി പിരിച്ചതിന്റെ അടിസ്ഥാനത്തിൽ 3688000 രൂപ സർക്കാരിൽ നിന്നും മാർച്ച് 30 ന് ലഭിച്ചതിനാൽ ആയത് കൂടി ചേർത്ത് പ്രോജക്ട് രൂപികരിക്കേണ്ടി വന്നു. ആയതിനാലാണ് പ്ലാൻഫണ്ട് 74 ശതമാനം ചെലവായി ചുരുങ്ങിയത്.പ്രത്യേക ഘടകപദ്ധതിയും നിർബന്ധിത വകയിരുത്തലുകളും കൃത്യമായും ചെലവഴിക്കപ്പെട്ടു.

ജില്ലയിലെ മൂന്നാമത്തെ ഐ.എസ്.ഒ ഗ്രാമപഞ്ചായത്തായി കരകുളം തെരഞ്ഞെടുക്കപ്പെട്ടു. സേവന ഗുണമേന്മയ്ക്കുള്ള അന്താരാഷ്ട്ര സർട്ടിഫിക്കേഷൻ (ISO 9001-2008) പഞ്ചായത്തിൽനിന്നും ജനങ്ങൾക്ക് ലഭിക്കേണ്ട് സേവനങ്ങൾ യഥാസമയം നൽകുന്നതിനുള്ള നടപടിക്രമങ്ങളും പൊതുജനങ്ങൾ ആഫീസിൽ വരുമ്പോൾ അവർക്ക് ലഭിക്കേണ്ട അടിസ്ഥാനസൗകര്യങ്ങളും ഒരുക്കി, സേവനം ഉടൻ നൽകേണ്ടവ ഉടനെയും, സമയബന്ധിതമായവ യഥാസമയത്തും നൽകിയുമാണ് പഞ്ചായത്ത് ഈ നേട്ടം കൈവരിച്ചത്. വർഷങ്ങളായി അടക്കും ചിട്ടയുമില്ലാതെ കിടന്ന റിക്കാർഡുകൾ വളരെ കൃത്യതയോടെ ക്രമീകരിച്ച് റിക്കാർഡ് റൂം തയ്യാറാക്കിയും സ്റ്റോർ റൂം ക്രമീകരിച്ചും പൊതുജനങ്ങൾക്ക് കുടിവെള്ളം, പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യം ,വാർത്താവിനിമയ സൗകര്യം, വിശാലമായ ഫ്രണ്ട് ആഫീസ് സംവിധാനം





തുടങ്ങി വിപുലമായ രീതിയിലുള്ള പരിഷ്ക്കാരങ്ങളാണ് കരകുളം ഗ്രാമപഞ്ചായത്തിൽ വരുത്തിയിട്ടുള്ളത്. എല്ലാ സെക്ഷനുകളും കമ്പ്യൂട്ടർവൽക്കരിച്ച് എല്ലാ ഫയലുകളും 100% മാതൃഭാഷാ മലയാള ഭാഷാ കാര്യാലയമാക്കി കരകുളത്തെ മാറ്റിയിട്ടുണ്ട്. അപേക്ഷകളും ഹർജികളും മറ്റും മലയാളത്തിൽ സമർപ്പിച്ച് ഭാഷാ സ്നേഹം പ്രകടിപ്പിക്കുന്നതിലൂടെ ശ്രേഷ്ഠ ഭാഷയെന്നുള്ളത് ഉറക്കെ പ്രഖ്യാപിക്കുന്ന ഗ്രാമപഞ്ചായത്താണ് കരകുളം.

വ്യക്തമായ രേഖകളുള്ള അപേക്ഷകളിൻമേൽ താമസ/ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുകളും ജനന/മരണ സർട്ടിഫിക്കറ്റുകളും ബി.പി.എൽ സർട്ടിഫിക്കറ്റുകളും മറ്റ് അടിയന്തിര പ്രാധാന്യമുള്ള സാക്ഷ്യപത്രങ്ങളും അനുമതിപത്രങ്ങളും ഉടൻ നൽകുന്നു എന്നുള്ളതാണ് ഏറ്റവും മുഖ്യമായ സേവനങ്ങൾ. ഇതിൽ മിക്കവയും മിനിറ്റുകൾക്കകം നൽകുന്നു എന്നതും ശ്രദ്ധേയമാണ്.

ലോകബാങ്ക് സഹായത്തോടെയും പഞ്ചായത്ത് ഫണ്ടും ചേർത്ത് പഞ്ചായത്ത് നിർമ്മിച്ച നീന്തൽക്കുളത്തിൽ ഇപ്പോൾ ഏകദേശം 30 ഓളം കുട്ടികൾ നീന്തൽ പരിശീലിക്കുന്നുണ്ട്. വിദഗ്ധരായ കോച്ചുമാരുടെ സഹായത്തോടെയാണ് ഈ പരിശീലനം നടത്തുന്നത്. ഏകദേശം 25 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച ഈ നീന്തൽക്കുളം പഞ്ചായത്തിന്റെ കുട്ടികൾക്ക് ഒരു മുതൽക്കൂട്ടായി മാറിയിരിക്കുകയാണ്.

## സമ്പൂർണ്ണ ഇ-സാക്ഷരതാ

പി.എൻ. പണിക്കർ ഫൗണ്ടേഷന്റെ സഹായത്തോടെ കരകുളം ഗ്രാമപഞ്ചായത്ത് 2014-15 വർഷത്തിൽ പഞ്ചായത്ത് ഫണ്ടും ചേർത്ത് ഇ-സാക്ഷരതാ പ്രവർത്തനങ്ങൾ നടത്തി. ആയതിന്റെ അടിസ്ഥാനത്തിൽ ഭാരതത്തിലെ രണ്ടാമത്തെ ഇ-സാക്ഷരതാ പഞ്ചായത്തായി കരകുളം ഗ്രാമപഞ്ചായത്ത് മാറി.പഞ്ചായത്തിലെ വൃദ്ധരായ ആൾക്കാർക്ക് ഈ പദ്ധതി വളരെയേറെ പ്രയോജനപ്പെട്ടു. ഇ-മെയിൽ അയക്കുന്നതിനും എടുക്കുന്നതിനും ബാങ്ക് ഇടപാടുകൾക്കും ഇ-സാക്ഷരതാ വൃദ്ധരായ ആളുകൾക്ക് ഏറെ സഹായകമായി.

## കുട്ടികളുടെ ഗ്രാമസഭ/കുട്ടികളുടെ പഞ്ചായത്ത്

പഞ്ചായത്ത് രാജിൽ കുട്ടികളെ പങ്കാളികളാക്കുക, കുട്ടികളെ ജനാധിപത്യ പ്രക്രിയയുടെ പ്രാഥമിക പാഠങ്ങൾ ഉൾക്കൊള്ളാൻ അവസരം സൃഷ്ടിക്കുക, കുട്ടികളിൽ സാമൂഹ്യ ബോധവും സർക്ഷവാസനയും വളർത്തി എടുക്കുകയുമാണ് ഈ പദ്ധതിയിലൂടെ ചെയ്തത്. 150-ൽ പരം കുട്ടികൾ ഇതിൽ പങ്കാളികളായി. ഇതിനുവേണ്ടി കുട്ടികൾക്ക് പ്രകൃതി സഹവാസ ക്യാമ്പ്, പഠനയാത്ര, കുട്ടികളുടെ വാർഡ് മെമ്പർ തെരഞ്ഞെടുപ്പ്, കുട്ടികളുടെ പ്രസിഡന്റ് എന്നിവയും പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പഠനപരിശീലനങ്ങൾ എന്നീ പ്രവർത്തനങ്ങളും പ്രസ്തുത പദ്ധതിയിൽ നടത്തിയിരുന്നു.

## ആരോഗ്യപ്രവർത്തക സേനയെ ഉപയോഗിച്ച് സമഗ്ര കൊതുക് ഉറവിട നശീകരണം, കിണർ ക്ലോറിനേഷൻ, കിണറുകളിലേയ്ക്കുള്ള വല കെട്ടൽ:

പ്രകൃതി ജനിതകരോഗങ്ങളും മറ്റ് പകർച്ചവ്യാധികൾ, മഴക്കാല






രോഗങ്ങൾ, ജലജന്യരോഗങ്ങൾ തടയുന്നതിനും, ആരോഗ്യ ബോധവത്കരണ പ്രവർത്തനങ്ങൾ കൂടുതൽ താഴെ തട്ടിൽ എത്തിക്കുന്നതിനായി കരകുളം ഗ്രാമപഞ്ചായത്തിൽ 150 വോളന്റിയർമാരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതും, ഇതിൽ HPT, ആശവർക്കർ, ജൂനിയർ പബ്ലിക്ക് ഹെൽത്ത് നഴ്സുമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ, ഡോക്ടർമാർ, കുടുംബശ്രീ അംഗങ്ങൾ എന്നിവരടങ്ങുന്നതാണ് ഈ ടീം. മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ, മഴക്കാലം കഴിഞ്ഞതിനു ശേഷമുള്ള ആരോഗ്യ പ്രവർത്തനങ്ങൾ എന്നിവ സജീവമായി നടത്തുന്നു. എന്നാൽ കരകുളം ഗ്രാമപഞ്ചായത്തിലെ ആരോഗ്യപ്രവർത്തക സേനയുടെ ശുചീകരണ ബോധവത്കരണ പ്രവർത്തനങ്ങൾ ഭവനങ്ങളിലും, ശുചീകരണത്തിന്റെ ഭാഗമായി മഴക്കാലം തുടങ്ങുന്നതിനുമുമ്പ് തന്നെ ശുചീകരണപ്രവർത്തനങ്ങൾക്ക് ആരോഗ്യപ്രവർത്തക സേന നേതൃത്വം നൽകുന്നു. 5,50,000/- രൂപ വികസനഫണ്ടിൽ നിന്നും വകയിരുത്തുകയും മുഴുവൻ തുകയും ഈ പദ്ധതികൾക്ക് വേണ്ടി ചെലവലഴിക്കുകയും ചെയ്തു.

## വൃദ്ധജനങ്ങളുടെ രോഗനിർണ്ണയവും ഉപകരണവും മരുന്ന് വിതരണവും

കരകുളം ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന വൃദ്ധരായ സ്ത്രീപുരുഷൻമാർക്ക് ആരോഗ്യ പരിശോധന, മരുന്നുകൾ വിതരണം ചെയ്യുക, രോഗനിർണ്ണയം തുടങ്ങിയ പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉള്ളത്. ആഴ്ചയിൽ 3 ദിവസം സ്ത്രീപുരുഷൻമാർക്ക് പ്രത്യേക OP സംവിധാനം ആശുപത്രിയിൽ ഉള്ളതിനാൽ പ്രത്യേക പരിഗണന നൽകുവാൻ കഴിയുന്നു. ഗ്രാമസഭ മുഖാന്തിരവും പഞ്ചായത്തിലെ പൊതുപ്രവർത്തകർ മുഖേനയും, പഞ്ചായത്തിലെ PHC, ആയുർവേദ ഡിസ്പെൻസറി എന്നിവരുടെ സഹായത്താലും കൂടുതൽ ചികിത്സ ആവശ്യമായ പാവപ്പെട്ട വൃദ്ധരായ സ്ത്രീപുരുഷൻമാരെ കണ്ടെത്തി വേണ്ടുന്ന നിർദ്ദേശങ്ങൾ നൽകി ഈ പദ്ധതി മുഖാന്തിരം വൈദ്യ സഹായം നൽകുകയും ചെയ്യുന്നു. വികസനഫണ്ടിൽ നിന്നും 2,00,000/- രൂപ വകയിരുത്തുകയും മുഴുവൻ തുകയും ചെലവഴിക്കുകയും ചെയ്തു.

## പഞ്ചായത്ത് ജാഗ്രതാസമിതി

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് പഞ്ചായത്ത് തലത്തിൽ ലഭ്യമാകുന്ന നിയമസഹായമാണ് പഞ്ചായത്ത് ജാഗ്രതാസമിതി. ഈ പദ്ധതിയിലൂടെ സ്ത്രീകൾക്കും, കുട്ടികൾക്കും, കോടതി ചെലവു ഇല്ലാതാകുന്നു. ഗുണഭോക്താക്കൾക്ക് നിയമ നടപടികൾമൂലം ഉണ്ടാകുന്ന കാലതാമസം, സാമ്പത്തിക ബുദ്ധിമുട്ട്, കോടതി ബുദ്ധിമുട്ട് എന്നിവ ഒഴിവാകുന്നു. ജാഗ്രതാസമിതി അംഗങ്ങളായി, ചെയർമാൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും, കൺവീനർ ICDS സൂപ്പർവൈസറും, അംഗങ്ങളായി വനിത മെമ്പർമാർ, ഗ്രാമപഞ്ചായത്ത് തീരുമാനിച്ച 2 അഡ്വക്കേറ്റുമാർ പൊലീസ് സർക്കിൾ ഇൻസ്പെക്ടർ, രണ്ടു പൊതു പ്രവർത്തകർ എന്നിവരാണ് ജാഗ്രതാസമിതിയിൽ ഉള്ളത്. 2014–15 വർഷത്തിൽ നിരവധി കേസുകൾ ജാഗ്രതാസമിതിയിക്ക് പരാതിയായി ലഭിച്ചു. അതിൽ മിക്ക പരാതികൾക്കും തീർപ്പു കൽപിക്കുകയും



തീർപ്പു കൽപിക്കാത്തവ ജില്ലാ ജാഗ്രതാസമിതിയിക്കും, കോടതികൾക്കും നൽകിയിട്ടുണ്ട്.

## വൃദ്ധർക്ക് പകൽ വീട് (2014–15)

കരകുളം ഗ്രാമപഞ്ചായത്തിൽ മാനസിക സംഘർഷം അനുഭവിച്ചു വരുന്ന വൃദ്ധജനങ്ങളെ കണ്ടെത്തുകയും, മാനസിക പിരിമുറുക്കം കുറക്കുന്നതിനു വേണ്ടിയിട്ടുള്ള പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിലൂടെ നടപ്പാക്കിയിരിക്കുന്നത്. കരകുളം ഗ്രാമപഞ്ചായത്തിലെ ചിറ്റാഴ വാർഡിൽ പ്രവർത്തിക്കുന്ന വൃദ്ധസദനത്തിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

പഞ്ചായത്തിന്റെ പ്രൈമറി ഹെൽത്ത് സെന്ററിൽ നിന്നുള്ള ഒരു നഴ്സും, ഒരു ഹെൽത്ത് ഇൻസ്പെക്ടറും സ്ഥിരമായി ഈ വൃദ്ധസദനത്തിലെ അംഗങ്ങളെ പരിശോധിക്കുകയും, ദിനംപ്രതി, അവരുടെ സ്ഥിതി രേഖപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ PHC ഡോക്ടറുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. ഇവിടത്തെ വൃദ്ധജനങ്ങൾ 10 മണിയോടെ വൃദ്ധസദനത്തിൽ എത്തുകയും, രാവിലെ ലഘു ഭക്ഷണവും, ഉച്ചയ്ക്ക് വിഭവസമൃദ്ധവും, പോഷകാഹാരമുള്ള ഭക്ഷണവും നൽകുന്നു. ഈ ഭക്ഷണം ഡോക്ടറുടെ നിർദ്ദേശപ്രകാരമാണ് നൽകിവരുന്നത്. ഈ ഭക്ഷണം വളരെ ശുചിത്വം ഉറപ്പാക്കിക്കൊണ്ട് ആ വാർഡിലെ കുടുംബശ്രീ യൂണിറ്റ് വഴിയാണ് വൃദ്ധർക്ക് ആഹാരം എത്തിക്കുന്നത്. കൂടാതെ വൃദ്ധരുടെ മാനസിക ഉല്ലാസത്തിന് ചെസ്ബോർഡ്, കാരംസ്, പത്രങ്ങൾ, മാസികകൾ, പല്ലാംകുഴി, തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. വൃദ്ധർക്ക് ആവശ്യമായ ഇരിപ്പിടങ്ങൾ, ചാരുകസേരകൾ, എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. പകൽവീടിന്റെ പ്രവർത്തന സമയം രാവിലെ 10 മുതൽ വൈകുന്നേരം 5 മണി വരെയായി ക്രമീകരിച്ചിരിക്കുന്നു. ഈ പദ്ധതി കരകുളം ഗ്രാമപഞ്ചായത്ത് തുടർന്നും വിജയകരമായി നടത്തി വരുന്നു.

## ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ

കരകുളം ഗ്രാമപഞ്ചായത്തിൽ 2014–15 സാമ്പത്തിക വർഷത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പരിപാലിക്കുന്നതിനും ടി കുട്ടികളെയും സമൂഹത്തിന്റെ മുൻനിരയിൽ കൊണ്ടുവരത്തക്കവിധത്തിലുള്ള പരിശീലനം നൽകുന്നതിനുമായി ഒരു സെന്റർ ആരംഭിച്ചു. കുടുംബശ്രീ മിഷന്റെ സഹായമായ 200000 രൂപയും പഞ്ചായത്ത് വിഹിതമായ 400000 രൂപയും ചേർത്താണ് ടി സെന്റർ തുടങ്ങുന്നതിനാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കിയത്. 14 കുട്ടികളുമായി ആരംഭിച്ച ഈ സെന്റർ മികച്ച രീതിയിൽ പ്രവർത്തിച്ചുവരുന്നു. കുട്ടികളെ വീട്ടിൽ നിന്നും വിളിച്ചുകൊണ്ടു വരുന്നതിനും വീട്ടിൽ കൊണ്ട് വിടുന്നതിനും വാഹനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## യു.പി. സ്കൂളുകളിലെ കുട്ടികൾക്ക് കൗൺസിലിംഗ്:

യു.പി. സ്കൂളുകളിലെ കൗമാരപ്രായക്കാരായ സ്കൂൾ കുട്ടികളുടെ ശാരീരിക മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും കരുത്തുറ്റ പൗരന്മാരാക്കി മാറ്റുന്നതിനുമുള്ള പദ്ധതിയാണിത്. ടി പദ്ധതി ഈ പഞ്ചായത്തിൽ വിജയകരമായി നടപ്പിലാക്കി വരുന്നു.

## ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന പത്താംക്ലാസ്സ് ജയിച്ച കുട്ടികൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകൽ

പഞ്ചായത്തിലെ അന്ധരായ കുട്ടികൾക്കും മറ്റ് വൈകല്യങ്ങൾ നേരിടുന്നതും പത്താംക്ലാസ്സ് ജയിച്ചതുമായി കുട്ടികൾക്ക് കമ്പ്യൂട്ടർ വാങ്ങി നൽകി. അന്ധർക്കുള്ള കമ്പ്യൂട്ടറുകളിൽ ബ്ലൈൻഡ് ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ 'ടോക്കിംഗ് സോഫ്റ്റ് വെയർ' സ്ഥാപിച്ചു നൽകി.

## പ്രൊഫഷണൽ കോഴ്സുകൾക്കും പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾക്കും പഠിക്കുന്ന എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകൽ

2014–15 വർഷത്തിൽ പ്രൊഫഷണൽകോഴ്സുകൾക്കും പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾക്കും പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളിൽ ഉന്നത പഠനനിലവാരം പുലർത്തുന്ന കുട്ടികൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകി.

## ഗാർഹിക ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ:

വീടുകളിലെ മാലിന്യം കുറയ്ക്കുന്നതിനും കുറഞ്ഞ ചെലവിൽ ഇന്ധനമുല്പാദിപ്പിച്ച് പാചകം ചെയ്യുന്നതിനും ഉദ്ദേശിച്ചുള്ള പ്രോജക്ടാണിത്. കരകുളം ഗ്രാമപഞ്ചായത്തിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും ജനറൽ വിഭാഗത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തെരഞ്ഞെടുക്കപ്പെട്ട ആളുകൾക്കും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു നൽകി. കഴിഞ്ഞ രണ്ടു വർഷമായി ഏകദേശം 600–ഓളം കുടുംബങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചു നൽകി. ◆

# 100 പഞ്ചായത്തുകൾ മാർച്ച് 31–ന് മുമ്പ് സമ്പൂർണ ഇ–സാക്ഷരത നേടും മന്ത്രി ഡോ. എം.കെ. മുനീർ




മാർച്ച് 31–നുള്ളിൽ 14 ജില്ലകളിലെ 100 പഞ്ചായത്തുകളിലുള്ള എല്ലാവരേയും ഇ–സാക്ഷരരാക്കി, സമ്പൂർണ ഡിജിറ്റൽ സാക്ഷരത പഞ്ചായത്തുകളാക്കി മാറുമെന്ന് പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ പറയുകയുണ്ടായി.

പഞ്ചായത്ത്–ഐറ്റി–വിദ്യാഭ്യാസ വകുപ്പുകളുടേയും കേന്ദ്ര ഐറ്റി മന്ത്രാലയത്തിന്റെയും പങ്കാളിത്തത്തിൽ പി.എൻ. പണിക്കർ ഫൗണ്ടേഷൻ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സമ്പൂർണ ഇ–സാക്ഷരത പദ്ധതിയുടെ അവലോകനവും പദ്ധതിയുടെ പ്രശ്നങ്ങളും പരിഹാരങ്ങളും ചർച്ച ചെയ്യുന്നതിനായി സംഘടിപ്പിച്ച 'ഗ്രാമസഭ ശാക്തീകരണവും ഇ–സാക്ഷരതയും' എന്ന ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇ–സാക്ഷരത കാലഘട്ടത്തിന്റെ ആവശ്യമാണെന്നും ഇതിലൂടെയുള്ള ശാക്തീകരണം ഗ്രാമസഭകളുടയും പഞ്ചായത്തുകളുടെയും പ്രവർത്തനം സുതാര്യവും ജനോപകാര പ്രദവുമാക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി.

മുൻ എം. പി. പന്ന്യൻ രവീന്ദ്രന്റെ അധ്യക്ഷതയിൽകൂടിയ യോഗത്തിൽ തദ്ദേശ സ്വയംഭണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ജെയിംസ് വർഗ്ഗീസ് മുഖ്യപ്രഭാഷണം നടത്തി. ഭാരത സർക്കാരിന്റെ സിഎസ്സി ഇ–ഗവേണൺസ് വൈസ് പ്രസിഡന്റ് ഡോ. വിഘ്നേഷ് സ്വർണമോഹൻ, കില ഡയറക്ടർ പി.പി. ബാലൻ, ഇന്റൽ ഡിജിറ്റൽ ഇൻക്ലൂഷൻ നാഷണൽ പ്രോഗ്രാം മാനേജർ പ്രഗ്യ സിൻഹ, പി.എൻ. പണിക്കർ ഫൗണ്ടേഷൻ വൈസ് ചെയർമാൻ എൻ. ബാലഗോപാൽ, ഡോ. കമലാസനൻപിള്ള, എം.പി. ലോകനാഥ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡ.യറക്ടർ കെ. അർജുൻ എന്നിവർ സംസാരിച്ചു. 100 പഞ്ചായത്ത് പ്രസിഡന്റുമാരും സെക്രട്ടറിമാരും പങ്കെടുത്ത ശില്പശാലയോടനുബന്ധിച്ച് സുതാര്യ പഞ്ചായത്ത് സംവിധാനത്തിന് നേതൃത്വം നൽകിയതിന് കോമൺവെൽത്ത് പുരസ്ക്കാരം നേടിയ മന്ത്രി ഡോ. എം.കെ. മുനീറിന് പന്ന്യൻ രവീന്ദ്രൻ പൊന്നാടയണിച്ച് ആദരിച്ചു. ◆

# വാർത്തകളും വിശേഷങ്ങളും

# പഞ്ചായത്ത് ദിനാഘോഷം - 2016

ഈ വർഷത്തെ പഞ്ചായത്ത് ദിനാഘോഷം എറണാകുളം ജില്ലയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. 2016 ഫെബ്രുവരി 19, 20 തീയതികളിലായി എറണാകുളം കറുകുറ്റി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ വച്ചാണ് ആഘോഷം നടക്കുക. കേരള മുഖ്യമന്ത്രി ഉമ്മൻചാണ്ടി, പഞ്ചായത്ത് സാമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ, ഗ്രാമവികസന വകുപ്പ് മന്ത്രി കെ.സി.ജോസഫ് തുടങ്ങി കേരളത്തിലെ രാഷ്ട്രീയ, സാംസ്കാരിക, അക്കാഡമിക് മേഖലയിലെ പ്രമുഖർ പങ്കെടുക്കും.

പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് കഴിഞ്ഞ വർഷത്തെ മികച്ച തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള സ്വരാജ് ട്രോഫികൾ, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ മികച്ച പ്രകടനം നടത്തിയ ഗ്രാമപഞ്ചായത്തുകൾക്കുള്ള മഹാത്മ പുരസ്ക്കാരങ്ങൾ എന്നിവ വിതരണം ചെയ്യുന്നു. പഞ്ചായത്ത് ദിനാഘോഷവുമായി ബന്ധപ്പെട്ട് വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സെമിനാറുകളും ചർച്ചകളും നടക്കും; വിവിധ കലാപരിപാടികളും അരങ്ങേറും. ആഘോഷപരിപാടികൾക്ക് മിഴിവേകാൻ വിവിധ വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു സുവനീറും പ്രസിദ്ധീകരിക്കുന്നുണ്ട്.

# പഞ്ചായത്ത് രാജ് മാഗസിനിൽ ചില പുതിയ പംക്തികൾ ആരംഭിക്കുന്നു

### 1. വികസന അനുഭവങ്ങൾ

ഒരു തദ്ദേശ ഭരണ സ്ഥാപനത്തിൽ ഒരു മാതൃകാപദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി ഉദ്യോഗസ്ഥരോ, ജനപ്രതിനിധിയോ നടത്തിയ ശ്രമങ്ങൾ, അത് വിജയിപ്പിക്കുവാൻ സ്വീകരിച്ച രീതി ശാസ്ത്രം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ള അനുഭവകുറിപ്പ്. മറ്റ് സ്ഥാപനങ്ങൾക്ക് ഉൾകൊള്ളാനും ഏറ്റെടുത്ത് നടത്തുന്നതിനും സാധിക്കുന്ന വിധത്തിലായിരിക്കണം എഴുതേണ്ടത്. ഇത്തരത്തിലുള്ള ലേഖനങ്ങളിൽ നിന്നും തിരഞ്ഞെടുത്തവ പ്രസിദ്ധീകരിക്കുന്നതാണ് ലേഖനങ്ങൾ prmdp2015@gmail.com എന്ന വിലാസത്തിൽ വേർഡ് ഫോമിൽ അയച്ച് നൽകേണ്ടതാണ്. ലേഖകന്റെ പേര്, ഇപ്പോഴത്തെ സ്ഥാനം, വിലാസം, ഫോൺ നമ്പർ എന്നിവ ചേർത്ത് അയക്കേണ്ടതാണ്.


### 2. എഡിറ്റർക്കുള്ള കത്തുകൾ

പഞ്ചായത്ത് രാജ് മാഗസിനെപ്പറ്റിയുള്ള അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും എഴുതി അയക്കേണ്ടതാണ്. ഇവയിൽ നിന്നും തിരഞ്ഞെടുത്തവ മാഗസിനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

കത്തുകൾ prmdp2015@gmail.com എന്ന ഇ-മെയിലിലേയ്ക്കോ, എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക, പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ., തിരുവനന്തപുരം - 695033 എന്ന വിലാസത്തിലേക്കോ അയക്കേണ്ടതാണ്. കത്തുകൾ അയക്കുന്ന ആളിന്റെ പേരും, മേൽവിലാസവും, ഫോൺ നമ്പറും ചേർത്ത് അയക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by C.A. Latha IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram




# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYATRAJ** (Monthly) **January 2016**
Annual Subscription ₹120/-, Published on 20th **January 2016**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**




Printed & Published by C.A. Latha IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: C.A. Latha IAS